# കാർമ്മൽ

ഏപ്രിൽ 1962 ത്രൈമാസികം



CARMEL QUARTERLY

APRIL 1962

## മാന്യവരിക്കാരുടെ ശ്രദ്ധയ്ക്ക്

കാർമ്മലിൻെറ വരിപ്പണം കുടിശികയുൾപ്പെടെ അയച്ചുതന്നും, സംഭാവന നൽകിയും സഹായിച്ചിട്ടുള്ള എല്ലാവർക്കും ഹൃദയപൂർവ്വം നന്ദിപറയുന്നു. നോട്ടീസുകിട്ടിയിട്ടുണ്ടെങ്കിലും, ഇല്ലെങ്കിലും, ബാക്കിയുള്ളവരും വരിപ്പണം ദയവായി അയയ്ക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

മാനേജർ "കാർമ്മൽ"
സെൻറ് ജോസഫ്സ് പ്രസ്സ്
തിരുവനന്തപുരം-1

വഷം 15 പു. 15 | ഏപ്രിൽ 1962 | ലക്കം 2

# വീണ്ടും ആ ചോദ്യചിഹ്നം

കേരളത്തിൽ പാർലമെൻററി സീററുകളിലേക്കുള്ള തിരഞ്ഞെടുപ്പ് കഴിഞ്ഞിരിക്കുന്നു. കൂടുതൽ ആഹ്ളാദിക്കുവാൻ വക കിട്ടുമെന്നാശിച്ചിരുന്ന ജനാധിപത്യകക്ഷിക്കാരുടെ മുഖത്തെ മ്ളാനത ഇനിയും നീങ്ങിയിട്ടില്ല. എങ്ങനെ നീങ്ങാനാണ്? നാമെങ്ങോട്ടെന്നവർ അന്യോന്യം ചോദിച്ചുപോകുന്നു.

വളരെ വാഗ്വാദത്തിന്റെയും വഴക്കിന്റെയും ശേഷമായിരുന്നു കോൺഗ്രസ് പി. എസ്.പി. ഐക്യകക്ഷി ഒരു പരസ്പരധാരണയിലെത്തി സീററുകൾ വിഭജിച്ചത്. 14 സീററുകൾ കോൺഗ്രസ്സിനും നാലെണ്ണം പി. എസ്. പി-ക്കും എന്ന് കണക്കുകൂട്ടി ആകെത്തുക ശരിപ്പെടുത്തിയതിനു ശേഷം അന്യോന്യം സഹായിക്കണമെന്ന കരാറിൽ തിരഞ്ഞെടുപ്പു പ്രചരണം ആരംഭിച്ചു. ഒത്തുതീർപ്പിന്റേയും വാഗ്ദാനങ്ങളുടെയുമെല്ലാം അർത്ഥം അന്യോന്യം ഉപദ്രവിക്കരുതെന്നു മാത്രമേയുള്ളു എന്ന് എല്ലാവർക്കുമറിയാമായിരുന്നു. ചൂടില്ലാത്ത പ്രചരണത്തിന്റെയും ആത്മാർത്ഥതയില്ലാത്ത സഹകരണത്തിന്റെയും അടിയൊഴുക്കുകൾ പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായിട്ട് ഉപദ്രവകരങ്ങളായിരുന്നു എന്ന് സൂക്ഷ്മ നിരീക്ഷകർക്ക് ഗ്രഹിക്കുവാൻ സാധിച്ചിട്ടുണ്ട്. ജനാധിപത്യവിരുദ്ധകക്ഷിയുടെ കുപ്രചരണയന്ത്രത്തിന്റെ ശക്തിമത്തായ മുന്നേററത്തെ തടഞ്ഞു നിറുത്തുന്നതിന് ഒത്തുതീർപ്പൊന്നും മതിയാവില്ല. ഏകോപിച്ചുള്ള ബുദ്ധിപൂർവകമായ പ്രവർത്തനമാണത്യാവശ്യം. വലതുപക്ഷത്തിന്റെ ഒരു വോട്ടുപോലും നഷ്ടപ്പെടാതെ വോട്ടു ചെയ്യിക്കുന്നതിനു ബന്ധപ്പെട്ട കക്ഷികൾ പരിശ്രമിച്ചിരുന്നെങ്കിൽ കൂടുതൽ സീററുകൾ കരസ്ഥമാക്കാമായിരുന്നു. ശരാശരി 65 ശതമാനം വോട്ടർമാർമാത്രമേ തങ്ങളുടെ സമ്മതിദായകാവകാശം ഉപയോഗിച്ചുള്ളു എന്നു പറയപ്പെടുന്നു. ബാക്കിയുള്ള 35 ശതമാനം വോട്ടുകളിൽ ഭൂരിപക്ഷവും ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരുടെയും ദൈവവിശ്വാസികളുടെയുമാണെന്ന് അനുമാനിക്കുന്നതിൽ തെററില്ല. കമ്മ്യൂണിസ്ററുകാരുടെ വോട്ടുകൾ ഒന്നെങ്കിലും നഷ്ടപ്പെട്ടുമെന്ന് വിചാരിക്കുവാൻ അവരുടെ പ്രചരണ വിദഗ്ദ്ധതയും കൌശലബുദ്ധിയും അനുവദിക്കുന്നുമില്ല. അവർക്കെതിരായിവോട്ടു ചെയ്യുമെന്ന് അവർ ഊഹിക്കുന്നവരുടെ പേരുകൾ വോട്ടേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്താതിരിക്കുവാൻ അവർ ഉപയോഗിക്കുന്ന അടവുകൾ പലർക്കും അജ്ഞാതങ്ങളാണ്. പേരെടുക്കാൻ വരുന്നവർ അവരുടെ അനുഭാവികളെല്ലെങ്കിൽ പോലും, ചില വീടുകൾ വിട്ടൊഴിയാൻ അവരെ പ്രേരിപ്പിക്കുക, പേരെഴുതിക്കൊണ്ടുപോയതിന്റെ ശേഷവും പേരു നൽകിയവർ അവിടെ സ്ഥിരതാമസക്കാരല്ലെന്ന് ആക്ഷേപം ബോധിപ്പിക്കുക, പേരുകൾ അച്ചടിക്കുമ്പോൾ ചിലതെ

**കവർ ചിത്രം**

രണ്ടാം കൊല്ലം ലത്തീൻ പഠനം ആരംഭിക്കുവാൻ പോകുന്ന ഞങ്ങളുടെ അർത്ഥികൾ. പെ. ബ. പ്രൊവീൻഷ്യലിനോട്ടും പ്രയറിനോട്ടും കൂടി (തക്കല)

ല്ലാം വിട്ടുപോകാനിടവരുത്തുക, അച്ചടിക്കുന്നവയിൽ അക്ഷരങ്ങളും വയസ്സും തെററിച്ചിടുക, യഥാർത്ഥ വോട്ടവകാശമുള്ളവർ ചെല്ലുന്നതിനുമുമ്പ് മറെറാരുവനേക്കൊണ്ട് വോട്ടു ചെയ്യിക്കുക മുതലായവ കമ്മ്യൂണിസ്റ്റ് തന്ത്രത്തിൻെറ കുറെ മകുടോദാഹരണങ്ങൾ മാത്രമാണ്. ഇന്നത്തെ ജനായത്തഭരണവ്യവസ്ഥിതിയിൽ വോട്ടിനുള്ള പ്രാധാന്യം പരിഗണിച്ചാൽ, കമ്മ്യൂണിസത്തെ എതിർക്കുന്നവരുടെ ഒരു വോട്ടും നഷ്ടപ്പെടാതെ അവരുടെ പേരുകൾ സമ്മതിദായകരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും വോട്ടുചെയ്യുന്നതിനു് അവരെ ബൂത്തുകളിലേയ്ക്കു് ആനയിക്കുന്നതിനും പരിശ്രമിക്കുന്നതു് ഒരുത്തമകത്തോലിക്കാപ്രവർത്തനമാകുന്നു. ഇതൊന്നും നാം വേണ്ടത്ര ചെയ്യാത്തതുകൊണ്ടാണ് കമ്മ്യൂണിസം തലപൊക്കിവരുന്നതു്.

വിമോചനസമരത്തെ തുടർന്നുണ്ടായ വിജയഭേരിയുടെ കാലത്തു് നാം വിചാരിച്ചു, തല്ലിപ്പുറത്താക്കിയ കമ്മ്യൂണിസ്ററുകാർ ഇനിയൊരിക്കലും അകത്തുപ്രവേശിക്കുകയില്ലെന്നു്. അടികൊണ്ട മൂർഖൻപാമ്പിനെപ്പോലെ പ്രതികാരേച്ഛയോടുകൂടി, പത്തിയടക്കി അവർ ഒളിച്ചിരിക്കുകമാത്രമായിരുന്നെന്നു് ഈ തിരഞ്ഞെടുപ്പ് വ്യക്തമാക്കിയിരിക്കുന്നു. 18 പാർലമെൻററി സീററുകളിൽ ആറെണ്ണം അവർ തനിച്ചും, നാലെണ്ണം അവരുടെ കയ്യാളന്മാരും പകുതി ചുവപ്പന്മാരുമായ സ്വതന്ത്രരും കരസ്ഥമാക്കിയിരിക്കുന്നതിൻെറ അർത്ഥം കമ്മ്യൂണിസ്ററുകാരുടെ ശക്തി ഒട്ടും കുറഞ്ഞിട്ടില്ലെന്നല്ലേ? കഴിഞ്ഞ തവണയുടെത്തെ തിരഞ്ഞെടുപ്പിലെന്നപോലെ, പതിനെട്ടിൽ ആറു സീററുമാത്രമേ കോൺഗ്രസ്സുകാർക്കു് കിട്ടിയിട്ടുള്ളു. കമ്മ്യൂണിസ്ററുകാർ നിരാശരായി നിലംപതിച്ചു എന്നു് നാം വിചാരിച്ചുകൊണ്ടിരുന്ന ഈയവസരത്തിൽ അവർക്കിത്രമാത്രം സീററുകൾ ലഭിച്ചെങ്കിൽ, അസംബ്ളിയിലേക്കുള്ള നമ്മുടെ അടുത്ത തിരഞ്ഞെടുപ്പുവരുന്നസമയത്തു് അവർ എത്രയെണ്ണം കരസ്ഥമാക്കും. ഇന്നത്തെ തോതിലാണ് കോൺഗ്രസ്സുകാരുടെ അന്നത്തെ വിജയമെങ്കിൽ, നമ്മുടെ കേരളത്തിൻെറ ഭരണം വീണ്ടും കമ്മ്യൂണിസ്ററുകാരുടെ കരങ്ങളിലമരുന്നതാണ്.

എന്താണ് ചെയ്യുക?

കമ്മ്യൂണിസത്തിനെതിരായുള്ള എല്ലാ രാഷ്ട്രീയ സാമൂഹ്യപ്രവർത്തനങ്ങളും തുടർന്നുകൊള്ളട്ടെ. അത്യാവശ്യമാണ്. അവരുടെ ശക്തിയെ യഥാർത്ഥത്തിൽ വർദ്ധിപ്പിക്കുന്ന എല്ലാ സംരംഭങ്ങളിൽനിന്നും ജനാധിപത്യവിശ്വാസികളും നയവൈകല്യങ്ങളിൽ നിന്നു് ഭരണമേധാവിത്വവും വിരമിക്കണം. ഇതും ഒഴിച്ചുകൂടാത്ത ഒരാവശ്യമാണ് എന്നാൽ ഇതുകൊണ്ടൊന്നും കമ്മ്യൂണിസ്ററു വിഷവൃക്ഷം കേരളത്തിൻെറ വളക്കൂറുള്ള മണ്ണിൽ താഴ്ത്തിയിരിക്കുന്ന വേരുകൾ പറിച്ചെറിയപ്പെടുകയില്ല അതിനു് സ്വർഗ്ഗീയോപാധികൾതന്നെ വേണ്ടിയിരിക്കുന്നു എന്നാണ് പ. കന്യക പറഞ്ഞിരിക്കുന്നതു്.

കമ്മ്യൂണിസം റഷ്യയിൽ ആവിർഭവിക്കുന്നതിനു വളരെക്കൊല്ലങ്ങൾക്കു മുമ്പുതന്നെ പ. ക. ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടു് ഭാവിയിലെ അതിൻെറ ആപല്ക്കരമായ പ്രചാരത്തെപ്പററി മുന്നറിയിപ്പു നല്കുകയും അതിനെ തടഞ്ഞു നിറുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ടു്. അവ പ്രാർത്ഥന, പ്രായശ്ചിത്തം, ശുദ്ധജീവിതം നയിച്ചുകൊണ്ടു് പ. കന്യകയുടെ വിമല ഹൃദയത്തോടുള്ള യഥാർത്ഥഭക്തി ഇവയാകുന്നു. തൻെറ ഈ ഉപദേശം മനുഷ്യർ സ്വീകരിച്ചനുഷ്ഠിക്കുകയില്ലെങ്കിൽ, കമ്മ്യൂണിസം ലോകം മുഴുവനിലും വ്യാപിച്ചു് ലോകജനതയെ ഒന്നിനു പിറകെ ഒന്നായി അതിൻെറ പിടിയിലമർത്തുമെന്നും മാതാവു് അറിയിച്ചിരുന്നു. കമ്മ്യൂണിസത്തിൻെറ ശക്തി എവിടെയും വർദ്ധിക്കുന്നതല്ലാതെ ഒരിടത്തും കുറയുന്നതായി നാം കാണുന്നില്ല. അതിൽനിന്നനുമാനിക്കേണ്ടതു് പ. കന്യകയുടെ ഉപദേശം ഇതുവരെ മനുഷ്യർ വേണ്ടത്ര പ്രവൃത്തിയിലാക്കിയിട്ടില്ലന്നല്ലേ?

ആരാണിതു നിർവ്വഹിക്കേണ്ടതു്?

കേരളത്തിലെ വിമോചനസമരകാലത്തു് നാം തീക്ഷ്ണമായി പ്രാർത്ഥിച്ചു. ദൈവം തൻെറ കാരുണ്യാധിക്യത്താൽ നമ്മുടെ പ്രാർത്ഥന ശ്രവിച്ചു. പ. കന്യകയുടെ ശക്തിമത്തായ മാദ്ധ്യസ്ഥത്തിൻെറ ദൃശ്യഫലമെന്നോണം വിരുദ്ധ ചേരികളിൽ നിന്നവരെല്ലാം കയ്യോടു കയ്യ് കോർത്തുപിടിച്ചു് സുധീരം പോരാടി. നമുക്കു വിജയം ലഭിച്ചു. ഇന്നു് ആ പ്രാർത്ഥനയുടെ ചൂടെല്ലാം ആറിത്തണുത്തുപോയിരിക്കുന്നു. പ്രാർത്ഥന, പ്രായശ്ചിത്തം മുതലായ സ്വർഗ്ഗീയോപാധികളുടെ ശക്തിയിൽ വിശ്വസിക്കുന്ന നാം ആ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നില്ലെങ്കിൽ പിന്നെ ആരാണ് അവ ഉപയോഗിക്കുവാൻ പോകുന്നതു്?

ആകർഷണീയമായ രാഷ്ട്രീയ ചുവപ്പ് മേലങ്കി ധരിച്ചിരിക്കുന്ന ഏറ്റവുംആധുനികമായ യഥാർത്ഥ പാഷണ്ഡമതമത്രേ കമ്മ്യൂണിസം. പണ്ടുകാലങ്ങളിൽ സത്യമതത്തെ എതിർത്ത മതങ്ങളെ പാഷണ്ഡമതങ്ങൾ എന്നുവിളിച്ചിരുന്നു. എന്നാൽ കമ്മ്യൂണിസത്തിന്റെ ഒരു സവിശേഷത അതു് എല്ലാമതങ്ങളെയും എതിർക്കുന്നു എന്നുള്ളതാണ്. അതിനാൽ വാസ്തവത്തിൽ അതു് ഒരു സർവ്വപാഷണ്ഡമതമത്രേ. ഏതു പാഷണ്ഡ മതവും ദൈവത്തിന്റെയുംനമ്മുടെയും പരമശത്രുവായ പിശാച്ആത്മാക്കളെ നശിപ്പിക്കുന്നതിനുപയോഗിക്കുന്ന ഒരുപകരണമല്ലാതെ മറ്റൊന്നുമല്ല. അതിനാൽ കമ്മ്യൂണിസത്തിനെതിരായുള്ള നമ്മുടെ സമരം, യഥാർത്ഥത്തിൽ നമ്മുടെ ആത്മശത്രുവായ പിശാചിനെതിരായുള്ള സമരം തന്നെയാണ്. നാരകീയശക്തിയോടുള്ള അദൃശ്യമായ ഈ പോരാട്ടത്തിൽ വിജയം കൈവരിക്കണമെങ്കിൽ, നാം സ്വർഗ്ഗീയായുധങ്ങൾ ധരിച്ചിരിക്കണം. അവ പ്രാർത്ഥന, ത്യാഗം, ശുദ്ധജീവിതം ഇവയാണെന്ന് നരകസർപ്പത്തിന്റെ തല തകർത്ത സ്വർഗ്ഗീയനാഥ ചൂണ്ടിക്കാണിക്കുകയും അവയെടുത്തു് തന്റെ സംരക്ഷണത്തിൻകീഴുപയോഗിക്കുവാൻ നമ്മെ ഉപദേശിക്കുകയും ചെയ്യുന്നു.

ലോകജനസംഖ്യയിൽ അകത്തോലിക്കരായി ജീവിക്കുന്ന 215 കോടിയിലധികം ജനങ്ങളും മാതാവിന്റെ ഈ ആഹ്വാനത്തെ ശ്രവിക്കുകയില്ല. ബാക്കി വരുന്ന 52 കോടി കത്തോലിക്കരിൽ ആദ്ധ്യാത്മികവും അതിസ്വാഭാവികവുമായ തത്വങ്ങൾക്ക് പ്രായോഗിക ജീവിതത്തിൽ ഒരു വിലയും കല്പിക്കാതെ, വെറും ലോകായതികതത്വത്തിലാണ്ടു ജീവിക്കുന്നവരെ ഒഴിച്ചാൽ പ. കന്യകയുടെ ആഹ്വാനം ശ്രവിക്കുന്നവർ എത്ര ചുരുക്കം! കുറഞ്ഞപക്ഷം ദൈവസേവനത്തിനു പ്രത്യേകവിധം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന വൈദികർ, സന്യാസികൾ, സന്യാസിനികൾ ഇവരും വിവിധ ഭക്തസംഘടനകളിൽ ചേർന്നോ, ചേരാതെയോ, ഉറച്ച ഭക്തജീവിതം നയിക്കുന്നതിനുള്ള മാർഗ്ഗങ്ങളും സന്ദർഭങ്ങളും സുലഭമായിലഭിക്കുന്നവരും മാതാവിന്റെ ഈ ഉപദേശം താല്പര്യത്തോടുകൂടി സ്വീകരിച്ചനുഷ്ഠിക്കേണ്ടതല്ലേ? തിന്മയുടെ ശക്തിയെ വിജയപൂർവം തടഞ്ഞു നിറുത്തുന്നതിനുള്ള ഏകമാർഗ്ഗം അതാണ്. മിശിഹായുടെ കരങ്ങൾക്ക് ശക്തി കൂട്ടുന്നതു് നമ്മുടെ ഈ സഹകരണമത്രേ. അവിടുന്ന് സർവ്വശക്തനല്ലായ്ഞ്ഞിട്ടല്ല. മനുഷ്യവംശത്തിന്റെ രക്ഷയ്ക്കു് ദൈവം നിശ്ചയിച്ചിരിക്കുന്ന ഒരു വ്യവസ്ഥയാണ് അതിലുള്ള നമ്മുടെ ഭാഗഭാഗിത്വം.

അതിനാൽ കലർപ്പില്ലാത്ത ഒരാദ്ധ്യാത്മികജീവിതം, ദൈവസേവനത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നവരുടെ ഇന്നത്തെ പ്രധാന ലക്ഷണമായിരിക്കണം. പ്രാർത്ഥനയിലും, ആത്മപരിത്യാഗത്തിലും, ജീവിതവിശുദ്ധിയിലും അടിയുറച്ച യഥാർത്ഥ ആന്തരികജീവിതത്തിന്റെ അമാനുഷികശക്തിയില്ലാതെ, നാൾക്കുനാൾ അധഃപതിക്കുന്ന നമ്മുടെ ചുറ്റുമുള്ള ജനങ്ങളുടെ ധാർമ്മികനിലവാരം താങ്ങിനിറുത്തുന്നതിനോ കുറച്ചുകൂടി ഉയർത്തുന്നതിനോ നമുക്കൊരിക്കലും സാധിക്കുകയില്ല. മതേതരത്വത്തിന്റെ മറപിടിച്ചു്, ഇന്നത്തെ രാഷ്ട്രീയ സാമൂഹ്യസമ്പർക്കങ്ങളിലൂടെയും, മുദ്രാലയം, നാടകശാല, സിനിമാ, റേഡിയോ,, പത്രമാസികകൾ, ചുവരെഴുത്തു് മുതലായവ വഴിയും സത്യവിശ്വാസികളുടെ ഹൃദയങ്ങളിലേയ്ക്കു ക്രമശഃ നുഴഞ്ഞുകയറുന്ന യഥാർത്ഥ നിർമ്മതത്വത്തെ ചെറുത്തുനിറുത്തുന്നതിൽ അഗാധമായ ആദ്ധ്യാത്മികതയേ വിജയം കൈവരിക്കുകയുള്ളൂ. അതിനാൽ കത്തോലിക്കാസഭയ്ക്കും നമ്മുടെ മാതൃരാജ്യത്തിനും എന്നത്തേക്കാൾ കൂടുതൽ ഇന്നു വിശുദ്ധാത്മാക്കളേയാണ് ആവശ്യം.

---

"നാം എത്ര നന്നാകുന്നുവോ, അത്രയ്ക്കു നമ്മുടെ ചുറ്റുമുള്ള ആളുകളും നന്നാകും." Rev· Ignaz Watterott, O· M· I·

"നന്നായി ചെയ്യുന്ന കാര്യങ്ങളിൽ കാണിക്കുന്ന അഹംഭാവത്തെക്കാൾ ദൈവത്തിനു കൂടുതൽ ഇഷ്ടമായിട്ടുള്ളതു് മോശമായി ചെയ്യുന്ന കാര്യങ്ങളിലുള്ള വിനയമാകുന്നു," വി. അഗസ്റ്റീൻ.

"അധരത്തിന്റേതിനേക്കാൾ ആത്മാവിന്റെ ജോലിയാണ് പ്രസംഗം; എന്തെന്നാൽ അതിന്റെ മുഴുവൻ ശക്തിയും ഫലവും ആന്തരികചൈതന്യത്തിൽ നിന്നാണ് വരുന്നതു്."

(കുരിശിന്റെ വി. യോഹന്നാൻ.)

# തുറന്ന പുസ്തകം

(ഫാ. ലൂക്കാസ് ഒ. സി. ഡി.)

ഒരു തുറന്ന പുസ്തകം "കാൽവരി പ്രസ്സി"ൽ നിന്നു പ്രഥമ ദുഃഖവെള്ളിയാഴ്ച പ്രസിദ്ധീകൃതമായി. വിശുദ്ധവാരത്തിൽ ക്രൈസ്തവലോകം അതാവർത്തിച്ചാവർത്തിച്ചു വായിക്കുകയാണ്. അതിന്റെ പ്രത്യേകതകളും ഉള്ളടക്കവും വായിക്കുന്നവരെ വിസ്മയിപ്പിക്കുന്നു. എത്ര വായിച്ചാലും ചിന്തിച്ചാലും അതിന്റെ ഉള്ളടക്കം പൂർണ്ണമായി ഗ്രഹിക്കുവാൻ മനുഷ്യന്റെ ചേതനയ്ക്കു ശേഷിയില്ലെന്നു ഇരുപതു നൂറ്റാണ്ടത്തെ അനുഭവം തെളിയിക്കുന്നു.

ഈ പുസ്തകത്തിന്റെ പ്രത്യേകത അതു മുഴുവൻ ഒരു പ്രത്യേകതയാണെന്നുള്ളതാണ്. അതിനു് ഒരു വശവും ഒരു വചസ്സും മാത്രം. *"മരത്താളിൽ"* അടിച്ചിരിക്കുന്ന ഒരു *"വാക്കു്"* അഥവാ *"വചനം"* അതായതു് മാംസമെടുത്ത *ദൈവ വചനം*, അതാണതിന്റെ ഉള്ളടക്കം. റോമൻ ഗവർണ്ണർ പീലാത്തോസു് അതിനൊരവതാരികയെഴുതിക്കൊടുത്തു. "യഹൂദന്മാരുടെ രാജാവു്, നസ്രായൻ യേശു" എന്ന നാലുവാക്കുകൾ. യഹൂദന്മാർക്കതു രസിച്ചില്ല. പക്ഷേ, പീലാത്തോസു് "എഴുതിയതു് എഴുതി", ഗ്രീക്കിലും, ലത്തീനിലും, ഹീബ്രുവിലും അതു പരസ്യം ചെയ്തു. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഹിതാനുസരണം പരിശുദ്ധാത്മാവിന്റെ മേൽനോട്ടത്തിൽ കാൽവരിപ്രസ്സിൽ അടിച്ച ഈ പുസ്തകം പലരും വായിച്ചു. നല്ല കള്ളനും, ശതാധിപനും അതാദ്യം വായിച്ചു് അഭിപ്രായം രേഖപ്പെടുത്തിയവരാണ്. കത്തോലിക്കാ തിരുസഭയ്ക്കാണ് പുസ്തകത്തിന്റെ പകർപ്പവകാശം. ഇന്നു പ്രചാരത്തിലിരിക്കുന്ന പ്രതികൾക്കു കണക്കില്ല. ഒരു ചെറിയ കോപ്പിയെങ്കിലും കൈവശം വച്ചുകൊണ്ടിരിക്കുവാൻ കത്തോലിക്കർ ശ്രദ്ധയുള്ളവരാണ്. സ്നേഹത്തിന്റെ ഭാഷ അറിയാവുന്നവർ വിശ്വാസവെളിച്ചത്തിൽ ഈ പുസ്തകം വായിക്കുന്നു, ധ്യാനിക്കുന്നു, അർത്ഥം മനസ്സിലാക്കുന്നു. പരിശുദ്ധരും പാപികളും ഈ തുറന്ന പുസ്തകത്തിൽ നിന്നും ജീവിതാദർശങ്ങൾ പകർത്തി എടുക്കുന്നുണ്ടു്. ഏതു ജീവിതത്തിനും ശരിയായ രൂപം കൊടുക്കുവാൻ അതു സഹായിക്കും. ഇതാണ് ക്രിസ്തുനാഥൻ നമ്മുടെ മുമ്പിൽ തുറന്നു വച്ചിരിക്കുന്ന പാഠപുസ്തകം: അവിടുത്തെ ക്രൂശിത രൂപം.

## വിശുദ്ധരുടെ വീക്ഷണത്തിലും

ക്രിസ്തുനാഥന്റെ ക്രൂശിതരൂപം ഒരു വിശിഷ്ട ഗ്രന്ഥമാണ്. അതിലെ പാഠങ്ങൾ വായിച്ചു പഠിച്ചതിന്റെ ഫലമായി ദൈവിക കാര്യങ്ങളിൽ അഗാധമായ അറിവും ദൈവസ്നേഹത്തിൽ പൂർണ്ണതയും സുസ്ഥിരതയും അവർക്കു ലഭിച്ചു. വി. തോമസ് അക്വിനാസ് വി. ബൊനവെഞ്ചർ മുതലായ സുപ്രസിദ്ധ വേദപാരംഗതന്മാർ സർവപ്രധാനമായി ഈ പുസ്തകത്തിൽ നിന്നാണ് വിജ്ഞാനം സമ്പാദിച്ചതു് എന്നു് ഏററു പറയുന്നുണ്ടു്. "ദസർവെററ്സ്" സന്യാസ സഭാസ്ഥാപകനായ വിശുദ്ധ ഫിലിപ്പ് ബനീസി മരിക്കാറായിക്കിടക്കുമ്പോൾ തന്റെ പുസ്തകം വേണമെന്നാവശ്യപ്പെട്ടു. അടുത്തുണ്ടായിരുന്നവർ അദ്ദേഹത്തിന്റെ പ്രാർത്ഥനപ്പുസ്തകം എടുത്തുകൊടുത്തു. പക്ഷെ, "ഇതല്ലാ എന്റെ പുസ്തകം" എന്നായി വിശുദ്ധൻ. "പിന്നെ ഏതു പുസ്തകമാണ്, വേദപുസ്തകമാണോ?" എന്നവർ ചോദിച്ചപ്പോൾ മേശപ്പുറത്തേക്കു ചൂണ്ടിക്കാണിച്ചു. അവിടെ പുസ്തകമൊന്നും കാണാനില്ല, ഒരു കുരിശുരൂപം മാത്രം. ക്രൂശിതരൂപം തന്റെ പുസ്തകമാണെന്നു വിശുദ്ധൻ പറഞ്ഞിരുന്ന കാര്യം അപ്പോൾ അവർക്കു ഓർമ്മവന്നു. അവർ കുരിശുരൂപമെടുത്തു വിശുദ്ധന്റെ കയ്യിൽവച്ചു. "ഹാ! ഇതാണെന്റെ പുസ്തകം" സസ്നേഹം കുരിശിനെ ചുംബിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു. "നന്നായി ജീവിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സഹിക്കുന്നതിനും ഇതാണെന്നെ പഠിപ്പിച്ചതു്. ഇപ്പോൾ നന്നായി മരിക്കുന്നതിനും ഇതെന്നെ സഹായിക്കും."

ക്രൂശിതനായ ക്രിസ്തുവിനെ അറിഞ്ഞതുമുതൽ അതീവമായി സ്നേഹിക്കുകയും ആവേശപൂർവം പ്രസംഗി

ക്കുകയും ചെയ്തിരുന്ന വി. പൗലോസ് പറയുന്നത്, യേശുക്രിസ്തുവിനെ അതും ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അല്ലാതെ മറെറാന്നും താൻ അറിയുന്നില്ലെന്നാണ്. അദ്ദേഹത്തിൻെറ വീക്ഷണത്തിൽ ക്രൂശിതനായ ക്രിസ്തു യഹൂദന്മാർക്ക് ഇടർച്ചയും, വിജാതിയർക്ക് ഭോഷത്വവുമാണ്. എന്നാൽ വിളിക്കപ്പെട്ടിരിക്കുന്നവർക്കു ദൈവത്തിൻെറ ശക്തിയും ദൈവത്തിൻെറ ജ്ഞാനവുമാണ്. ക്രൂശിതനോട് അനുരൂപപ്പെടുന്ന ആത്മാക്കൾ വാസ്തവത്തിൽ ദൈവത്തിൻെറ ശക്തിയും, ദൈവത്തിൻെറ ജ്ഞാനവും ഉള്ളവരായിത്തീരുന്നു. പല വിശുദ്ധരും ദൈവശാസ്ത്രപഠനമൊന്നും കൂടാതെതന്നെ ആദ്ധ്യാത്മികശാസ്ത്രത്തിൽ അഗാധ ജ്ഞാനം സമ്പാദിച്ച് ആദ്ധ്യാത്മികതയുടെ പ്രശസ്ത പ്രബോധകരായിത്തീർന്നിട്ടുണ്ട്. വി. ഫ്രാൻസീസ് അസ്സീസി, സീയന്നായിലെ വി. കത്രീന, വി. അമ്മത്രേസ്യാ, വി. കൊച്ചുത്രേസ്യാ മുതലായവരുടെ ആദ്ധ്യാത്മികാനുഭവജ്ഞാനം വലിയ വലിയ ദൈവശാസ്ത്രപണ്ഡിതന്മാരുടെ വിജ്ഞാനത്തേയും അതിശയിക്കുന്നു. ക്രൂശിതരൂപമാകുന്ന പുസ്തകം അവർ നന്നായി പഠിച്ച് ദൈവത്തിൻെറ ജ്ഞാനം സ്വന്തമാക്കി.

### സവിശ്വാസം വീക്ഷിക്കുമ്പോൾ

സസ്നേഹം ധ്യാനിക്കുമ്പോൾ കുരിശിൻെറ രഹസ്യങ്ങൾ തെളിഞ്ഞു തുടങ്ങും. ആദ്ധ്യാത്മികമായി ദൈവത്തേയും മനുഷ്യനേയും സംബന്ധിക്കുന്നവയെല്ലാം തന്നെ "ഈ പുസ്തകത്തിൽ" അടങ്ങിയിട്ടുണ്ട്. ക്രൈസ്തവ ധർമ്മപ്രബോധനങ്ങളുടെ ഒരു സംഗ്രഹംതന്നെയാണ് ക്രൂശിതരൂപം. ക്രിസ്തുനാഥൻെറ സുപ്രസിദ്ധമായ ഗിരിപ്രഭാഷണത്തേക്കാൾ പ്രബോധകശക്തിയുണ്ട് അവിടുത്തെ കുരിശിനും യാതനകൾക്കും. കാൽവരിയിൽ ഉയർത്തിയ കുരിശ്, അതിൽ മരിക്കുന്ന പ്രബോധകൻെറ പ്രസംഗപീഠമായിരുന്നു എന്ന് വി. അഗസ്റ്റിൻ അഭിപ്രായപ്പെടുന്നു.

കുരിശിലേക്കു നോക്കി മരണയാതന അനുഭവിക്കുന്ന ക്രിസ്തുനാഥനെ ധ്യാനിക്കുമ്പോൾ എന്തെല്ലാം ചിന്തകളാണ് അഹമഹമികയാ ഒരു ക്രൈസ്തവാത്മാവിൽ ഉദിച്ചുയരുക? ദൈവത്തിൻെറ ഔന്നത്യം, പരിശുദ്ധി, നീതി, അനന്തസ്നേഹം, കാരുണ്യം, പാപത്തിൻെറ കാഠിന്യം, ബീഭത്സത, മനുഷ്യാത്മാവിൻെറ വില, പ്രേഷിതപ്രവർത്തനങ്ങളുടെ അർത്ഥം ഇവയെല്ലാം ക്രൂശിതനെ ധ്യാനിക്കുമ്പോൾ നമുക്കു സുഗ്രാഹ്യമാകുന്നു. ജീവിതക്ലേശങ്ങളെ സധൈര്യം അഭിമുഖീകരിക്കുന്നതിനാവശ്യമായ ആത്മവീര്യവും കുരിശുരൂപം പകർന്നു കൊടുക്കുന്നു. വി. കുരിശ് പരിശുദ്ധ കുർബാനയിലേക്കും, കാൽവരിയിലെ രക്തബലി അൾത്താരയിലെ ദിവ്യബലിയിലേക്കും ആത്മാവിനെ തിരിച്ചുവിടുന്നു. കുരിശിനു സമീപം നിന്നു വിങ്ങിക്കരയുന്ന മാതാവിനെ സ്വന്തം അമ്മയായി സ്വീകരിക്കുന്നതിനുള്ള പ്രത്യേക അനുഗ്രഹവും കുരിശിൻചുവട്ടിൽ നിന്നു ക്രിസ്തുനാഥനെ സ്നേഹിക്കുന്നവർക്കു ലഭിക്കാതിരിക്കയില്ല. കുരിശിൻെറ തണലിൽ നിന്ന് ഇവയേക്കുറിച്ച് അല്പം ഗാഢമായി വിചിന്തനം ചെയ്യുന്നത് നന്നായിരിക്കും, വിശിഷ്യാ വിശുദ്ധവാരത്തിൽ.

### 1. ദൈവത്തിൻെറ ഔന്നത്യം.

ദൈവം അപരിമിതനാണ്, അഖണ്ഡശക്തിയാണ്, ഒരൊററ വാക്കുകൊണ്ട് അഥവാ മനസ്സിൻെറ ഒരു ചലനംമൂലം ഈ പ്രപഞ്ചത്തെ മുഴുവൻ ശൂന്യാവസ്ഥയിൽനിന്നു സൃഷ്ടിച്ച് സംരക്ഷിച്ചുപോരുന്ന പരാപരനാണ്, എന്നെല്ലാം പറയുമ്പോൾ ദൈവത്തിൻെറ ശക്തിയും മഹത്വവും ഔന്നത്യവും വളരെ അധികമായിരിക്കണം എന്ന് നാം അനുമാനിക്കുന്നു. എന്നാൽ പാപംമൂലം മനുഷ്യൻ ദൈവത്തോടു ചെയ്ത അപരാധത്തിനു തക്ക പരിഹാരം ചെയ്യുവാൻ മനുഷ്യനോ മാലാഖയ്ക്കോ സാദ്ധ്യമല്ലാ, ദൈവം തന്നെ മനുഷ്യനായേ മതിയാവൂ. അതിനു മനുഷ്യനായ ദൈവസുതൻ ഈ കഠിനയാതനകളെല്ലാം സഹിച്ചു മരിക്കേണ്ടിവന്നു എന്ന വസ്തുത, കുരിശിൽനിന്നു നാം നേരിട്ടു മനസ്സിലാക്കുമ്പോൾ മാത്രമാണു പാപത്താൽ നിന്ദിക്കപ്പെട്ട ദൈവത്തിൻെറ ഔന്നത്യത്തേയും പരിശുദ്ധിയേയും കുറിച്ച് നമുക്കേതാണ്ടൊരു ഗ്രാഹ്യമുണ്ടാവുക.

### 2. പാപത്തിൻെറ കാഠിന്യം, ബീഭത്സത.

കുരിശിൽ മരിക്കുന്ന യേശുനാഥനെ ധ്യാനിക്കുമ്പോൾ ദൈവം പാപത്തെ എത്രമാത്രം വെറുക്കുന്നു എന്നും പാപത്തിൻെറ കാഠിന്യവും ബീഭത്സതയും എത്ര അധികമെന്നും നമുക്കൊരുവിധം നന്നായി മനസ്സിലാകുന്നു. പാപത്തിനു കർശനമായ പരിഹാരം ദൈവനീതി ആവശ്യപ്പെടുന്നു. വെറും ചിന്തയാലുള്ള ഒരൊററ പാപത്തിൻെറ ദുരന്തഫലമായി മാലാഖ

മാർ പിശാചുക്കളായി മാറിയതും, നിത്യനാരകീയ യാതനകൾക്ക് അവർ അധീനരായതും പാപകാഠിന്യത്തെ വിളിച്ചറിയിക്കുന്നുണ്ടെങ്കിലും അത്ര വ്യക്തമല്ല. എന്നാൽ കുരിശു്, ക്രൂശിതനായ ദൈവസുതൻ അതു നമ്മെ പഠിപ്പിക്കും. ദിവ്യനാഥന്റെ കുരിശു്, മുൾമുടി, ഇരുമ്പാണികൾ, തിരുമുറിവുകൾ, രക്തം, തകർന്ന ഹൃദയം, യാതനകൾ, മരണം ഇവ ഓരോന്നും പാപത്തിന്റെ കാഠിന്യവും ബീഭത്സതയും എത്ര അധികമെന്നു തെളിയിക്കുകയാണ്. പാപവിഷം കോമളനായ ദിവ്യനാഥനെ ഏററം വിരൂപനും വിവർണ്ണനും ആക്കി. പാപത്തിന്റെ ക്രൂരമർദ്ദനമേററ് അവിടുത്തെ പാവന ശരീരം മുഴുവൻ മുറിഞ്ഞു് ഏകവ്രണമായി രക്തം ഒഴുകുന്നു. മരിച്ചിട്ടും മാറാതെ കഠിനമായി കുത്തി അവിടുത്തെ ഹൃദയംകൂടി തുറക്കുന്ന പാപത്തിന്റെ കാഠിന്യവും നീചത്വവും അവർണ്ണനീയംതന്നെ.

കൊടും യാതനയുടെമദ്ധ്യേ, ഈ ഒരു പരമാർത്ഥം നമ്മെ 'അനുസ്മരിപ്പിക്കുന്നുണ്ട്: "പച്ച മരത്തോട് അവർ ഇവ ചെയ്യുന്നു എങ്കിൽ 'ഉണങ്ങിയതിൽ എന്തു സംഭവിക്കും?" (ലൂക്കാ. XXIII, 31)

പാപത്തിനു പരിഹാരം ചെയ്യുവാൻ തിരുമനസ്സായ പാവനനാഥൻ ദൈവനീതിയുടെ കഠിന പ്രഹരമേററ് ഇപ്രകാരം യാതന സഹിച്ചു മരിക്കുന്നു എങ്കിൽ പാപികളുടെ സ്ഥിതിയെന്തു്? ദൈവാനുഗ്രഹത്തെ അവഗണിച്ചു ജീവിക്കുന്നവരുടെ നിലപാടെന്തായിരിക്കും? വ്യർത്ഥമായ ഓരോ വാക്കിനും കണക്കു കൊടുക്കേണ്ട അവസരം വരുമ്പോൾ എന്താണു പറയുക? കുരിശിൻചുവട്ടിൽനിന്നു് ഇതിനേപ്പററി ചിന്തിക്കുന്നവർ അന്നു വിഷമിക്കയില്ല. നമ്മുടെ പാപത്തിനു പരിഹാരമായിട്ടാണല്ലോ ക്രിസ്തുനാഥൻ സഹിക്കുന്നതും മരിക്കുന്നതും. എന്നാൽ അതു സഫലമാകുവാൻ നാം ക്രിസ്തുവിനോടു യോജിച്ചുനിൽക്കുക ആവശ്യമാണ്. ദിവ്യരക്ഷകന്റെ രക്തം വീണു് പാപപങ്കിലമായ ആത്മാവു പരിശുദ്ധമാകുവാൻ കുരിശിൻചുവട്ടിൽ തന്നെ നിലയുറപ്പിക്കണം. കുരിശിനെ ആശ്ലേഷിച്ചുകൊണ്ടു് സ്വന്തം പാപത്തെക്കുറിച്ചു വിലപിക്കണം. ഈശോയെക്കുറിച്ചല്ല, നമ്മെക്കുറിച്ചുതന്നെ നാം കരയണമെന്നാണല്ലോ അവിടുന്നു് ഉപദേശിക്കുന്നതു്. "എന്നെക്കുറിച്ചു നിങ്ങൾ കരയേണ്ട, നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും കരഞ്ഞുകൊള്ളുവിൻ."

(ലൂക്കാ: xxiii, 28.)

### 3. സ്നേഹത്തിന്റെ പാരമ്യം

കുരിശു് ദൈവത്തിന്റെ അപരിമിതമായ കരുണാത്മക സ്നേഹത്തേയും നമുക്കു വെളിപ്പെടുത്തി തരുന്നു. നമ്മുടെ അസ്തിത്വം: നമ്മുടെ ജീവനും ആത്മശരീരങ്ങളും അവയുടെ കഴിവുകളും നമുക്കുള്ളവയെല്ലാം അനന്തനന്മയായ ദൈവത്തിന്റെ സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും ഫലമാണു്. ആകാശത്തിലെ നക്ഷത്രങ്ങളും ഇതരഗ്രഹങ്ങളും ഭൂമിയിലുള്ള സകല ചരാചരങ്ങളും വിശാല സമുദ്രവും അതിലെ ജീവികളും സദാ ദൈവത്തിന്റെ നന്മയെ പ്രകീർത്തിക്കുകയാണു്. ഈ സൃഷ്ടികളിലൂടെ സ്രഷ്ടാവിന്റെ നന്മയും സ്നേഹവും അറിയുവാൻ മനുഷ്യനു സാധിക്കും. എന്നാൽ ഇവയെ എല്ലാം പിന്നിലാക്കുകയാണ് ക്രിസ്തുനാഥന്റെ കുരിശു്. ദൈവത്തിന്റെ അനന്തസ്നേഹം വെളിപ്പെടുത്തുവാൻ കുരിശിനുള്ള കഴിവ് ഒന്നു പ്രത്യേകമാണു്. "എനിക്കു ദാഹിക്കുന്നു." മനുഷ്യസ്നേഹത്തിനു് ദാഹിക്കുന്ന, ആ ദാഹത്താൽ മരിക്കുന്ന ഈശോയുടെ സ്നേഹത്തിന്റെ പൂർണ്ണമായ പ്രകടനമാണു് കുരിശുമരണം. സ്നേഹിതനുവേണ്ടി സ്വജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്നും, നല്ല ഇടയൻ തന്റെ ആടുകൾക്കുവേണ്ടി സ്വജീവൻ ബലികഴിക്കുമെന്നും പറഞ്ഞ ഈശോ അതും നിറവേററുകയാണ് കാൽവരികുന്നിൻ മുകളിൽ.

സ്നേഹംതന്നെയായ തന്റെ ഏക സുതനെ ലോകത്തിലേക്ക് അയച്ച നമ്മുടെ സ്വർഗ്ഗീയ പിതാവിനു് മനുഷ്യനോടുള്ള സ്നേഹവും കാരുണ്യവും എത്ര അപരിമിതം! "തന്റെ ഏകജാതനെ കൊടുക്കുവാൻ തക്കവിധം അത്രമാത്രം ദൈവം ലോകത്തെ സ്നേഹിച്ചു" എന്നു് സ്നേഹശിഷ്യൻ പറയുന്നതു് ഈ കരുണാത്മക സ്നേഹത്തെ അനുസ്മരിച്ചുകൊണ്ടാണ്.

### 4. ആത്മാക്കളുടെ വില; പ്രേഷിതചൈതന്യം

ആത്മാക്കളെ രക്ഷിക്കുവാൻ കടശിത്തുള്ളി രക്തംകൂടി ചിന്തി കുരിശിൽ മരിച്ചുകിടക്കുന്ന ക്രിസ്തുനാഥനെ ഒന്നു നോക്കിയാൽ മതി, മനുഷ്യാത്മാവിനു് ദൈവം നിശ്ചയിക്കുന്ന നിസ്സീമമായ വില മനസ്സിലാക്കാം. മനുഷ്യപുത്രന്റെ അമൂല്യമായ രക്തം കൊടുത്തു വീണ്ടെടുക്കപ്പെട്ടിരിക്കയാണല്ലോ ഓരോ മനുഷ്യാത്മാവും. അതുകൊണ്ടു് ദൈവസുതന്റെ രക്തത്തിന്റെ വില, അവിടുത്തെ ജീവന്റെതന്നെ വിലയാണു്, ഓരോ

മനുഷ്യാത്മാവിനും ദൈവം നിശ്ചയിക്കുന്നതെന്നുവേണം പറയുക. "നിങ്ങൾ രക്ഷിക്കപ്പെട്ടതു്, നശിച്ചുപോകുന്ന വെള്ളികൊണ്ടല്ല, പൊന്നു കൊണ്ടുമല്ല, മ്ശിഹാ ആകുന്ന കറയും കളങ്കവുമില്ലാത്ത കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊടുത്തുകൊണ്ടാകുന്നു."

(1 പത്രോ: I, 18-19)

ആത്മാക്കൾക്കുവേണ്ടി ക്രിസ്തുനാഥൻ സ്വയം ഹോമിക്കുന്നതു കാണുകയും "എനിക്കു ദാഹിക്കുന്നു" എന്ന വാക്കിന്റെ അന്തരാർത്ഥം ശരിക്കു മനസ്സിലാക്കുകയും ചെയ്യുമ്പോൾ ഈശോയുടെ രക്തം കൊടുത്തു രക്ഷിച്ച ആത്മാക്കളെ നാം സ്നേഹിക്കാതിരിക്കയില്ല. ആത്മാക്കളെ രക്ഷിക്കാനുള്ള ഒരു ദാഹം നമുക്കും അനുഭവപ്പെടും. ഈ ദാഹം അഥവാ പ്രേഷിതചൈതന്യം യഥാർത്ഥ ക്രൈസ്തവ ജീവിതത്തിന്റെ ഒരു പ്രധാന ഭാഗമാണു്. അതുകൂടാതെ ക്രൈസ്തവ ജീവിതം പൂർണ്ണമാകുന്നില്ല: യഥാർത്ഥ പ്രേഷിതചൈതന്യം കുരിശിനെ സ്നേഹിക്കുന്നവർക്കു ലഭിക്കുന്നു, അതോടുകൂടി പ്രവർത്തനത്തിനുള്ള പ്രചോദനവും ശക്തിയും.

വേദപ്രചാരമദ്ധ്യസ്ഥനായ വി. ഫ്രാൻസീസ് സേവ്യർ പ്രേഷിതരംഗത്തു് വലിയ വിജയം നേടി. അതിന്റെ രഹസ്യം ക്രൂശിതനായ ക്രിസ്തുനാഥനോടു് അദ്ദേഹത്തിനുണ്ടായിരുന്ന സവിശേഷ സ്നേഹമാണു്. പകൽ സമയം മുഴുവൻ പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന വിശുദ്ധൻ രാത്രിയിൽ കുരിശുരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി ദീർഘമായി പ്രാർത്ഥിച്ചിരുന്നു. അതുപോലെ മിഷൻ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ അസാധാരണ പ്രേഷിതചൈതന്യവും ക്രൂശിതനോടുള്ള സ്നേഹത്തിൽ നിന്നും രൂപമെടുത്തു. വിശുദ്ധ പറയുന്നു: "എനിക്കു ദാഹിക്കുന്നു" എന്ന മരണയാതന അനുഭവിക്കുന്ന ഈശോയുടെ രോദനം എന്റെ ഹൃദയത്തിൽ അനുസ്യൂതം പ്രതിധ്വനിച്ചുകൊണ്ടിരുന്നു. അതു എന്റെ ഹൃദയത്തെ, അതുവരെ അജ്ഞാതമായ ഒരു തീക്ഷ്ണതയാൽ ജ്വലിപ്പിച്ചു. ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹം എന്നെയും ദഹിപ്പിക്കുന്നതുപോലെ അനുഭവപ്പെട്ടു". ലിസ്യൂവിലെ കർമ്മല മഠത്തിൽ ചുരുങ്ങിയകാലം അജ്ഞാതജീവിതം നയിച്ച വി. കൊച്ചുത്രേസ്യാക്കു് വേദപ്രചാര മദ്ധ്യസ്ഥയാകാമെങ്കിൽ ആർക്കാണു് ഒരു ഉത്തമ പ്രേഷിതനാകാൻ സാധിക്കാത്തതു്? പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും ചൈതന്യം പ്രേഷിതനത്ത്യാവശ്യം. അതു ലഭിക്കുന്നതിനു് ക്രൂശിതരൂപധ്യാനം ഉത്തമമാകും.

## 5. സഹനശക്തി

ക്രൈസ്തവനു് രക്തസാക്ഷിക്കടുത്ത ആത്മധൈര്യവും സഹനസന്നദ്ധതയും പകരുന്നതും ക്രിസ്തുനാഥന്റെ കുരിശാണു്. പ്രഥമ രക്തസാക്ഷിയായ വി. സ്റ്റീഫൻ മുതലിങ്ങുനോക്കിയാൽ ഇതുവരെ തിരുസഭയിലുണ്ടായിട്ടുള്ള വേദസാക്ഷികളെല്ലാം ഇതിനു തെളിവാണു്. ശിഷ്യൻ ഗുരുവിനെക്കാൾ ഉന്നതനല്ല, ഗുരുവിനെ ദ്വേഷിച്ച ലോകം ശിഷ്യനേയും വെറുക്കും, വേദനിപ്പിക്കും എന്നാൽ ദിവ്യഗുരുവിനെ കുരിശിൽ ദർശിക്കുമ്പോൾ ശിഷ്യൻ സസന്തോഷം കുരിശിനെ ആശ്ലേഷിക്കുന്നു. വി. അന്ത്രയോസ് കുരിശിനെ സമീപിക്കുന്ന രംഗം എത്ര ഹൃദയസ്പർശകം. കുരിശിനെ ദർശിച്ച ക്ഷണത്തിൽ സന്തോഷാവേശത്താൽ വിളിച്ചു പറയുകയാണു്: "ഓ വിശിഷ്ട കുരിശേ, സ്വാഗതം! വളരെക്കാലമായി ആഗ്രഹിച്ചിരുന്ന, അത്യധികമായി സ്നേഹിച്ചിരുന്ന, അനുസ്യൂതം അന്വേഷിച്ചിരുന്ന കുരിശേ, എന്നെ നീ സ്വീകരിച്ചാലും! എന്നെ എന്റെ നാഥനു നീ സമർപ്പിക്കുക." എന്തൊരു സ്നേഹാവേശം. രണ്ടു ദിവസം മുഴുവൻ അദ്ദേഹം കുരിശിൽ കിടന്നു യാതന അനുഭവിച്ചു, മരിക്കുന്നതിനു മുമ്പു്. വി. പത്രോസ് കുരിശിലേക്കാനയിക്കപ്പെട്ടപ്പോൾ, തന്റെ നാഥനെപ്പോലെ മരിക്കുവാൻ താൻ അയോഗ്യനാകയാൽ തല കീഴായി തൂക്കിയേക്കണമെന്നാവശ്യപ്പെട്ടു. അങ്ങനെ മുകളിലേക്കു നോക്കിക്കൊണ്ടു്—ക്രൂശിതനായ നാഥന്റെ മുഖത്തേക്കു നോക്കിക്കൊണ്ടു്—അദ്ദേഹം വീരമരണം വരിച്ചു. ഇതുപോലെ മറ്റുള്ള രക്തസാക്ഷികളും തിളക്കുന്ന എണ്ണയിലും, ഇരുമ്പട്ടപ്പിലും, മുള്ളുചക്രത്തിലും, കഴുകുമരത്തിലും യാതന അനുഭവിച്ചപ്പോൾ ക്രിസ്തുനാഥന്റെ കുരിശും മരണവും അവർക്കു ശക്തി നൽകി. ഇന്നു് കമ്മ്യൂണിസ്റ്റുരാജ്യങ്ങളിൽ യാതന സഹിക്കുന്ന വീരാത്മാക്കളും ക്രിസ്തുനാഥന്റെ കുരിശിൽ തന്നെ അഭയം തേടുന്നു.

ശാരീരികമായ രക്തസാക്ഷിത്വത്തിനു പുറമെ ആത്മികമായ ഒരു രക്തസാക്ഷിത്വമുണ്ടു്. കൂടുതൽ കുറവുണ്ടെങ്കിലും എല്ലാവരും സഹിക്കാനുള്ളതാണതു്. കണ്ണുനീരിന്റെ ഈ താഴ്വരയിൽ ജീവിതസമരം ചെയ്യുന്ന സകലർക്കും അനുഭവിക്കാനുള്ളതാണു് ക്ലേശങ്ങൾ. ഈ

ജീവിതക്ലേശങ്ങളെ നന്നായി സഹിക്കുന്നതിലാണ് നമ്മുടെ വിജയം. അതിന്ന് ഏററവും പററിയ ഒരായുധമാണ് ക്രൂശിതരൂപം. ക്ലേശം മനുഷ്യൻെറ ശത്രുവല്ല. മിത്രമാണ് എന്നു ക്രൂശിതരൂപം പഠിപ്പിക്കുന്നു. സസ്നേഹം സഹിക്കുന്ന ക്ലേശങ്ങൾ പാപത്തിനു പരിഹാരവും പുണ്യയോഗ്യത സമ്പാദിക്കുന്നതിനു മാർഗ്ഗവുമാണ്. സ്നേഹത്തോടുകൂടി ക്ലേശങ്ങളെ സ്വീകരിക്കുമ്പോൾ അവ ക്ലേശങ്ങളല്ലാതാകുന്നു. ക്ലേശം സ്നേഹത്തിൽ സ്നേഹപ്രകടനമായി മാറുന്നു. കാരണം, സ്നേഹത്തിൻെറ തെളിവാണ് സഹനം. സ്നേഹം സഹിക്കുന്നു, സ്നേഹത്തോടുകൂടി സഹിക്കുന്നു. സഹനത്തെ സ്നേഹമാക്കി സ്നേഹിക്കുന്നു. ഇങ്ങനെ സഹനത്തെ സ്നേഹപ്രകടനമാക്കുവാൻ സഹായിക്കുന്നുണ്ട് ക്രൂശിതരൂപധ്യാനം. ക്രിസ്തുവിനെ അനുകരിക്കുന്നതിന് ഈ മനോഭാവത്തിൽ ക്ലേശങ്ങളെ സ്വീകരിക്കുക ആവശ്യമാണ്, "എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ തൻെറ അനുദിന കുരിശും വഹിച്ചുകൊണ്ട് എൻെറ പിന്നാലെ വരട്ടെ." എന്നാണല്ലൊ ക്രിസ്തു പറയുന്നതു്.

### 6. കുരിശും കുർബാനയും

കുരിശുരൂപധ്യാനം ക്രമേണ നമ്മെ കാൽവരിയിൽ നിന്നു് അൾത്താരയിലേക്കും, കുരിശിൽ നിന്നു് കുർബാനയിലേക്കും ആനയിക്കും. അന്നു് കുരിശിൽ മരിച്ച ഈശോ ഇന്നും സജീവബലിയായി നമ്മുടെ അൾത്താരകളിൽ അർപ്പിക്കപ്പെടുകയാണല്ലോ. കുരിശും കുർബാനയും രണ്ടല്ല, ഒന്നു തന്നെ. കാൽവരിയിലെ രക്തബലിയുടെ യഥാർത്ഥ നവീകരണമായ ദിവ്യബലിയിൽ യഥായോഗ്യം സംബന്ധിക്കുന്നതിനും കൂടുതൽ ഫലമെടുക്കുന്നതിനും ക്രൂശിതരൂപധ്യാനംതന്നെ ഉത്തമമാർഗ്ഗം. കുരിശിൽ നമുക്കായി സ്വയം സമർപ്പിക്കുന്ന ക്രിസ്തുനാഥനോടുകൂടി നമ്മെയും ഒരു ബലിവസ്തുവായി അർപ്പിക്കേണ്ടതാണ് എന്ന ചിന്ത ദിവ്യബലി സമയത്തു നമുക്കുണ്ടായിരിക്കണം. അതിനു ദിവസത്തിൽ പലപ്പോഴും ക്രൂശിതരൂപത്തെനോക്കി ധ്യാനിക്കുന്നതു് വളരെ സഹായകമാകും. ക്രൈസ്തവനെ, ക്രൂശിതനായ ക്രിസ്തുവിനോടുകൂടിയുള്ള തൻെറ ബലിജീവിതത്തേപ്പററി അനുസ്മരിപ്പിക്കുവാൻ, ക്രൂശിതരൂപമല്ലേ ഏററവും ഉത്തമമായ ഉപകരണം.

### 7. അമ്മയുടെ കണ്ണുനീർ

കുരിശിൻ ചുവട്ടിൽ നിൽക്കുമ്പോൾ നമ്മെ സൂക്ഷിച്ചു വീക്ഷിക്കുന്ന രണ്ടു കണ്ണുകൾ കാണപ്പെടും. അമ്മയുടെ കണ്ണുകൾ, വ്യാകുലാംബികയുടെ കണ്ണുനീർ.



അതിനു പലതും നമ്മോടു പറയുവാൻ കാണും. അമ്മയുടെ അടുത്തേക്ക് അല്പം കൂടി അടുത്തു നിൽക്കുക. വിങ്ങിവിങ്ങിക്കരയുന്ന ആ അമ്മയെന്തോ നമ്മോട് ആവശ്യപ്പെടുന്നുണ്ടെന്നു അപ്പോൾ മനസ്സിലാകും. അതെന്തെല്ലാമായിരിക്കും? "ഇതാ നിൻെറ അമ്മ." ഈശോയാണതു പറയുന്നതു്. അവിടുത്തെ അമ്മ എൻെറയും അമ്മയാണെന്ന്. അമ്മ എന്നെ മകനായി സ്വീകരിച്ചിരിക്കയാണെന്ന്. "ഇതാ നിൻെറ മകൻ" എന്നീശോ അമ്മയോടും പറഞ്ഞിട്ടുണ്ട്. ഈശോ മരിച്ചു. അമ്മയും മകനും കുരിശിൻ ചുവട്ടിൽ നിന്നു നോക്കുന്നു. *അവർ പരസ്പരം നോക്കുന്നു, സ്നേഹിക്കുന്നു.*

ഈ "പുസ്തകം" വായിക്കാൻ അമ്മയുടെ സഹായം കൂടി ആവശ്യം. അമ്മയ്ക്കു മാത്രമേ അതിൻെറ അർത്ഥം മുഴുവൻ ഗ്രഹിക്കുവാൻ കഴിയൂ.

---

"Faults and failings against charity and positive discord among Religious very often centre in the failure to have a high regard for the mind and opinion of others and to surrender cur own selfish whims and desires to the more tempered and more mature pronouncements of our associates" Mother Mary Aloyisi S. N. D.

# വിശുദ്ധകളുടെ പേരുകൾ

(ഫാ. ഫിലിപ്പ് ഒ. സി. ഡി.)

(തുടർച്ച)

95) ദോൻവീന—രക്തസാക്ഷിണി. തിരുനാൾ. ആഗസ്റ്റ് 23. സിസിലിയിൽ, എജേയാ എന്ന സ്ഥലത്തു് ഡയക്ലേഷ്യൻ ചക്രവത്തിയുടെ കാലത്തു് രക്തസാക്ഷിമകുടം പ്രാപിച്ചു.

96) ദൊറോത്തേയാ—കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ഫെബ്രുവരി 6. കപ്പദോചിയാ എന്ന രാജ്യത്തിൽ, ചെസാരെയാ എന്ന സ്ഥലത്തു് രക്തം ചിന്തി ക്രിസ്തുനാഥനെപ്രതി മരണം കൈവരിച്ചു.

97) ദിംഫ്നാ—കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: മേയ് 15. അയർലണ്ടിലെ രാജാവിൻെറ മകളായിരുന്നു. അജ്ഞാനിയായിരുന്ന പിതാവ് അവളുടെ കത്തോലിക്കാ വിശ്വാസം നശിപ്പിക്കുന്നതിനു് പരിശ്രമിച്ചിട്ടു് സാധിക്കാതിരുന്നതുകൊണ്ടു് അവളെ ശിരഛേദനം ചെയ്യുന്നതിനു് കല്പന നൽകി. അങ്ങനെ സത്യമതത്തെപ്രതി സ്വജീവൻ ബലിസമപ്പിച്ചു.

98) എഡിൽബർഗാ—കന്യക തിരുനാൾ: ജൂലൈ 7. ഇംഗ്ലണ്ടിലെ രാജാവിൻെറ മകളായിരുന്നു. മെൽഡൻ എന്ന സ്ഥലത്തെ മഠത്തിൽ പ്രവേശിച്ചു സന്യാസവ്രതം അനുഷ്ഠിച്ചു. അവിടത്തന്നെ ആശ്രമശ്രേഷ്ഠയായിരിക്കുമ്പോൾ ഭാഗ്യമരണം പ്രാപിച്ചു.

99) എഡിത്താ—കന്യക. തിരുനാൾ: സെപ്റ്റംബർ 16. ഇംഗ്ലണ്ടിലെ രാജാവായിരുന്ന എഡ്ഗാറിൻെറ മകളായിരുന്നു. ബാല്യപ്രായത്തിൽത്തന്നെ കന്യകാലയത്തിൽ പ്രവേശിക്കുകയും അവിടെ വിശുദ്ധിപദത്തിൽ എത്തുകയും ചെയ്തു.

100) എലിസബത്തു്—വിധവ. തിരുനാൾ: ജൂലൈ 8. പോർട്ടുഗൽ രാജ്യത്തിലെ രാജ്ഞിയായിരുന്നു. ഭത്താവിൻെറ മരണശേഷം വളരെ വിശുദ്ധമായ ജീവിതം നയിച്ചു പുണ്യപദത്തിൽ എത്തി.

101) എമെരെൻസിയാനാ—കന്യകയും രക്തസാക്ഷിണിയും. തിരുനാൾ; ജാനുവരി 23. റോമാപ്പട്ടണത്തിൽവച്ചു്, വി. അഗ്നസ്സിൻെറ കബറിടത്തിങ്കൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അജ്ഞാനികൾ അവളെ കല്ലെറിഞ്ഞു കൊന്നു.

102) എമെരീത്താ—കന്യകയും രക്തസാക്ഷിണിയും തിരുനാൾ: സെപ്റ്റംബർ 22. റോമാപ്പട്ടണത്തിൽവച്ചു് ദിഞ്ഞാ എന്ന കന്യകയോടൊന്നിച്ചു് രക്തസാക്ഷിമകുടം പ്രാപിച്ചു.

103) എമ്മെലിയാ—വിവാഹിത. തിരുനാൾ: മെയ് 30. മഹാനായ ബേസിൽ, ഗ്രിഗറി, പീററർ എന്നീ വിശുദ്ധരായ മെത്രാന്മാരുടെയും മക്രീനാ എന്ന വിശുദ്ധ കന്യകയുടെയും മാതാവ്. അവളുടെ ഭത്താവിൻെറ പേരും ബേസിൽ എന്നായിരുന്നു. അവർ രണ്ടുപേരും ഗലേറിയസ് മാക്സിമിയൻ എന്ന ചക്രവത്തിയുടെ കാലത്തു് വളരെ കഷ്ടതകൾ സത്യവേദത്തെപ്രതി സഹിച്ചശേഷം സമാധാനമായി ചേസാരെയായിൽ, കപ്പദോസിയാ എന്ന രാജ്യത്തു് മരണം പ്രാപിച്ചു.

104) എന്നാത്താ—കന്യകയും രക്തസാക്ഷിണിയും തിരുനാൾ: നവംബർ 13. ഗലേറിയസ് മാക്സിമിയൻ എന്ന ചക്രവത്തിയുടെ കാലത്തു് പലസ്തീനായിൽ രക്തസാക്ഷിണിയായി മരണം കൈവരിച്ചു.

105) എപ്പിഫാന—രക്തസാക്ഷിണി തിരുനാൾ: ജൂലൈ 12. ഡയക്ളേഷ്യൻ ചക്രവത്തിയുടെ കാലത്തു് സിസിലിയിൽ വളരെ യാതനകൾ സഹിച്ചു് സത്യവേദത്തെപ്രതി ജീവൻ സമർപ്പിച്ചു.

106) എരാസ്മാ—കന്യകയും രക്തസാക്ഷിണിയും തിരുനാൾ: സെപ്റ്റംബർ 3. നീറോ ചക്രവത്തിയുടെ കാലത്തു് അക്വിലെയാ എന്ന സ്ഥലത്തുവച്ചു് രക്തസാക്ഷിമകുടം പ്രാപിച്ചു.

107) എവുദോസിയാ — കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: മാർച്ച് 1. നീറോ ചക്രവത്തിയുടെ കാലത്ത് എലിയോപ്പോളിസ് എന്ന പട്ടണത്തിൽ രക്തം ചിന്തി മരണം പ്രാപിച്ചു

108) എവുജേനിയാ — കന്യകയും രക്തസാക്ഷിണിയും തിരുനാൾ; ഡിസംബർ 25. റോമാപട്ടണത്തിൽ ഗള്ളിയേനസ് ചക്രവത്തിയുടെ കാലത്ത് സത്യവിശ്വാസത്തെപ്രതി ശിരഛേദനം ചെയ്യപ്പെട്ടു.

109) എവുലാലിയാ — കന്യകയും രക്തസാക്ഷിണിയും തിരുനാൾ: ഫെബ്രുവരി 12. ഡയക്ലേഷ്യൻ ചക്രവത്തിയുടെ കാലത്ത്, സ്പെയിനിൽ, ബാർസിലോണാ എന്ന പട്ടണത്തിൽ, കുരിശിൽ തറയ്ക്കപ്പെട്ട് സത്യവേദത്തെപ്രതി മരണം പ്രാപിച്ചു.

110) എവുലാമ്പിയാ — കന്യകയും രക്തസാക്ഷിണിയും തിരുനാൾ: ഒക്ടോബർ 10. നിക്കോമേദിയാ എന്ന ദേശത്ത്, സ്വസഹോദരനോടൊന്നിച്ച് സത്യമതത്തിനുവേണ്ടി ജീവൻ സമർപ്പിച്ചു.

111) എവുനോമിയാ — രക്തസാക്ഷിണി തിരുനാൾ: ആഗസ്റ്റ് 12. ഔഗുസ്താ എന്ന സ്ഥലത്ത് തൻെറ യജമാനത്തിയായിരുന്ന ഹിലാരിയാ എന്ന സ്ത്രീയോടും അവളുടെ വേറെ ചില ദാസികളോടും ഒന്നിച്ച് രക്തസാക്ഷിത്വം കൈവരിച്ചു.

112) എവുഫേമിയാ — കന്യകയും രക്തസാക്ഷിണിയും തിരുനാൾ: സെപ്ററംബർ 3. ദൊറോത്തെയാ, തെക്ലാ, എരാസ്മാ എന്നീ കന്യകകളോടൊന്നിച്ച് നീറോ ചക്രവത്തിയുടെ കാലത്ത് അകിലെയാ എന്ന സ്ഥലത്തു ദിവ്യനാഥനെപ്രതി മരണം കൈവരിച്ചു.

113) എവുഫ്രാസിയാ — കന്യകയും രക്തസാക്ഷിണിയും തിരുനാൾ: മെയ് 18. ഗലാസിയാ എന്ന രാജ്യത്ത് വേറെ അനേകം പേരോടൊന്നിച്ചു രക്തസാക്ഷിണിയായി മരണം പ്രാപിച്ചു.

114) എവുഫ്രോസീനാ — കന്യകയും രക്തസാക്ഷിണിയും തിരുനാൾ: മെയ് 7. ഡൊമീഷ്യൻ ചക്രവത്തിയുടെ കാലത്ത് തെറാസീനാ എന്ന സ്ഥലത്ത് സത്യവിശ്വാസത്തെപ്രതി മരണം കൈവരിച്ചു.

115) എവുസേബിയാ — കന്യകയും രക്തസാക്ഷിണിയും തിരുനാൾ: ഒക്ടോബർ 29. ബേർഗൊമോ എന്ന സ്ഥലത്ത് രക്തസാക്ഷിണിയായി മരണം പ്രാപിച്ചു.

116) എവുസ്റ്റോക്കിയാ — കന്യക. തിരുനാൾ: ഡെസെംബർ 28. റോമാപ്പട്ടണത്തിൽ ജനിച്ചു. സ്വമാതാവായ വി. പൗളായോടൊന്നിച്ചു ബെത്ലഹേമിൽ പോയി അവിടെ ഒരു കന്യകാലയത്തിൽ വി. ജെറോമിൻെറ ആദ്ധ്യാത്മിക നിയന്ത്രണത്തിൽ ജീവിച്ച് വിശുദ്ധി പ്രാപിച്ചു.

117) എവുസ്റ്റോലിയാ — കന്യക. തിരുനാൾ: നവംബർ 9. കോൺസ്ററാൻറിനോപ്പിൾ എന്ന പട്ടണത്തിൽ ജീവിച്ച് വിശുദ്ധയായി മരണം പ്രാപിച്ചു.

118) എവുത്താലിയാ — കന്യകയും രക്തസാക്ഷിണിയും തിരുനാൾ: ആഗസ്ററ് 27. സിസിലിയിൽ സ്വസഹോദരനാൽ സത്യവേദത്തെപ്രതി വധിക്കപ്പെട്ടു.

119) എവുത്രോപിയാ — കന്യകയും രക്തസാക്ഷിണിയും തിരുനാൾ: ജൂൺ 15. പന്ത്രണ്ടുവയസ്സുള്ളപ്പോൾ മെസ്സപ്പൊട്ടേമിയായിൽ രക്തസാക്ഷിണിയായി മരണം പ്രാപിച്ചു.

120) എക്സുപ്പെരാൻസിയാ — കന്യക തിരുനാൾ: ഏപ്രിൽ 26. ഫ്രാൻസിൽ ജീവിച്ച് വിശുദ്ധിപദത്തിൽ എത്തി.

120) ഫാവുസ്റ്റാ — കന്യകയും രക്തസാക്ഷിണിയും തിരുനാൾ: സെപ്ററംബർ 20. ഗ്രീസിൽ വളരെയധികം വേദനകൾ സഹിച്ചു സത്യവിശ്വാസത്തെപ്രതി ജീവൻ ബലി സമർപ്പിച്ചു. (തുടരും)

——

"സ്നേഹം എന്നു പേരുള്ള ദൈവം ഇതാ രാവും പകലും നമ്മിൽ അധിവസിക്കുന്നു. തന്നോടു സഹവസിക്കുവാൻ അവിടുന്ന് നമ്മോടാവശ്യപ്പെടുന്നു. പ്രസ്തുത വിശ്വാസമാണ് എൻെറ ഭൗമികജീവിതത്തെ നിത്യഭാഗ്യത്തിൻെറ ആരംഭമാക്കിത്തീർത്തത്. ആ വിശ്വാസം തന്നെയാണ് എൻെറ അവസാനത്തെ സംഭാവനയായി ഞാൻ നിങ്ങൾക്കു നൽകുന്നതും."

ദൈവദാസി ത്രിത്വത്തിൻെറ എലിസബത്തു സഹോദരി (1880-1906.)

# "GIVE ME TO DRINK"

(Rev. Sr. V—,. CARMELITE).

Jesus during His sojourn in this world once happened to come to a Samaritan city called Sichar. There was a well there called Jacob's well. It was noon. Jesus had been walking under the scorching sun all the time. He was tired and when a Samaritan woman came there to draw water Jesus asked her to give Him some water to drink. The woman was surprised to see a Jew asking her drink. But in the end she realized that it was the Messiah who was talking to her. She repented of her past sins.

Now, in asking this woman "give me some water to drink" Jesus was begging for His poor creature's love. Yes, God craves the love of his creatures. As St. Augustine says "God thirsts to be thirsted for."

**Why does God seek our love?**

It is because He is our Father. God is our Father. He loves us infinitely. "See how God has shown His love towards us, that we should be counted as His sons, should be His sons" (I John, 3: 1), "God is charity." God loves us regardless of our utter wretchedness and destitution. It is to manifest His compassionate Love that He has created this world, even though He foresaw sin and all the consequent miseries. It is nothing but love that has prompted the Son of God to be born upon straw, to hide Himself for thirty years in the obscurity of a workman's life and to die on the Cross. Jesus has proved His love to us by laying down His life for our sake, (I John 3/16.) Above all, He has given us His flesh as food and His blood as drink. "My flesh is real food, my blood is real drink. He who eats My flesh and drinks My blood lives continually in me and I in Him" (St. John 6:56–57). He is the Prisoner of Love in the most august Sacrament of the Altar. He is always watching us beneath the Sacramental veil and He is never tired of His vigil for us, sinners. "Let us therefore love God because God hath first loved us."

**How to love God?**

To love God, first of all we should believe in God's compassionate Love for us. God's glory lies in our believing in this love. It is His will that we should believe in it. St. John triumphantly says "I believe in God's love for me." The greatest glory we can give God is to believe in His compassionate love for us and to look to Himself for the gift of ove. When a soul believes that it is loved infinitely compassionately, by God, lit naturally desires to love Him. "Love is repaid by love alone". The whole purpose of the Gospel is just to awaken this desire in the fallen man. Every word of the Holy Gospel is but Love calling for Love, for the love of the wretched, the needy, the helpless, of fallen creatures like ourselves. Our wretchedness is in no way a hindrance to love God. What we have to do is to surrender ourselves to the love of God, to God who reveals Himself precisely as compassionate. The absolute surrender to compassionate Love is the key note of the Little way of St. Therese. "It is the way of spiritual childhood the way of trust and self-surrender". St Therese says "Jesus does not look for

deeds, but only for gratitude and self-surrender." "Our God is a consuming fire." When a soul in its poverty and wretchedness opens itself to Him, this consuming fire enters in and consumes it with love.

To love God is to renounce self, for to love self no more is the irresistible need of the desire to love God. "If any man will come after Me let him deny himself" (Mathew 16:24). Yes, to love God is to annihilate oneself for God, to have no views but His views, to have no desires but His desires, to have no will but His will. We should be on the alert not to miss any opportunity of overcoming self in order to please God. "An act of self-denial is an act of union with Our Lord" (St. Madeleine Sophie).

"If any one love me, he will keep my word". (John 14:23). To love God is to do His will. God's will is our sanctification and sanctity consistes in love. The Saints did but one thing-the will of God. We have to do only the same thing, to offer ourselves as victims to His Holy will. We must always strive to see God in all things without exception and acquiesce in His will with absolute submission. Whatever happens, abide steadfast in a determination to cling simply to God, trusting in His eternal love for us. We should make friends with our crosses. The cross is the mainspring of sanctity and the life and sustaining power of love. Let us always accept God's will entirely and be singing from the depths of our hearts: "Behold the handmaid of the Lord, be it done unto me according to Thy Word."

To love God who loves us is to love those whom God loves. If any one say, I love God, and hateth his brother he is a liar" (I John 4:20). St. Therese says "the more united I am to Jesus, the more I love my sisters." The actual life of all of us, our relations with our fellow creatures, is made up of a series of events, very ordinary in themselves, of petty incidents, insignificant and commonplace. It is in these circumstances that we have to be charitable, forget self, exercise self-restraint and give ourselves to others. Accoding to St. Therese, charity consists in giving ourselves to others and in bearing with them. She says: "I must not keep out of the way of those sisters who are always seeking my help." "Let us not love in word nor in tongue, but in deed and in truth." In reality the gift of self is never complete, unless we bear pariently with others. Charity is patient (I Cor. 13:4). True charity consists more in enduring, in suffering than in doing.

Yes, let us manifest our love to God by loving Him and loving all men in Him. As St. Euphrasia Pelletier says "let us love in Him and for Him. May He be our centre and our light." Let us satisfy His thirst for love by offering ourselves as holocausts to His compassionate Love.

---

**"If God is the Father of men, they are truly brothers. They say "Our Father" without difference of race or nationality, of social class or position. In prayer men realize the great brotherhood of mankind, founded on the fatherhood of God" E. Le Joly, S. J.**

# ദൈവവിളിയുടെ ലക്ഷണങ്ങൾ

(ഫാ. എലിസേയൂസ്, ഒ. സി. ഡി.)

"ദൈവം എന്നെ വിളിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങോട്ട്?" സ്കൂൾഫൈനൽ പരീക്ഷയെഴുതിയശേഷം പലവിദ്യാർത്ഥികളും തങ്ങളോടുതന്നെ ചോദിക്കുന്ന ചോദ്യങ്ങളാണിവ. ചിലരുടെ മനസ്സിൽ ഈ ചോദ്യങ്ങൾ നേരത്തെതന്നെ ഉദിച്ചിട്ടുണ്ടാവും. തക്ക ഉത്തരം ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും, പ്രാർത്ഥിപ്പിക്കുകയും മററുള്ളവരോട് ആലോചിക്കുകയും ചെയ്യുവരും ധാരാളം കാണും. ദൈവവിളികൾ അന്വേഷിച്ച് സ്കൂളുകൾ സന്ദർശിച്ച മിഷ്യനറിമാരുടെയും സന്യാസസഭാപ്രതിനിധികളുടെയും പ്രസംഗങ്ങൾ കേട്ടതുമുതൽ മേൽപ്പറഞ്ഞ ചോദ്യങ്ങൾ ചിലരുടെ ഉള്ളിൻെറയുള്ളിൽ ശബ്ദമുയത്തി ഉത്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പരീക്ഷാഫലം അറിയുന്നതിനു മുമ്പ് തന്നെ ഒരു തീരുമാനം എടുക്കണം. സ്കൂൾഫൈനൽ പരീക്ഷയെഴുതിയവരെ സംബന്ധിച്ച് മദ്ധ്യവേനലൊഴിവ് ഒരു നിർണ്ണായക ഘട്ടമാണ്.

## ഒരാൾക്കു ദൈവവിളിയുണ്ടോ എന്ന് എങ്ങിനെ അറിയാം?

ഒരാൾക്ക് ദൈവവിളിയുണ്ടെന്നു പറയുന്നതിന് അയാളെ മിശിഹായിൽ ദൈവം തൻെറ സേവനത്തിനുവേണ്ടി തിരഞ്ഞെടുത്തിട്ടുണ്ടെന്ന് നാമറിയണം. തിരഞ്ഞെടുക്കപ്പെടുന്ന ആൾക്ക് ഈ അനുഗ്രഹം സ്വീകരിക്കുന്നതിനോ നിരസിക്കുന്നതിനോ സ്വാതന്ത്ര്യമുണ്ടെങ്കിലും യഥാർത്ഥ ക്ഷണം മിശിഹായുടെ ഭാഗത്തുനിന്നു വന്നിരിക്കണം. "നീ പരിപൂർണ്ണനാകുവാൻ മനസ്സാകുന്നെങ്കിൽ, പോയി നിനക്കുള്ളവ വിററ് ദരിദ്രർക്കു കൊടുക്കുക, തദനന്തരം എന്നെ അനുഗമിക്കുക" (മത്തായി 19:21.) എന്നാണല്ലോ ദിവ്യരക്ഷകൻ പറയുന്നത്. ഈ ക്ഷണത്തെ തിരിച്ചറിയുകയാണ് ദൈവവിളിയിലെ വിഷമമേറിയ പ്രശ്നം.

ഒരു ചെടി ഇന്ന ശീതോഷ്ണസ്ഥിതിയുള്ള സ്ഥലത്ത് വളരുമെന്നനുമാനിക്കുന്നതുപോലെ, ഒരാളുടെ കഴിവുകളും ഗുണവിശേഷങ്ങളും മാത്രം മനസ്സിലാക്കിക്കൊണ്ടു അയാൾക്കു വൈദികജീവിതത്തോടോ സന്യാസജീവിതത്തോടോ പൊരുത്തപ്പെട്ടുപോകുവാൻ സാധിക്കുമെന്നു ഊഹിക്കുന്നത് ദൈവവിളിയെ തിരിച്ചറിയുകയാണെന്നു പറയുവാൻ പാടില്ല. ഒരു വൈദികനോ സന്യാസിയോ ആകുന്നതിനുള്ള ദൈവാഹ്വാനം വാക്കിൻെറ സങ്കുചിതമായ അർത്ഥത്തിൽ ഒരതിസ്വാഭാവികരഹസ്യം തന്നെയാണ്. അതിനാൽ സ്വഭാവാതീതമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഒരു വസ്തുതയേയാണ് നാം തിരിച്ചറിയുവാൻ ശ്രമിക്കുന്നത്. അതിൻെറ ആരംഭം ദൈവത്തിൽനിന്നായിരിക്കുന്നതിനാൽ ഒരു ദൈവവെളിപാടുകൂടാതെ അതിനെ അതിൽത്തന്നെ ഗ്രഹിക്കുന്നതിനു നമുക്കു സാധിക്കുകയില്ലെന്നു വിനയപൂർവം നാം സമ്മതിക്കണം. പക്ഷേ, ദൈവാനുഗ്രഹത്തിൻെറ ഈ ഇടപെടൽ അതിൽത്തന്നെ നമ്മുടെ ഗ്രഹണശക്തിക്കതീതമെങ്കിലും, അതിനെ അതിൻെറ ഫലങ്ങളിൽ തിരിച്ചറിയാവുന്നതാണ്. അതിനാൽ ദൈവവിളിയെ തിരിച്ചറിയുക എന്നു പറഞ്ഞാൽ ദൈവവിളി ആത്മാവിൽ ഉല്പാദിപ്പിക്കുന്ന ചില സൃഷ്ട ഫലങ്ങളിൽ നിന്ന് അതിനെ മനസ്സിലാക്കുക എന്നാണർത്ഥം. ഈ ഫലങ്ങൾ പ്രധാനമായി രണ്ടാണ്. ഒന്ന്, ഒരാളുടെ ഉദ്ദേശശുദ്ധിയോടുകൂടിയ യഥാർത്ഥ ആന്തരിക മനസ്സ്. രണ്ട്, അയാളുടെ കഴിവുകൾ. ദൈവവിളിയുടെ ലക്ഷണങ്ങളെ ക്രോഡീകരിച്ചുകൊണ്ട് 11–ാം പീയൂസ് മാർപ്പാപ്പാ പൌരോഹിത്യത്തെക്കുറിച്ചുള്ള തൻെറ വിശ്വലേഖനത്തിൽ ഇപ്രകാരം പറയുന്നു: "വൈദികാർത്ഥിയിൽ ഉദ്ദേശശുദ്ധിയുണ്ടായിരിക്കണം. അതോടൊപ്പം ഈ ജീവിതാവസ്ഥയ്ക്ക് അവനെ യോഗ്യനാക്കുന്ന കായികവും ബുദ്ധിപരവും ധാർമ്മികവുമായ ഗുണഗണങ്ങളും ആവശ്യമാണ്."

## ആന്തരിക മനസ്സ്

ഉദ്ദേശശുദ്ധിയെ തിരിച്ചറിയുന്നതിനു മുമ്പ് അതിൻെറ നിദാനമായിരിക്കുന്ന യഥാർത്ഥ ആന്തരിക മനസ്സ് എന്തെന്ന് അന്വേഷിക്കണം. ഇതിലൂടെയത്രേ ഉദ്ദേശശുദ്ധി പ്രകടമാകുന്നത്.

ആന്തരികമനസ്സ് മുഖ്യമായി വികാരമോ, വെറും ഒരു ആഗ്രഹമോ അല്ല; പിന്നെയോ, ദൈവാനുഗ്രഹത്തിൻെറ പ്രേരണയാൽ ചലിക്കുന്ന ബുദ്ധിയുടെയും ഇച്ഛാശക്തിയുടെയും ഒരു പ്രവത്തനമാണ. ,,ദൈവവിളി ആഭ്യന്തരമായ തോന്നലിലോ, ഭക്തിപരമായ ആകർഷണത്തിലോ അല്ല അടങ്ങിയിരിക്കുന്നതു്" എന്ന് 11–ാംപിയൂസ് മാർപ്പാപ്പാ പറയുന്നതു് അതുകൊണ്ടത്രേ. ഒരു വൃക്ഷത്തെ മണ്ണിലുറപ്പിച്ചു നിറുത്തുന്നതു് അതിൻെറ നാരായ വേരാണ്. ഇതുപോലെ ഒരാളുടെ ഉപരിപ്ലവമല്ലാത്ത ചിന്തകളുടെയും ഉള്ളിൻെറയുള്ളിലെ ആഗ്രഹങ്ങളുടെയും അഗാധതലത്തിൽ ഉറച്ചു നില്ക്കുന്ന ഒന്നാണ് ആന്തരികമനസ്സ്. ദൈവവിളിയുടെ കാര്യത്തിൽ വികാരങ്ങൾക്ക വിലയില്ലെന്നോ, സ്ഥാനമില്ലെന്നോ അല്ല പറയുന്നതു്. ബുദ്ധിയുടെയും വിശ്വാസത്തിൻെറയും വെളിച്ചം അവയെ നിയന്ത്രിക്കുന്നെങ്കിൽ, മനുഷ്യൻ ദൈവത്തോടും ദൈവത്തിനു മനുഷ്യനോടും അവയിലൂടെ സംസാരിക്കാം. പക്ഷേ, വെറും വികാരജന്യമല്ല ഒരാളുടെ ദൈവവിളി എന്ന് പരീക്ഷിച്ചറിയണം. കുറച്ചുകാലയളവ് അതിനാവശ്യമുള്ളതിനാൽ അർത്ഥിയും അധികാരിയും കുറച്ചു ക്ഷമയോടുകൂടി പാർത്തിരിക്കാതെ നിവർത്തിയില്ല. വികാരജന്യമായ "ദൈവവിളി"യോടു് വളരെ ബന്ധപ്പെട്ടുപോകുന്ന ഒന്നാണ് സ്വാത്ഥത. അതിനാൽ അതിൻെറ അഭാവം ദൈവവിളിയുടെ പരീക്ഷണത്തിനുപയോഗിക്കാവുന്ന മാനദണ്ഡമാണ്.

അത്ഥിയുടെ ആദ്ധ്യാത്മികവും ശാരീരികവുമായ അപക്വതയിൽനിന്നു ജനിക്കുന്ന 'ദൈവവിളി'യിൽനിന്ന് യഥാത്ഥമനസ്സിനെ വേർപെടുത്തിയെടുക്കണം. ദൈവവിളിയെപ്പററി അവസാനമായി തീരുമാനിക്കുന്നതിനുമുമ്പ് ഒരാൾക്ക് വേണ്ടത്ര മാനസികവും ശാരീരികവുമായ പക്വതയും വ്യക്തിവിലാസവും വന്നിരിക്കണം. ആരംഭത്തിൽ അവ സൂക്ഷ്മമായി ഒരാളിൽ കണ്ടെന്നുവരില്ല. അല്പമുറച്ച ഒരു തീരുമാനമെടുക്കുന്നതിന് ഒരു കുട്ടിക്ക് പതിനഞ്ചുവയസ്സെങ്കിലും ഉണ്ടായിരിക്കണം. എന്നാൽ ശരീരത്തിൻെറ പ്രായവും ആത്മാവിൻെറ പക്വതയും എപ്പോഴും ഒന്നിച്ചു പോയില്ലെന്നുവരാം. തന്നിമിത്തം ശാരീരികദൃഷ്ട്യാ പ്രായപക്വത പ്രാപിച്ചവരിൽ മാനസികദൃഷ്ട്യാ ശിശുക്കളെ കാണുക ദുർല്ലഭമല്ല. അവരുടെ ദൈവവിളിയെപററി തീരുമാനിക്കുക വളരെ പ്രയാസമാണ്. അവരിൽ ദൃഷ്ടീഭവിക്കുന്ന വിചാരശൂന്യത, പരിചയക്കുറവ്, പെരുമാററദോഷം, എടുത്തുചാട്ടം മുതലായ ദൃഷ്യങ്ങൾ കാലക്രമേണ മാറിപ്പോകുമെങ്കിലും, അസ്ഥിരതയും, തന്നിഷ്ടവും, സ്വാർത്ഥതയും അവരുടെ ദൈവവിളിയേക്കുറിച്ച് ഗുരുതരമായ സംശയം ജനിപ്പിക്കുന്ന ചീത്ത അടയാളങ്ങളാകുന്നു. അത്തരം വ്യക്തികളേപ്പററി വിധിക്കുന്നതിനു കാലതാമസം അത്യാവശ്യമാണ്. ഇതിനകം പരിത്യാഗവും നിസ്വാത്ഥതയും അഭ്യസിക്കാനുള്ള അവരുടെ ആഗ്രഹത്തിലും പരിശ്രമത്തിലും അവർസ്ഥിരത കാണിക്കുന്നെങ്കിൽ,അതിനെഅവർ സമ്പാദിച്ച ആദ്ധ്യാത്മികപക്വതയുടെ തെളിവായി കരുതാവുന്നതാണ്. നേരെമറിച്ചു അസ്ഥിരതയും തന്നിഷ്ടവും സ്വാർത്ഥതയുമാണ് ഒരാൾ പ്രകടിപ്പിക്കുന്നതെങ്കിൽ അയാളെ ഒരു ശിശുവായിട്ടുതന്നെ പരിഗണിക്കണം.

ആന്തരികമനസ്സ് വെറും വികാരമല്ലെന്നു പറഞ്ഞല്ലോ. അതുപോലെതന്നെ വെറും സിദ്ധാന്തപരമായി എടുക്കുന്ന ഒരു നിഗമനവുമല്ല അതു്; പ്രത്യുത, ഒരു വ്യക്തിയുടെ മുഴുഹൃദയത്തിൽനിന്ന് പുറപ്പെടുന്ന സജീവപ്രവത്തനത്തിൻെറ ഫലമായി രൂപംകൊള്ളുന്ന ഒരുറച്ച തീരുമാനമാണ്. "നീ പൂണ്ണനാകുവാൻ ആഗ്രഹിക്കുന്നെങ്കിൽ........എന്നെ അനുഗമിക്കുക" എന്ന് നമ്മുടെ കത്താവ് അരുളിച്ചെയ്യുന്നു. "ഞാൻ പൂണ്ണനാകുവാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടിതാ എനിക്കു ദൈവവിളിയുണ്ടു്" എന്ന് ആരെങ്കിലും ഉടനടി അനുമാനിക്കുന്നെങ്കിൽ, അതു് അയാളുടെ ആന്തരികമനസ്സിനെ വേണ്ടത്ര കണക്കിലെടുക്കാതെയുള്ള ഒരു നിഗമനമായിരിക്കും. ഒരാളുടെ ആത്മാവിൻെറ യഥാത്ഥ സ്വരം കേൾക്കുന്നതു് അയാൾ എന്താകുവാൻ ആഗ്രഹിക്കുന്നു എന്നതിൽനിന്നല്ല; പിന്നെയോ, അയാൾ എന്താകുന്നു എന്നതിൽ നിന്നാണ്. ഒരാൾ എന്താകുവാൻ ആഗ്രഹിക്കുന്നു എന്ന കാര്യത്തിൽ കാലത്തിൻെറ പരീക്ഷണം കഴിഞ്ഞിട്ടും, അയാൾ സ്ഥിരമായി നില്ക്കുന്നെങ്കിൽ, അയാൾ വാസ്തവത്തിൽ എന്താകുന്നു എന്ന് നമുക്കു ഗ്രഹിക്കാം. അതാണ് അയാളുടെ ആന്തരികമനസ്സ്. പ്രതിബന്ധങ്ങളെ ജയിച്ചുകൊണ്ടു് തൻെറ ആഗ്രഹത്തിൽ നിലനിൽക്കുന്നവൻ യഥാത്ഥ ആന്തരികമനസ്സിനെ പ്രകടിപ്പിക്കുന്നു.

ബോധപൂർവ്വമല്ലാതെ തന്നെത്താൻ ദൈവവിളി ഉണ്ടാക്കുന്നവരുണ്ടു്. അവർ ബാഹ്യമായി ഉദാരമന

സ്കരായി കാണപ്പെട്ടാലും അടിസ്ഥാനപരമായി അഹംഭാവികളും ജീവിതത്തിൽ തങ്ങൾക്ക് എന്തോ ഒരു പ്രധാന ഭാഗം അഭിനയിക്കാനുണ്ടെന്നമട്ടിൽ തങ്ങളുടെ ചുററുമുള്ളവരിൽനിന്ന് വ്യത്യസ്ഥമായ ഒരു നില സ്വീകരിക്കുന്നവരുമാകുന്നു. ഹൃദയത്തിന്റെ ചാച്ചിലനുസരിച്ച് തീരുമാനമെടുക്കുക, എടുക്കുന്ന തീരുമാനത്തെ ശാന്തമായി വീക്ഷിക്കുന്നതിനും പുനഃപരിശോധിക്കുന്നതിനും മനസ്സാകാതിരിക്കുക, സ്വന്ത അഭിപ്രായത്തിൽ മർക്കടമുഷ്ടിപിടിച്ചു നിൽക്കുക മുതലായവ തന്നെത്താനുണ്ടാക്കുന്ന ദൈവവിളിയുടെ അടയാളങ്ങളാകുന്നു.

ദൈവവിളിയുടെ ഉപോൽബലകമായി സ്ഥിതിചെയ്യുന്ന മനസ്സ് എത്രകണ്ട് യഥാർത്ഥവും സ്വതന്ത്രവുമായിരിക്കുമോ അത്രകണ്ട് ദൈവവിളി കലർപ്പില്ലാത്തതും ദൃഢവുമായിരിക്കും. മനസ്സിന്റെമേൽ ഏറെക്കുറെ സ്വാധീനശക്തി ചെലുത്തുന്ന ചില പ്രേരകകാരണങ്ങൾ യഥാർത്ഥ ദൈവവിളിയുടെ സന്ദർഭങ്ങളാകാമെങ്കിലും, ദീർഘമായ പരീക്ഷണം ആവശ്യമുണ്ട്. താദൃശസന്ദർഭങ്ങളാകുന്നു ഒരു സ്നേഹിതനോടുള്ള ബഹുമാനം, ഒരു ബന്ധുവിനോടുള്ള അടുപ്പം, ഒരു കുടുംബാംഗത്തിന്റെ ആത്മരക്ഷ, മാതാപിതാക്കന്മാരുടെ ആഗ്രഹം, സ്വന്തപാപബോധം മുതലായവ. ഇവയിൽനിന്നെല്ലാം വേർപെട്ടു നില്ക്കുന്ന യഥാർത്ഥ ആന്തരികമനസ്സിന്റെ ഉദ്ദേശശുദ്ധിയിലാണ് നാം ദൈവാഹ്വാനം കണ്ടുപിടിക്കുന്നത്. എന്നാൽ "താൻ ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നതിനേപ്പററി ശക്തിയായ ആന്തരികബോദ്ധ്യവും ആവശ്യമില്ല."എന്നത്രേ 11-ാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ളത്.

## ഉദ്ദേശശുദ്ധി

ഒരനുമാനം വഴിയാണ് ഒരാളുടെ പ്രസ്തുത ഉദ്ദേശശുദ്ധിയിൽ നാം എത്തിച്ചേരുന്നത്. മുഴുവനായും വിനയപൂർവവും, ദൈവത്തിനും അവിടുത്തെ സേവനത്തിനുംവേണ്ടിമാത്രവും ഒരാൾ സ്വയം പ്രതിഷ്ഠിക്കുന്നതിനു ദൃഢമായി ആഗ്രഹിക്കുന്നെങ്കിൽ അയാളെ ദൈവം വിളിക്കുന്നു എന്ന് എളിമയോടുകൂടി അനുമാനിക്കുന്നതിൽ തെററില്ല.

കണക്കുകൂട്ടലൊന്നും കൂടാതെ ദൈവസേവനത്തിനുവേണ്ടി ചെയ്യുന്ന പരിപൂർണ്ണ ആത്മാർപ്പണം ദൈവവിളി ആവശ്യപ്പെടുന്ന യഥാർത്ഥ ഉദ്ദേശശുദ്ധിയുടെ പ്രഥമലക്ഷണവും ഘടകവുമാകുന്നു. ദൈവത്തിന്റെ ഇഷ്ടംപോലെ നമ്മെ ഉപയോഗിക്കുവാനുള്ള സ്വാതന്ത്ര്യം കുറഞ്ഞപക്ഷം ആഗ്രഹത്തിലെങ്കിലും അവിടുത്തേക്കു നൽകിക്കൊണ്ട് ഒന്നും പിടിച്ചുവയ്ക്കാതെ മുഴുവൻ സമർപ്പിക്കുക അത്യന്താപേക്ഷിതമാണ്. ഒരു പ്രത്യേക ജോലിചെയ്യുന്നതിനുവേണ്ടി ഒരു സന്യാസ സഭയിൽ പ്രവേശിക്കുക ആശാസ്യമല്ല. തങ്ങളുടെ അഭിരുചിയനുസരിച്ച് പ്രേഷിതജോലികൾ നിർവഹിക്കപ്പെടുന്ന സന്യാസസഭകൾ തിരഞ്ഞെടുക്കരുത് എന്നല്ല പറയുന്നത്. ഏതു സഭ തിരഞ്ഞെടുത്താലും ദൈവവും അവിടുത്തെ പ്രതിനിധികളായ അധികാരികളും ആവശ്യപ്പെടുന്ന വിധത്തിൽ ദൈവസേവനം ചെയ്യുന്നതിനുള്ള സന്നദ്ധത ഉണ്ടായിരിക്കണം. ടൈപ്പിസ്റ്റായിരുന്ന ഒരു പെൺകുട്ടി രോഗികളെ ശുശ്രൂഷിക്കാനുള്ള താല്പര്യത്താൽ ഹോസ്പിററലുകൾ നടത്തുന്ന ഒരു സന്യാസിനീസഭയിൽ ചേർന്നു. നർസിംഗ് പരിശീലനം കഴിഞ്ഞപ്പോൾ അധികാരികൾ അവളെ ഓഫീസിൽ ടൈപ്പിസ്റ്റായി നിയമിച്ചു. "എനിക്കു എന്റെ പഴയ ഷോപ്പുതന്നെ കിട്ടി" എന്നു പറഞ്ഞുകൊണ്ട് അവൾ സസന്തോഷം ആ ജോലി ചെയ്തു. ഇപ്പോൾ തന്നോട് ദൈവം ആവശ്യപ്പെടുന്നത് രോഗശുശ്രൂഷയല്ല, പിന്നെയോ, ഓഫീസ് ജോലിയാണ് എന്ന് അവൾ നന്നായി ഗ്രഹിച്ചു. യഥാർത്ഥ ദൈവവിളിയുള്ള ആത്മാക്കൾ ദൈവം തിരുമനസ്സാകുന്നതുമാത്രം മനസ്സാകുന്നതുവരെ, കുറഞ്ഞപക്ഷം അപ്രകാരം ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നതുവരെ, ക്രമേണ പുരോഗമിക്കും.

ഒരാളുടെ ഉദ്ദേശശുദ്ധിയുടെ രണ്ടാമത്തെ ലക്ഷണം വിനയമാണ്. അയാളുടെ ആത്മാർപ്പണം ദൈവത്തിൽ നിന്നാണ് വരുന്നതെങ്കിൽ അയാൾ ദൈവത്തിൽ ആശ്രയിക്കാതിരിക്കുകയില്ല. വിനയവും വിധേയത്വവുമില്ലാതെ യഥാർത്ഥ ഉദാരതയോ മഹാമനസ്കതയോ കാണുകയില്ല. അഹംഭാവത്തോടുകൂടിയ ഉദാരമനസ്കതയോ അതിമാനുഷികത്വപ്രകടനമോ ദൈവവിളിയുടെ ലക്ഷണമല്ല. താൻ ആശ്ലേഷിക്കാൻപോകുന്ന ജീവിതാവസ്ഥയിൽ മരണംവരെ ദൈവാനുഗ്രഹത്തിൽ ആശ്രയിച്ചു ജീവിച്ചുകൊള്ളാമെന്ന വിനയമനോഭാവം ദൈവവിളിയിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു ഘടകമാണ്.

ഉദ്ദേശശുദ്ധിയുടെ മൂന്നാമത്തെ ലക്ഷണം സർവ്വപ്രധാനമായ ഒന്നത്രേ. ഒരാരം ദൈവത്തിനുവേണ്ടി മാത്രം വൈദികനോ, സന്ന്യാസിയോ ആകുവാൻ പോകുന്നതിലാണ് അതടങ്ങിയിരിക്കുന്നതു്. അയാളുടെ ആത്മാവിൻെറ അന്തർഭാഗത്തു് ദൈവത്തോടുള്ള അയാളുടെ സ്നേഹത്തിനെതിരായി യാതൊരു സൃഷ്ടസ്നേഹത്തേയും അയാരം വച്ചു സൂക്ഷിക്കുകയില്ല. ഇതു് എല്ലാ ക്രിസ്ത്യാനികളെക്കുറിച്ചും വാസ്തവമായിരിക്കേണ്ടതാണെങ്കിലും ദൈവത്തിനു സ്വയം പ്രതിഷ്ഠിച്ചിരിക്കുന്നവർ ആന്തരികമായി മാത്രമല്ല, ബാഹ്യമായും ലോകവസ്തുക്കളിൽ നിന്നും പക്ഷങ്ങളിൽ നിന്നും വേർപെട്ടു ജീവിക്കണം. ഒരു സന്ന്യാസിക്കു് അല്ലെങ്കിൽ വൈദികനു കുടുംബജീവിതത്തിലെ സന്തോഷങ്ങളെക്കുറിച്ചു് അസൂയപ്പെടേണ്ട ആവശ്യമില്ല. എന്തെന്നാൽ, ലോകം വാഗ്ദാനം ചെയ്യുന്നതിൻെറ നൂറിരട്ടി ദൈവസ്നേഹത്തിൽ അയാരംക്കു ലഭ്യമാകുന്നു. ദൈവസ്നേഹം ഹൃദയത്തെ വികസിപ്പിക്കുന്നതിനാൽ, ആത്മാവു് ദൈവത്തിലൂടെ ലോകത്തെ സമീപിക്കുകയും, പൂർവ്വോപരി അതിനെ സ്നേഹിക്കുകയും ദൈവത്തിലേക്കു് അതിനെ ആനയിക്കുന്നതിനു പരിശ്രമിക്കുകയും ചെയ്യുന്നു. തന്നിമിത്തം ദൈവത്തിനുവേണ്ടിമാത്രം ജീവിക്കാനുള്ള ആഹ്വാനം മനുഷ്യർക്കു കൂടുതൽ നന്മ ചെയ്യാനുള്ള സന്ദർഭംകൂടി പ്രദാനം ചെയ്യുന്നു.

പരിപൂർണ്ണമായി സ്വയം പ്രതിഷ്ഠിക്കാനുള്ള ആഗ്രഹം യഥാർത്ഥത്തിൽ ദൈവാനുഗ്രഹത്തിൽ നിന്നാണു് ഉൽഭൂതമാകുന്നതെങ്കിൽ അതു് നാരംക്കുനാരം ശക്തിപ്പെടുകയും അവസാനം സ്ഥിരമായിത്തീരുകയും ചെയ്യും. ക്ഷമയോടുകൂടി പല കൊല്ലങ്ങരം പാർത്തിരുന്നിട്ടും ഒരാളുടെ ദൈവിളിയുടെ കാര്യത്തിൽ പുരോഗതി ദൃഷ്ടീഭവിക്കുന്നില്ലെങ്കിൽ, അയാരം ശരിയായ മാർഗ്ഗത്തിലൂടെയല്ല ഗമിക്കുന്നതു് എന്നനുമാനിക്കണം.

സ്ഥിരതയ്ക്കും പുറമേ, യഥാർത്ഥ ദൈവവിളിയുള്ള ആത്മാവിൽ സമാധാനവും സന്തോഷവും കാലക്രമേണ വർദ്ധമാനമായിത്തീരുന്നു. എനിക്കനുയോജിച്ച സ്ഥാനത്തും ജോലിയിലുമാണു് ദൈവം തൻെറ കാരുണ്യാധിക്യത്താൽ എന്നെ നിറുത്തിയിരിക്കുന്നതു് എന്ന ബോദ്ധ്യം വേദനാജനകങ്ങളായ സാഹചര്യങ്ങളുടെ മദ്ധ്യത്തിൽപോലും, ഒരാരംക്കു് സന്തോഷമല്ലെങ്കിലും യഥാർത്ഥ ആന്തരിക സമാധാനം നൽകാതിരിക്കുകയില്ല.

## കഴിവുകൾ

ദൈവവിളിയെ തിരിച്ചറിയുന്നതിനുള്ള രണ്ടാമത്തെ മാനദണ്ഡം കഴിവുകളാണു്. ഇവ മേല്പറഞ്ഞ ഉദ്ദേശശുദ്ധിയോടും യഥാർത്ഥ മനസ്സിനോടും കൂടിയോന്നിച്ചു് പരിഗണിക്കപ്പെടേണ്ടതാണു്. സമാധാനത്തിലും സന്തോഷത്തിലും വിനയത്തോടുകൂടി ദൈവസേവനത്തിനു തന്നെത്തന്നെ മുഴുവനായി പ്രതിഷ്ഠിക്കുന്നതിനുള്ള ആഗാധവും കലർപ്പില്ലാത്തതുമായ ഒരാഗ്രഹം ഒരാളിൽ ഉള്ളതായി നാം കണ്ടാലും വേണ്ടത്ര കഴിവുകരം അയാരംക്കില്ലെങ്കിൽ, ദൈവവിളിയല്ല എന്നു പറയണം. അതുപോലെതന്നെ എത്രമാത്രം കഴിവുകളുണ്ടെങ്കിലും മേൽ പറഞ്ഞ ആഗ്രഹം അഥവാ ഉദ്ദേശശുദ്ധിയില്ലാത്ത ഒരാളെ ദൈവം തൻെറ സേവനത്തിനു വിളിക്കുന്നില്ല.

ഉദ്ദേശശുദ്ധിയെ ബാഹ്യമായി സ്ഥിരീകരിക്കുന്ന കഴിവുകരം അഥവാ ഗുണങ്ങരം പ്രധാനമായി മൂന്നാണു്: (1) ശാരീരികം, (2) മാനസികം, (3) ധാർമ്മികം.

ശാരീരികഗുണങ്ങളിൽ ആരോഗ്യത്തിനാണു് ഒന്നാം സ്ഥാനം. താൻ ആശ്ലേഷിക്കുവാൻ പോകുന്ന ജീവിതത്തിൻെറ കടമകരം നിർവ്വഹിക്കുന്നതിനുള്ള ആരോഗ്യവും ശാരീരികശക്തിയും ഒരാരംക്കു് ആരംഭത്തിലേ ഏറെക്കുറെ ഉണ്ടായിരിക്കണം. ബാഹ്യമായി പ്രേഷിതജോലികളിൽ ഏർപ്പെട്ടു് അദ്ധ്വാനിക്കേണ്ടിവരുമെന്നു് കാണുന്നവർ ഒരുമാതിരി നല്ല ആരോഗ്യം കൂടാതെ അത്തരം ജീവിതം കൈവരിക്കരുതു്. ദുർബ്ബലമായ ആരോഗ്യമുള്ളവരെ സന്ന്യാസസഭകളിൽ, പ്രത്യേകിച്ചു്, സന്ന്യാസിനീസമൂഹങ്ങളിൽ, ചില വ്യവസ്ഥകളിൻകീഴ് സ്വീകരിക്കാവുന്നതാണു്. അർത്ഥിനി തൻെറ ആരോഗ്യത്തെക്കുറിച്ചു് അമിതമായ ഉൽക്കണ്ഠയില്ലാത്തവളും സമൂഹത്തിലെ ഗണ്യമായ സംഖ്യ ആരോഗ്യവതികളും ആയിരിക്കണം. അവയവങ്ങളുടെ ഉപയോഗവും ശരീരഘടനയും വൈദ്യപരിശോധനയ്ക്കു വിധേയമാക്കേണ്ടതാണു്. ചില ബലഹീന ശാരീരികപ്രകൃതിക്കാർ സന്ന്യാസസഭകളിൽ വിഷമമേറിയ പ്രശ്നങ്ങരം സൃഷ്ടിക്കുന്നവരായി പരിണമിച്ചേക്കാം.

# സെലിമാർട്ടിൻ

## വി. കൊച്ചുത്രേസ്യായുടെ അമ്മ

(ഫാ. ഫിലിപ്പ്, ഒ. സി. ഡി.)

കൊച്ചുത്രേസ്യായുടെ മാതാപിതാക്കന്മാരാകാൻ ഭാഗ്യമുണ്ടായ ലൂയിസ്മാർട്ടിൻ, സെലിമാർട്ടിൻ എന്നീ ദമ്പതികളെ വിശുദ്ധരെന്നു നാമകരണം ചെയ്യുന്നതിനു പ്രാരംഭമായിട്ടുള്ള നടപടികൾ റോമിൽ നടന്നുകൊണ്ടിരിക്കുകയാണ്. 1956–ലാണ് ഏതാദ്ദശനടപടികൾ അവരുടെ ജന്മദേശത്തെ രൂപതകളിൽ ഉൽഘാടനം ചെയ്യപ്പെട്ടതു്. രൂപതാധികാരികളുടെ നേതൃത്വത്തിൽ നടക്കേണ്ട അന്വേഷണങ്ങൾ എല്ലാം പൂർത്തിയായി. തൽസംബന്ധമായ രേഖകൾ എല്ലാം റോമിലേക്ക് അയച്ചുകഴിഞ്ഞു.

1958, ഒക്ടോബർ 13–ാംതീയതി ഈ ദൈവദാസരുടെ ഭൗതികാവശിഷ്ടങ്ങൾ ലിസ്യൂവിലെ സിമിത്തേരിയിൽ നിന്ന് വിശുദ്ധയുടെ നാമത്തിൽ പണിചെയ്യപ്പെട്ടിരിക്കുന്ന മനോഹരമായ ബസിലിക്കായിലേക്ക് മാററപ്പെടുകയും അവിടെ വിശുദ്ധയുടെ തിരുസ്വരൂപത്തിന്റെ മുമ്പിൽ സംസ്ക്കരിക്കപ്പെടുകയും ചെയ്തു. അന്നുമുതൽ ലിസ്യൂവിലേക്കുള്ള തീർത്ഥാടനത്തിന് ഒരു സവിശേഷത ദൃശ്യമാകുന്നുണ്ട്. വ്യക്തികളെക്കാൾ കൂടുതലായി കുടുംബങ്ങളുടെ കൊച്ചുകൊച്ചു സംഘങ്ങളാണ് ആ തീർത്ഥാടനത്തിൽ പങ്കെടുക്കുന്നതു്. ലോകമാസകലം കുടുംബജീവിതം വഷളായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്, കുടുംബവിശുദ്ധി പുനസ്ഥാപിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി ഈ തീർത്ഥയാത്രകൾ പരിണമിക്കുമെന്നുള്ളതിന്റെ ലക്ഷണമാണ് ഈ മാററമെന്ന് പ്രത്യാശിക്കാൻ വകകാണുന്നുണ്ട്.

1858, ജൂലൈമാസം 13–ാംതീയതിയാണ് ലൂയിസും സെലിയും അലേൺസോണിലുള്ള കത്തോലിക്കാ ദേവാലയത്തിൽവച്ച് ദാമ്പത്യശൃംഖലയാൽ അനുഗ്ര

---

മാനസിക കഴിവുകൾകൊണ്ട് ദ്യോതിപ്പിക്കുന്നതു് ഒരാളുടെ ജീവിതാവസ്ഥയ്ക്കും നിർവ്വഹിക്കേണ്ട ജോലികൾക്കും ആവശ്യമായ അറിവു സമ്പാദിക്കുന്നതിനുള്ള ബുദ്ധിവൈഭവമാണ്. പൗരോഹിത്യപദത്തിലേക്കുയർത്തപ്പെടുന്നതിന് ഒരാൾക്ക് സാധാരണബുദ്ധിശക്തിയെങ്കിലും ഉണ്ടായിരിക്കേണ്ടതു് ആവശ്യമത്രേ.

സൽസ്വഭാവവും സൽമനോഭാവങ്ങളുമാണ് ധാർമ്മികഗുണങ്ങളുടെപേരിൽ അറിയപ്പെടുന്നതു്. ശുദ്ധത, വിധേയത്വം, ത്യാഗസന്നദ്ധത, വിനയം മുതലായവ അത്യന്താപേക്ഷിതങ്ങളാണ്. ചെറുപ്പത്തിലെ സ്ഥായിയായിക്കാണുന്ന ചില സ്വഭാവദൂഷ്യങ്ങൾ നീക്കപ്പെടുക ദുസ്സാദ്ധ്യമായിരിക്കും.

കലഹപ്രിയന്മാരെയും അനിയന്ത്രിതമായ വിധത്തിൽ കോപാവിഷ്ടരാകുന്നവരേയും, എന്തോ മാനസിക രോഗത്തിന്റെ ഫലമെന്നോണം ഒരുത്തരോടും പൊരുത്തമില്ലാതെ നടക്കുന്നവരേയും സ്വീകരിക്കാതെന്നെ ചെയ്യരുതു്. സത്യത്തെ തഴക്കമായി വളച്ചൊടിക്കുകയും സദാ തന്നിഷ്ടം കാണിക്കുകയും ചെയ്യുന്നവരെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ തള്ളിക്കളയേണ്ടതാകുന്നു. സ്വാർത്ഥമതികൾ, ഗ്ലാനാമനസ്കർ, എവിടെയും അശുഭം പ്രതീക്ഷിക്കുന്നവർ. അസംതൃപ്തി വച്ചുപുലർത്തുന്നവർ, അതതു നിമിഷത്തെ തോന്നലുകൾ അനുസരിച്ചു പ്രവർത്തിക്കുന്നവർ മുതലായവരെ സൂക്ഷ്മനിരീക്ഷണം ചെയ്ത്, തങ്ങളുടെ സ്വഭാവത്തിന്റെ ബലഹീനവശങ്ങളെ നന്നാക്കുന്ന വിധമനുസരിച്ചുമാത്രം കൊള്ളുകയോ തള്ളുകയോ ചെയ്യണം.

ഉദ്ദേശശുദ്ധിയും വേണ്ട കഴിവുകളും പ്രകടിപ്പിക്കുന്നതിനാൽ യഥാർത്ഥ ദൈവവിളിയുണ്ട് എന്നു കരുതി നാം സ്വീകരിക്കുന്ന ആളുകൾ, ആത്മാർത്ഥതയോടും വിനയത്തോടും ഉദാരതയോടും കൂടി ദൈവാനുഗ്രഹത്തോടു സഹകരിക്കുന്നെങ്കിൽ, കാലാന്തരത്തിൽ ദൈവത്തിന്റെ ഉത്തമദാസന്മാരും കത്തോലിക്കാ തിരുസ്സഭയുടെ അഭിമാനസ്തംഭങ്ങളും ആയിത്തീരുന്നതാണ്.

ഹിതരായത്. പതിനഞ്ചുവർഷങ്ങൾക്കുശേഷം അവരുടെ ഒമ്പതാമത്തേയും അവസാനത്തേയുമായ സന്താനം —കൊച്ചുത്രേസ്യാ—ആ ദേവാലയത്തിൽതന്നെ ആനീതയാകുകയും ജ്ഞാനസ്നാനമെന്ന കൂദാശമുഖേന ദൈവപ്രസാദവരത്താൽ അലംകൃതയാകുകയും ചെയ്തു. അരനൂറ്റാണ്ടിനുശേഷം ആ ദേവാലയത്തിന്റെ അധികാരികൾ വി. കൊച്ചുത്രേസ്യായുടെ ഒരു സ്വരൂപം, മേൽപ്രസ്താവിതമായ രണ്ട് സംഭവങ്ങളുടേയും സ്മാരകമായി ആ ദേവാലയത്തിൽ സ്ഥാപിക്കുകയുണ്ടായി.

"ഭൂമിക്ക് എന്നതിനേക്കാൾ സ്വർഗ്ഗത്തിനു കൂടുതൽ യോഗ്യരായ മാതാപിതാക്കൾ" എന്നു വി. കൊച്ചുത്രേസ്യാതന്നെ വിശേഷിപ്പിക്കുന്ന ഈ സുഭഗദമ്പതികളെ കത്തോലിക്കാതിരുസ്സഭ താമസംവിനാ വിശുദ്ധിപദത്തിലേക്ക് ഔദ്യോഗികമായി ഉയർത്തുമെന്നു നമുക്കു പ്രത്യാശിക്കാം. ഇവരിൽ സെലിമാർട്ടിനെപ്പറ്റിയാണ് ഇവിടെ അല്പം പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത്.

സെലിഗ്വരിൻ എന്ന കന്യാനാമധാരിണിയായിരുന്ന കൊച്ചുത്രേസ്യായുടെ വത്സലമാതാവ്, ഫ്രാൻസിൽ അലൺസോൺ എന്ന ഗ്രാമത്തിൽ 1831–ൽ ഭൂജാതയായി. അവളുടെ ബാല്യകാലത്തെപ്പറ്റി നമുക്ക് അധികമൊന്നും അറിവില്ല. വിസിറ്റേഷ്യൻ കന്യകാമഠത്തിൽ പ്രവേശിച്ച അവളുടെ ജ്യേഷ്ഠസഹോദരിയെ അനുകരിച്ചു നിത്യകന്യാത്വം മുഖേന ദൈവത്തിനു സ്വയം പ്രതിഷ്ഠിക്കുന്നതിന് അവളും ആഗ്രഹിച്ചു. തദർത്ഥം, പ്രായപൂർത്തിയായ ഉടനെ അവൾ വിൻസെന്റ് ദി പോൾ സഭയിൽ പ്രവേശനത്തിന് അഭ്യർത്ഥിച്ചു. പക്ഷെ, എന്തോ കാരണത്താൽ അവളുടെ അഭ്യർത്ഥന നിരസിക്കപ്പെടുകയാണ് ഉണ്ടായത്.

സന്താപനിമഗ്നയായിട്ടാണ് അവൾ തിരിച്ചുവന്നത്. എങ്കിലും അധൈര്യപ്പെടാതെ അവൾ ദിവ്യനാഥനോട് ഇപ്രകാരം പ്രാർത്ഥിച്ചു: "എന്റെ പ്രിയപ്പെട്ട രക്ഷകാ, എന്റെ സഹോദരിയെപ്പോലെ അങ്ങയുടെ മണവാട്ടിയായിത്തീരുന്നതിനു ഞാൻ യോഗ്യയല്ലാത്തതുകൊണ്ട്, വൈവാഹികാന്തസ്സിൽ പ്രവേശിക്കുന്നതിനു ഞാൻ നിശ്ചയിക്കുന്നു. എന്നാൽ, എനിക്ക് ധാരാളം മക്കളെ നൽകണമെന്നും, അവരെല്ലാവരും നിനക്ക് പ്രതിഷ്ഠിക്കപ്പെടുന്നതിന് ഇടയാക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു." ദൈവം ആ പ്രാർത്ഥനയെ അക്ഷരംപ്രതി പൂർത്തിയാക്കി.

1853–ൽ സെലിഗ്വരിൻ അലൺസോണിൽ ഒരു ലേസ് വ്യാപാരം ആരംഭിച്ചു. മനോഹരമായ ലേസ് ഉണ്ടാക്കുന്നതിൽ അവൾക്കുണ്ടായിരുന്ന സാമർത്ഥ്യം അനിതരസാധാരണമായിരുന്നു. ആളുകൾ ഓടിക്കൂടി. സെലിയുടെ ലേസ് വ്യാപാരം ദിനംദിനം അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരുന്നു.

ആയിടയ്ക്കാണ് അവൾ ലൂയിസ് മാർട്ടിനെക്കണ്ടുമുട്ടിയതു്. സെലിയെപ്പോലെ ലൂയിസും സന്യാസജീവിതം നയിക്കുന്നതിനു പരിശ്രമിച്ചിട്ട് സാധിക്കാതെ പിന്തിരിയേണ്ടിവന്ന ഒരു വ്യക്തിയായിരുന്നു. അദ്ദേഹവും ദൈവഹിതത്തിനു വഴങ്ങി വൈവാഹികജീവിതം സ്വീകരിക്കുന്നതിനു നിശ്ചയിച്ചിരുന്നു. മേൽപ്രസ്താവിച്ചിട്ടുള്ളതുപോലെ, 1858 ജൂലൈ 13–ാംതീയതി അവർ വിവാഹിതരായി. ഉടൻതന്നെ റൂ പോണ്ട് എന്ന തെരുവിൽ സ്ഥിതിചെയ്തിരുന്ന ഒരു വീട്ടിലേക്ക് അവർ താമസം മാററുകയും ചെയ്തു.

വലിയ ഒരു രണ്ടുനിലക്കെട്ടിടമായിരുന്നു അതു്. അതിന്റെ രണ്ടാംനിലയിൽ ലൂയിസിന്റെ മാതാപിതാക്കന്മാരും, ഒന്നാംനിലയിൽ ഭാര്യാസമേതം ലൂയിസും താമസമാക്കി. സെലിയുടെ ലേസ് വ്യാപാരവും ഈ പുതിയ കെട്ടിടത്തിലേക്കു മാററി.

സ്നേഹനിർഭരമായ ഒരു മാതൃഹൃദയമാണ് ദൈവം സെലിക്കു നൽകിയിരുന്നതു്. "ധാരാളം കുട്ടികൾ ഉണ്ടാകണമെന്നും അവരെ എല്ലാവരെയും സ്വർഗ്ഗത്തിനു യോഗ്യമായവിധം വളർത്തണമെന്നു"മായിരുന്നു അവളുടെ അഭിലാഷം. അവളുടെ കുട്ടികളിൽ നശ്വരമായ ശരീരത്തെക്കാൾ കൂടുതലായി അമർത്ത്യമായ ആത്മാവിനെയാണ് അവൾ ദർശിച്ചതു്. തൻമൂലം സ്വർഗ്ഗീയസൗഭാഗ്യത്തിന് അനുയോജ്യമായവിധം അവരെ വളർത്തിക്കൊണ്ടു വരികയെന്നുള്ളതു് അവളെ സംബന്ധിച്ചിടത്തോളം വളരെ സ്വാഭാവികമായിരുന്നു. അതുകൊണ്ട് തനിക്ക് ധാരാളം കുട്ടികൾ ജനിക്കണമെന്നും, അവർ എല്ലാവരും ദൈവത്തിനു പ്രതിഷ്ഠിക്കണമെന്നും, അവർ എല്ലാവരും വിശുദ്ധരായിത്തീരണമെന്നും സെലി അഭിലഷിച്ചു.

"മാതാപിതാക്കന്മാരുടെ ഏററവും ഉന്നതമായ ആദർശം ഒരു വൈദികപുത്രനുണ്ടാകുക" എന്നതാണ്

എന്നു പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിക്കുകയുണ്ടായി. തങ്ങളുടെ കുട്ടികൾ ദൈവശുശ്രൂഷയ്ക്കായി ക്ഷണിക്കപ്പെടുന്നതിനു മാതാപിതാക്കന്മാർ ദിവസവും വിനയപൂർവം പ്രാർത്ഥിക്കണമെന്നും ആ വന്ദ്യ തിരുമേനി ഉൽബോധിപ്പിക്കുന്നു. ഇതായിരുന്നു മാർട്ടിൻദമ്പതികളുടെ ഏററവും വലിയ അഭിലാഷം. ദൂരദേശങ്ങളിൽ പോയി സത്യവേദം പ്രസംഗിക്കുന്ന ഒരു മിഷ്യനറിയെ സന്താനമായി ലഭിക്കണമെ എന്നുള്ളതായിരുന്നു അവരുടെ ഏററവും തീവ്രമായ പ്രാർത്ഥന.

സെലിമാർട്ടിൻ ഒരിക്കൽ ഇപ്രകാരം എഴുതുകയുണ്ടായി. "ഞങ്ങൾക്കു കുട്ടികൾ ഉണ്ടായപ്പോൾ ഞങ്ങൾ അവയ്ക്കുവേണ്ടിമാത്രം ജീവിക്കാൻ തുടങ്ങി. അവരായിരുന്നു ഞങ്ങളുടെ സർവ്വ സൗഭാഗ്യവും. അവർക്കു പുറമെ, യാതൊരാനന്ദവും കണ്ടെത്തുന്നതിനു ഞങ്ങൾക്കു സാദ്ധ്യമല്ലായിരുന്നു. അവർക്കു വേണ്ടിയുള്ള യാതൊരു ത്യാഗവും അധികമായി ഞങ്ങൾക്കു തോന്നിയില്ല. ലോകത്തിലെ ജീവിതം ഭാരമായി ഞങ്ങൾക്കു് അനുഭവപ്പെട്ടുമില്ല. എന്നെ സംബന്ധിച്ചിടത്തോളം എൻെറ കുഞ്ഞുങ്ങൾ എന്നെ വേണ്ടത്ര തൃപ്തിപ്പെടുത്തുന്നതിനു പര്യാപ്തമായ പ്രതിഫലമായിരുന്നു.''

അവർക്കു് തങ്ങളുടെ പ്രഥമസന്താനം ലഭിക്കാൻ പോകുന്നു എന്നു മനസ്സിലായതോടുകൂടെ, മാർട്ടിൻ ദമ്പതികൾ ആ ദൈവദാനത്തെ സ്വീകരിക്കുന്നതിനു് ഉപയുക്തമായവിധം ഒരുങ്ങുവാൻ തുടങ്ങി. സെലി പ്രത്യേകിച്ചും കൂടുതൽ പ്രാർത്ഥനാനിർഭരമായ ഒരു ജീവിതം നയിക്കുവാൻ ആരംഭിച്ചു. ഗർഭിണിയായ തൻെറ മനോവികാരങ്ങൾപോലും എപ്രകാരം തൻെറ കുഞ്ഞിൽ പ്രതിഫലിക്കുമെന്നു് അവൾക്കു പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു.

തങ്ങളുടെ ആദ്യത്തെ പുത്രിക്കു് പരിശുദ്ധ കന്യകാമറിയത്തിൻെറ മനോഹരനാമം നല്കണമെന്നു് ആ വിശുദ്ധരായ ദമ്പതികൾ തീരുമാനിച്ചിരുന്നു. തങ്ങളുടെ പ്രഥമ പുത്രനു് വി. യൗസേപ്പിൻെറ നാമം നല്കണമെന്നുമായിരുന്നു അവരുടെ നിശ്ചയം.

1860 ഫെബ്രുവരി 22-ാംതീയതിയാണു് സെലിമാർട്ടിൻ തൻെറ പ്രഥമ സന്താനത്തെ ലോകത്തിനു നൽകിയതു്. ആദ്യമായി അമ്മ എന്നു വിളിക്കപ്പെട്ടപ്പോൾ അവൾക്കു അനുഭവപ്പെട്ട അഭിമാനവും ആനന്ദവും സീമാതീതമായിരുന്നു. ലൂയിസ് മാർട്ടിൻെറ മനഃസ്ഥിതിയും വ്യത്യസ്തമല്ലായിരുന്നു. പിറേറദിവസം തൻെറ പ്രഥമ പുത്രിയെ ദേവാലയത്തിൽ കൊണ്ടുചെന്നു് ജ്ഞാനസ്നാനപ്പെടുത്തി മരിയ എന്ന പേരു നല്കിയ അവസരത്തിൽ 'അദ്ദേഹം അവിടത്തെ വന്ദ്യ വൈദികനോടു് അഭിമാനപൂർവം പറഞ്ഞു. "എൻെറ കുഞ്ഞിനു് ജ്ഞാനസ്നാനം നല്കുന്നതിനു് ഇന്നാദ്യമായിട്ടാണു് ഞാൻ ഇവിടെ വരുന്നതു്. എന്നാൽ ഇതു് അവസാനത്തെ പ്രാവശ്യമായിരിക്കുകയില്ല."

(തുടരും)

---

റോമായിലെ, കർമ്മലീത്താ ഒന്നാംസഭവക ഇൻറർനാഷണൽ കോളേജിൽനിന്നു കഴിഞ്ഞകൊല്ലം വിവിധരാജ്യങ്ങളിൽ നിന്നായി രണ്ടുപേർ ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദവും പന്ത്രണ്ടുപേർ S. T. L. ബിരുദവും സമ്പാദിച്ചിരിക്കുന്നു.

—o—

ഭാഗ്യമോടെ വാഴുന്ന 23-ാം ജോൺ മാർപ്പാപ്പാ 1961 നവംബർ 25-ാംതീയതി താഴെക്കാണുന്ന ദണ്ഡവിമോചനങ്ങൾ അനുദിനജോലികളുടെ സമർപ്പണത്തിനു കല്പിച്ചരുളിയിരിക്കുന്നു.

1. പൂർണ്ണദണ്ഡവിമോചനം—സാധാരണ വ്യവസ്ഥകളിൽ: ദിവസം മുഴുവൻ ചെയ്യുവാൻ പോകുന്ന ബുദ്ധിപരമോ, ശാരീരികമോ ആയ ജോലികൾ ഏതെങ്കിലും വാക്യമുപയോഗിച്ചു് കാലത്തേ കാഴ്ചവയ്ക്കുന്ന വിശ്വാസികൾക്കു്.

2. അമ്പതുദിവസത്തെ ദണ്ഡവിമോചനം: അപ്പപ്പോൾ ചെയ്യുന്നജോലി മനസ്താപിക്കുന്ന ഹൃദയത്തോടുകൂടി ഏതെങ്കിലും ചൊല്ലി ഭക്തിയോടെ സമർപ്പിക്കുന്നവർക്കു്.

—o—

# മാപ്പനൽകപ്പെട്ട കള്ളൻ

(ശ്രീ. എ. എസ്. തോമസ്, മാരാരിക്കുളം)

ക്രിസ്തുവിനെ അവൻ കാൽവരിയിൽവെച്ചല്ലാതെ അറിഞ്ഞിട്ടുണ്ടായിരിക്കുമോ?

ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ട ആ നല്ല കള്ളന്റെ വിശ്വാസപ്രഖ്യാപനം ചരിത്രത്തിൽ എഴുതപ്പെട്ടിട്ടുള്ള ഏററവും അനിതരസാധാരണമായ സംഭവങ്ങളിൽ ഒന്നാണ്.

ഒരാളെ വലത്തും വേറൊരാളെ ഇടത്തുമായി. അങ്ങനെ രണ്ടു കള്ളന്മാരെയാണ് ദിവ്യരക്ഷകന്റെ കൂടെ ക്രൂശിച്ചതു്. മൂന്നു കുരിശുകളും അടുത്തടുത്തായിരുന്നതിനാൽ കുരിശിൽ തറയ്ക്കപ്പെട്ടിരുന്നവക്ക് തമ്മിൽ സംസാരിക്കുന്നതിനു് പ്രയാസമുണ്ടായിരുന്നില്ല. സുവിശേഷം ഈ രണ്ടു കള്ളന്മാരെയും പററി വേർതിരിച്ച് ഒന്നും പറയുന്നില്ല. എന്നാൽ പുരാതന ക്രിസ്തീയ രേഖകളിൽ ഇവരെപ്പററി ധാരാളം കഥകൾ ഉണ്ടു്. അവയിൽ ഇവക്ക് പ്രത്യേകം പേരുകൾ ഉള്ളതായി കാണുന്നുണ്ടു്. നല്ലകള്ളൻ അതിൽ ഡിസ്മാസ് എന്നപേരിലും ചീത്തകള്ളൻ ഗെസ്ററാസ് എന്നപേരിലുമാണ് അറിയപ്പെടുന്നതു്. പ്രസ്തുത രേഖകൾക്ക് ചരിത്രപരമായി വലിയ പ്രാധാന്യമില്ലാത്തതുകൊണ്ടു് നാം സുവിശേഷകന്മാർ നൽകിയിട്ടുള്ള വിവരങ്ങളെ ആശ്രയിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ക്രിസ്തുവിനോടുകൂടി കുരിശിൽ തറക്കപ്പെട്ടിരുന്ന ആ കള്ളന്മാർ അവിടെ നടന്നിരുന്നതെല്ലാം നിരീക്ഷിച്ചുകൊണ്ടാണിരുന്നതു്. അവിടെ കൂടിയിരുന്നവരെല്ലാം തങ്ങളെ നോക്കാതെ, യേശുവിന്റെ നേക്കു മാത്രം കൂടുതൽ ശ്രദ്ധപതിപ്പിച്ചിരുന്നതുകൊണ്ടു് ഒരു പക്ഷേ അവർ സന്തോഷിച്ചിരിക്കും. ക്രിസ്തുവിന്റെ തലയ്ക്കു് മുകളിൽ എഴുതിവച്ചിരുന്നതു്, അവർ വായിച്ചിരിക്കും. മുഖ്യപുരോഹിതന്മാരും, നിയമജ്ഞന്മാരും, അതിലേ കടന്നുപോയിരുന്ന വഴിപോക്കരും ക്രിസ്തുവിനെ കുത്തുവാക്കുകൾപറഞ്ഞു പരിഹസിച്ചിരുന്നതു് അവർ കേട്ടിരുന്നു. ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്തിരുന്ന അവക്ക് രണ്ടുപേർക്കും വളരെ വിഭിന്നമായ ഒരു പ്രതികരണമാണ് ഉണ്ടായതു്.

ആശ്ചര്യകരമായവിധം ഒരുവൻ ക്രിസ്തുവിന്റെ ശത്രുക്കളോടുചേന്ന് അവിടത്തെ പരിഹസിക്കുകയും നിന്ദിക്കുകയും ദൈവദൂഷണം പറയുകയും ചെയ്തു. സാധാരണയായി ശിക്ഷയ്ക്കു് വിധിക്കപ്പെടുന്നവർ, മററുകാണികളിൽനിന്നും വധശിക്ഷനടത്തുന്നതിനു് നിയമിക്കപ്പെട്ടവരിൽനിന്നുമുള്ള നിന്ദാവാക്കുകളും, മററു് ദുരിതങ്ങളും ഒന്നിച്ച് അനുഭവിക്കുകയും തങ്ങളെ വധിക്കുന്നവരെയും, കാണികളെയും ഒരുപോലെ ശപിക്കുകയും, പ്രാകുകയുമാണ് ചെയ്യുക. എന്നാൽ ഇവിടെ ഒരു കള്ളൻ യേശുവിനെതിരായി നിന്നുകൊണ്ടു് നിന്ദാസൂചകമായി ചോദിക്കയാണു്. "നീ ക്രിസ്തുതന്നെയല്ലയോ?" മിശിഹായെപ്പററിയുള്ള യഹൂദചിന്താഗതി അവനുണ്ടായിരുന്നതിനാലും, മററുള്ളവർ ഈശോയെ കുരിശിൽ നിന്നും ഇറങ്ങിചെല്ലുന്നതിനു് വെല്ലുവിളിക്കുന്നതു് കേൾക്കയാലും അവനും അപഹാസശുരപ്പേണ ഇങ്ങനെ ആക്രോശിച്ചു. "നിന്നെതന്നെ രക്ഷിക്കുക" എന്നും അല്പനേരത്തെ ആലോചനയ്ക്കുശേഷം "ഞങ്ങളെയും രക്ഷിക്കുക" എന്നും. യേശു അവനെ പരിഛേദം അവഗണിക്കയല്ലാതെ ഒന്നും മിണ്ടിയില്ല.

എന്നാൽ മററകള്ളൻ യേശുവിനോടു് അത്യന്തം ആദരവോടുകൂടിയാണ് പെരുമാറിയതു്. ഒരു പക്ഷേ യേശുവിന്റെ പ്രശാന്തനിർഭരമായ നിശബ്ദതയാവാം അവനെക്കൊണ്ടു് സംസാരിപ്പിച്ചതു്. മറേറക്കള്ളനെ ശകാരിച്ചുകൊണ്ടു് അവൻ ഇപ്രകാരം പറഞ്ഞു. "നീയും അതേശിക്ഷാവിധിക്കുതന്നെ വിധേയനായിരിക്കെ, ഇങ്ങനെ പെരുമാറുവാൻ നിനക്ക് ദൈവത്തെപ്പോലും ഭയമില്ലെന്നോ"? ഇവിടെ ഭയമെന്ന വാക്കിനാണ് പ്രാധാന്യംകൊടുത്തുകാണുന്നതു്. അവൻ അതുകൊണ്ടു് ഉദ്ദേശിച്ചതു് ഇങ്ങനെയായിരുന്നു. "നീ ദൈവത്തെ സ്നേഹിക്കുന്നില്ലായിരിക്കാം. എന്നാൽ; നിനക്ക് ആസന്നമായിരിക്കുന്ന മരണത്തിന്റെയും, ശിക്ഷാവിധിയുടേയും വെളിച്ചത്തിലെങ്കിലും, നീ ദൈവത്തെ ഭയപ്പെടുകയും, നിന്നോടുകൂടി ദുരിതമനുഭവിച്ചുകൊണ്ടിരിക്കുന്ന ഇദ്ദേഹത്തെ പരിഹസിച്ചു് നിന്റെ കുററങ്ങളുടെ കാഠിന്യം വർദ്ധിപ്പിക്കാതിരിക്കുകയും വേണം." മററുള്ളവക്ക് അവർ ശിക്ഷയ്ക്കു്

അധീനരല്ലെന്നുള്ള ധൈര്യത്തിലെങ്കിലും പരിഹസിക്കാം. എന്നാൽ അതുപോലെയാണോ ഈശോയോടുകൂടി കുരിശുമരണം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരുവൻ അങ്ങനെ ചെയ്യുക!!

പിന്നീട് ഈ ക്രൂശിതനായ നല്ലകള്ളൻ വളരെ മനോഹരമായ ചില വാക്കുകൾ തുടന്നു പറഞ്ഞതായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "നാം വാസ്തവത്തിൽ വളരെ നീതിപൂർവമാണ് ഈ ശിക്ഷയ്ക്കു് വിധിക്കപ്പെട്ടിരിക്കുന്നതു്. കാരണം നമ്മുടെ പ്രവൃത്തികൾമൂലം നാം ഈ ശിക്ഷ അർഹിക്കുന്നവരാണു്. എന്നാൽ ഈ മനുഷ്യൻ യാതൊരു കുററവും ചെയ്തിട്ടില്ല." ആ കള്ളൻ വളരെ മോശമായ ഒരു ജീവിതമാണു് നയിച്ചിരുന്നതു്. തൻമൂലം നീതി അവനെ പിടികൂടി. അങ്ങനെ അവൻ കുരിശിൽ തറയ്ക്കപ്പെടുകയും മരിക്കയുമാണു്.

ഈ സമയം അവനെ കുരിനിൽ തറച്ചവരെ ശപിക്കുന്നതിനും, ക്രിസ്തുവിനെ അവഹേളിക്കുന്നതിനും പകരം ആ നല്ലകള്ളൻ വളരെ ശാന്തമായി തന്റെ ഹൃദയമനസ്സുകളെ അടുത്തുതന്നെ കുരിശിൽ തൂങ്ങിക്കിടന്നിരുന്ന ദിവ്യരക്ഷകനിൽനിന്നും ദിവ്യവരപ്രസാദവും വെളിച്ചവും പ്രവേശിക്കുന്നതിനായി തുറന്നുകൊടുത്തു. അവൻ തന്റെ പാപങ്ങളെ ഏററുപറഞ്ഞു. പീഡനങ്ങളെ തന്റെ പാപകർമ്മങ്ങൾക്കുള്ള ന്യായമായ ശിക്ഷയായിമാത്രം അവൻ പരിഗണിച്ചുകൊണ്ടു് സ്വീകരിച്ചു. പരിഹസിക്കുകയും കൂക്കുവിളിക്കുകയും ചെയ്തുകൊണ്ടിരുന്ന ആ ജനാവലിയുടെ മുമ്പിൽ പരസ്യമായി ക്രിസ്തുവിന്റെ നിരപരാധിത്വത്തിലുള്ള അവന്റെ ദൃഢവിശ്വാസത്തെ അവൻ പ്രഖ്യാപിച്ചു.

പശ്ചാത്താപം ഈ ക്രൂശിതനായ കള്ളന്റെ ഹൃദയമനസ്സുകൾക്കു് ഒരു സമൂലപരിവർത്തനം വരുത്തി തന്മൂലം വിശ്വാസമെന്ന ദാനംഅവനു നൽകപ്പെട്ടു. താമസമെന്യേ അവനു് യേശുക്രിസ്തുവിലുണ്ടായ വിശ്വാസം, ചുരുങ്ങിയതെങ്കിലും ഹൃദയത്തിൽ വിങ്ങിയ വാക്കുകളിൽ ഇങ്ങനെ പ്രഖ്യാപിച്ചു: "ഈശോയെ, അങ്ങയുടെ രാജ്യത്തിൽ പ്രവേശിക്കുമ്പോൾ അവിടന്നു് എന്നെക്കൂടി സ്മരിക്കണമെ." അവന്റെ വാക്കുകളിൽ സ്നേഹം നിറഞ്ഞിരുന്നു, ഈശോയെന്നു് ദിവ്യരക്ഷകനെ സംബോധനചെയ്യതുതന്നെ വളരെ സ്നേഹത്തോടുകൂടിയായിരുന്നു. അധികമൊന്നും അവൻ ചോദിച്ചില്ല. അതെല്ലാം ദിവ്യരക്ഷകന്റെ ഹിതത്തിനായി വിട്ടു. ഈശോയിക്കു് അവനെപ്പററി ഒരു വിചാരം ഉണ്ടായിരിക്കണമെന്നും, അവനെ അവിടുന്നു് പരിപൂർണ്ണമായി മറന്നുകളയരുതെന്നും മാത്രം അവൻ ഈശോയോടു് അപേക്ഷിച്ചു.

ക്രിസ്തുവിൽ അവൻ കണ്ടെത്തിയ പുതിയ വിശ്വാസംമൂലം അവന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പോലും അവൻ കൂട്ടാക്കിയില്ല. അതിലെല്ലാം ഉണ്ടായിരുന്ന താല്പര്യം അവനു് ഇല്ലാതായി. ഭാവിയെപ്പററി മാത്രം അവൻ ചിന്തിച്ചു. ഈശോ തന്നെയാണു് സാക്ഷാൽ മിശിഹായെന്നും, മിശിഹായുടെ മഹത്തായ രാജ്യത്തിൽ അവനും പ്രവേശനം ലഭിക്കുമെന്നും അവൻ വിശ്വസിച്ചു. ഈശോയും അവനോടൊപ്പം കുരിശുമരണം അനുഭവിക്കുന്നതുകൊണ്ടു് ഈ രാജ്യത്തിൽ പ്രവേശിക്കുന്നതിനു് മരണാനന്തരജീവിതത്തിലെ സാദ്ധ്യമാകുകയുള്ളുവെന്നും അവനു് വ്യക്തമായി അറിയാമായിരുന്നു.

ഈ കള്ളൻ ഈശോയെ നോക്കുമ്പോൾ കാണുന്നതു്, റോമൻ അധികാരികളാലും, സ്വജനങ്ങളാലും അപഹസിക്കപ്പെട്ടും, നിന്ദിക്കപ്പെട്ടും, തന്നെപ്പോലെ തന്നെ ഒരു കുററവാളിയെന്നനിലയിൽ കുരിശിൽ തറയ്ക്കപ്പെട്ടു മരിക്കുന്നതായിട്ടാണു്. തിരുസുതന്റെ അതിദയനീയമായ ഈ അവസ്ഥയിൽ ഹൃദയം പിളർക്കപ്പെട്ട അവിടത്തെ മാതാവും, നിസ്സഹായരായ വിശ്വസ്തമിത്രങ്ങളും കുരിശിൻചുവട്ടിൽ ദുഃഖവിവശരായി നിൽക്കുന്നുണ്ടു്. ഇത്രയേറെ അവശനിലയിൽ ഈശോയെ കണ്ടിട്ടുപോലും യാതൊരു ചാഞ്ചല്യവും കൂടാതെ ഈശോ തന്നെയാണു് യഥാർത്ഥത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായെന്നു് ആ തസ്ക്കരൻ ദൃഢമായി വിശ്വസിക്കയും, യാതൊരു സങ്കോചവും കൂടാതെ അവന്റെ വിശ്വാസത്തെ ഉടനടി പ്രഖ്യാപനംചെയ്തുകൊണ്ടു് ദിവ്യരക്ഷകനോടു് അവിടന്നു് സ്വർഗ്ഗരാജ്യത്തിലേക്കു് തിരിയെ പോകുമ്പോൾ അവനെ കൂടി ഓർമ്മിക്കണമെന്നു് യാചിക്കുകയും ചെയ്യുന്നു.

ഈ മനുഷ്യനു് കാൽവരിയിൽ വരുംമുമ്പു് ക്രിസ്തുവിനെ അറിയാമായിരുന്നോ? അതുമല്ലെങ്കിൽ ക്രിസ്തുവിനെപ്പററിയും അവിടത്തെ പഠനങ്ങളെക്കുറിച്ചും ഇയാൾക്കു് കേട്ടുകേൾവിയെങ്കിലുമുണ്ടായിരിക്കുമോ? ഇതേപ്പററി യാതൊരു വിവരവുമില്ല. എന്തെങ്കിലും ഉണ്ടെന്നു് അനുമാനിക്കേണ്ടയാവശ്യവുമില്ല. ആ ദി

വസം അവൻെറ ചുററം അവിടെ നടന്നുകൊണ്ടിരുന്നതെല്ലാം ആ കള്ളൻ നല്ലവണ്ണം കാണുന്നുണ്ടായിരുന്നു. എന്തിനാണ് ഈശോയെ കുരിശുമരണത്തിനു് വിധിച്ചതെന്നു് അവൻ അറിഞ്ഞു. ഈശോയുടെ കുരിശിൽ അവിടത്തെ തലയ്ക്കു മുകളിൽ തറച്ചിരുന്ന പലകയിൽ എഴുതിയിരുന്ന വാചകം അവനു് വായിക്കാമായിരുന്നു. കാണികളായും മററതരത്തിലും അവിടെ കൂടിയിരുന്നവരുടെ കുത്തുവാക്കുകളും പരിഹാസങ്ങളും അവനു് കേൾക്കാമായിരുന്നു.

ഇതെല്ലാം അവൻ വളരെ കാര്യമായി നിരീക്ഷിക്കുന്നുണ്ടായിരുന്നു. ഇതിനു പുറമെ ഈശോ ഒരു കുററവാളിയെപ്പോലെയല്ല മരിക്കുന്നതെന്നു് അവനു് ബോദ്ധ്യമായിരുന്നു. അവിടത്തെ ശാന്തനിർഭരമായ നിശ്ശബ്ദത, അതിശയനീയമായ ക്ഷമ, നിർമ്മലമായ പ്രകൃതി, ഇവയൊക്കെ അവൻെറ ശ്രദ്ധയെ വളരെ ആകർഷിച്ചു. അവിടന്നു് ദൈവത്തെ വിളിച്ചുകൊണ്ടു് 'പിതാവേ, ഇവരോടു ക്ഷമിക്കേണമേ, ഇവർ എന്താണു് ചെയ്യുന്നതെന്നു് ഇവർക്കറിഞ്ഞുകൂടാ." എന്നു് തന്നെ കുരിശിൽ തറച്ചിരുന്നവർക്കുവേണ്ടി ഈശോ പ്രാർത്ഥിക്കുന്നതു് അവൻ കേട്ടു. ഈ സംഭവങ്ങളാണു് നല്ലകള്ളൻെറ മാനസാന്തരത്തിനു് കളമൊരുക്കിയതു്. പ്രത്യേക ദൈവവരപ്രസാദം അവനിലേക്കു പ്രവഹിച്ചു. പെട്ടെന്നു് പാപിയായിരുന്നവൻ വിശുദ്ധനായി രൂപാന്തരപ്പെട്ടു.

തൻെറ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതൊഴികെ, ഈശോ മൗനമായിട്ടാണു് കുരിശിൽ കിടന്നിരുന്നതു്. അങ്ങയെ പരിഹസിച്ചിരുന്നവരേയോ, കുത്തുവാക്കുകൾ പറഞ്ഞുകൊണ്ടു് നിന്ദിച്ചിരുന്നവരേയോ, തൻെറ ഇടതുവശത്തു കിടന്നിരുന്ന കള്ളനെ നേരേയോ ഒന്നും യേശു ശ്രദ്ധിച്ചില്ല. എന്നാൽ നല്ലകള്ളൻെറ വാക്കുകൾ ദിവ്യരക്ഷകനെ സ്പർശിച്ചു. ഉടനെതന്നെ അവിടന്നു് മറുപടി നൽകി.

പുതുതായി കണ്ടെത്തപ്പെട്ട ശിഷ്യൻെറ അടുത്തേക്കു് തല ചരിച്ചുകൊണ്ടു് അവിടന്നു് ഇപ്രകാരം അരുൾ ചെയ്തു. "നീ ഇന്നു് എൻെറകൂടെ പറുദീസായിൽ ആയിരിക്കുമെന്നു് സത്യമായിട്ടു് ഞാൻ നിന്നോടുപറയുന്നു." യേശുവിൻെറ സത്യമായിട്ടു ഞാൻ നിന്നോടു പറയുന്നു എന്ന വാക്കുകളിൽ ഒരു തിടുക്കവും, പവിത്രതയുമാണു് പ്രകാശിതമായിരുന്നതു്. കള്ളൻ അനിശ്ചിതമായ ഭാവിയിലെ എന്തിനെയോപ്പററിയാണു ചോദിച്ചതു്. അവൻ ഒട്ടും താമസിക്കേണ്ടിവന്നില്ല. അവൻ ചോദിച്ചതും അതിൽ കൂടുതലും ഈ ദിവസം തന്നെ അവനു് ലഭിക്കും. അന്നു രാത്രിയാകുംമുമ്പു് ഈശോയോടുകൂടി അവൻ പറുദീസായിൽ ആയിരിക്കും.

എങ്ങിനെ നോക്കിയാലും ഈശോയ്ക്കു് ഒന്നുംതന്നെ കൊടുക്കാനുണ്ടായിരുന്നില്ല. ഇരുമ്പാണികളാൽ കുരിശിൽ തറയ്ക്കപ്പെട്ടു് അവിടന്നു് മരിക്കുകയായിരുന്നു. അങ്ങയെ കുരിശിൽ തറച്ചവർ അവിടുത്തെ തിരുവസ്ത്രങ്ങൾപോലും ഉരിഞ്ഞെടുത്തു് പങ്കുവെച്ചു. എന്നിട്ടുപോലും പരിപൂർണ്ണമായ ആത്മവിശ്വാസത്തോടുകൂടി തൻെറ സമീപം കുരിശിൽ തൂങ്ങി മരിച്ചുകൊണ്ടിരുന്ന മനുഷ്യനോടു് അന്നു രാത്രിയാകും മുമ്പു് അവൻ അങ്ങയോടുകൂടി പറുദീസായിൽ ആയിരിക്കുമെന്നു് ഉറപ്പുനൽകി.

പറുദീസായെന്ന വാക്കുകൊണ്ടു് യേശു സൂചിപ്പിച്ചതെന്താണു്? അതൊരു പേർഷ്യൻ വാക്കാണു്. പേർഷ്യൻ ഭാഷയിൽ നിന്നാണു് അതു് ഹിബ്രുവിലും ഗ്രീക്കിലും എഴുതപ്പെട്ട ബൈബിളിൽ സ്വീകരിച്ചതു്. തോട്ടത്തെയാണു് അതു് സൂചിപ്പിക്കുന്നതു്. പ്രത്യേകിച്ചു് അനവധി വൃക്ഷങ്ങളാൽ നിറയപ്പെട്ടതും ചുററിലും വേലിയുള്ളതുമായ ഒരു തോട്ടമാണു്. ആലങ്കാരകമായി ആ വാക്കിൻെറ അർത്ഥം ആനന്ദമെന്നാണു്. വിശിഷ്യാ ഇവിടെ സ്വർഗ്ഗീയാനന്ദത്തെയാണു് ആ പദം കൊണ്ടു് വിവക്ഷിക്കപ്പെടുന്നതും. ക്രിസ്തുവിൻെറ കാലത്തു് മരണാനന്തരം നീതിമാൻമാർ ഇവിടെയാണു് വസിച്ചിരുന്നതു്. ഈ സ്ഥലത്തെ ഉദ്ദേശിച്ചാണു ദിവ്യരക്ഷകൻ ഈ വാക്കു് ഉപയോഗിച്ചതു്.

ക്രിസ്തുവിൻെറ മരണശേഷം അവിടുത്തെ ആത്മാവു് പാതാളത്തിൽ (ലിംബോ എന്നു പറയുന്ന സ്ഥലത്തു്) ഇറങ്ങി. അവിടെ നല്ലകള്ളൻെറ ആത്മാവും പോയി. ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണാനന്തരമാണു് നീതിമാൻമക്കു് സ്വർഗ്ഗകവാടം തുറക്കപ്പെട്ടതു്. ആദ്യത്തെ ദുഃഖവെള്ളിയാഴ്ച സൂര്യൻ അസ്തമിക്കും മുമ്പു് ക്രിസ്തുവിൻെറകൂടെ കാൽവരിയിൽ ക്രൂശിക്കപ്പെട്ട നല്ലകള്ളൻെറ ആത്മാവു് അങ്ങയോടൊന്നിച്ചു് ലിംബോയിൽ (പാതാളത്തിൽ)പോയി. ദിവ്യരക്ഷകൻെറ വരവിനെ ആകാംക്ഷയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടു് അവിടെ കഴിഞ്ഞിരുന്ന നീതിമാൻമാരോടു ദിവ്യനാഥൻ പരിത്രാണനകർമ്മം പൂർത്തിയായി എന്ന സദ്വാർത്ത അറിയിക്കുന്നതും അവൻ ശ്രവിച്ചു.

"The Robber forgiven" by Ralph German C. P. യുടെ ലേഖനത്തോടു് കടപ്പാടു്.

# തിരുഹൃദയപ്രതിഷ്ഠ:

# ഈഴവക്കമ്മ്യൂണിസ്റ്റുഭവനത്തിൽ

(ഫാ. വില്യം, ഒ. സി. ഡി., കാന്തലൂർ മിഷ്യനറി)

ജനുവരി മാസത്തിലെ നല്ല തണുപ്പുള്ള ഒരു ദിവസം; നേരം വൈകുന്നേരം. മുനിയറപോലുള്ള എന്റെ ചെറുമുറിക്കുള്ളിൽ എന്തോ ചെയ്തുകൊണ്ടിരിക്കയായിരുന്ന ഞാൻ, അപ്പോൾ പുറത്തു മുററത്തു ആരുടെയൊ കാലൊച്ചകേട്ട കതകു തുറന്നപ്പോൾ കണ്ടതു് നാരായണനേയാണു്. പ്രായം 45 കാണും. കറുത്തു മെലിഞ്ഞു സ്വല്പം മുമ്പോട്ടുകൂനിയ ശരീരം. "ആണിപ്പുണ്ണിന്റെ" ഉപദ്രവംമൂലം പാദങ്ങൾ കനത്തതുകലിൽ പൊതിഞ്ഞിരിക്കുന്നു. എന്നിട്ടും ഉപ്പൂററികൾ നിലം തൊടാതെയാണു് നാരായണന്റെ നടപ്പു്. അഴിക്കാനും കെട്ടാനുമുള്ള വിഷമംകൊണ്ടായിരിക്കണം ഉറക്കത്തിൽപോലും പള്ളി ചെരിപ്പു് മാററാറില്ല എന്നാണറിവു്.

ഏഴെട്ടുകൊല്ലങ്ങൾ മുമ്പു് നാടുവിട്ടു് കാന്തല്ലൂരിൽ കുടിയേറിത്താമസിക്കയാണിയാൾ. വാഴ, മരച്ചീനി, കാപ്പിമുതലായവയുടെ സാമാന്യം നല്ല ഒരു തോട്ടവും, കച്ചവടവും ഉണ്ടു്. കാഴ്ചയിൽ ഒട്ടും സുന്ദരനല്ലെങ്കിലും ബഹുമാന്യവും ഹൃദ്യവുമാണു ഇയാളുടെ മര്യാദനിറഞ്ഞ പെരുമാററരീതിയും, സംസാരവും, സമ്പ്രദായങ്ങളും. പലതരം 'ആസ്സാമി'കളും കേറിപ്പാർത്തിട്ടുള്ള ഒരു കോളനിസ്ഥലമാണതെങ്കിലും, ഇന്നുവരെ ആർക്കും നാരായണനേപ്പററി ഒരാക്ഷേപവും ഉണ്ടാകാനിടവന്നിട്ടില്ല; അത്രയ്ക്കു നല്ല മനുഷ്യൻ. പക്ഷെ, ഒരു ദൂഷ്യം— ആൾ ഒരു കമ്മ്യൂണിസ്റ്റാണു്.

ഞാനീ മിഷ്യനിൽ വന്നയിടയ്ക്കുതന്നെ ഒരു മലഞ്ചെരുവിൽവെച്ചാണു് ആദ്യം നാരായണനുമായി കണ്ടുമുട്ടാനിടവന്നതു്. കണ്ട ഉടൻ ഇവിടത്തെ "ഊരി"ലെ വല്ല ആളായിരിക്കണമെന്നുകരുതി ഞാൻ തമിഴിൽ ചോദിച്ചു.

"നീർ എന്ത ഊർ? പെയർ എന്ന?" ഇതിനു് നല്ല പച്ചമലയാളത്തിൽ മറുപടിയും.



(ലേഖകൻ)

"നാരായണനെന്നുപേർ; നാട്ടു് മാവേലിക്കര—എന്റെ കോളനി ഇതിനടുത്താണു്—ഇവിടത്തെ സ്വദേശം ഏതാണാവോ?"

"ഞാൻ എറണാകുളത്തുനിന്നു്; അറിയില്ലേ എറണാകുളം?"

"ഓ, അറിയും; പോയിട്ടുണ്ടു്.—ഈ മലവഴിയെ വന്നതെന്തിനാണാവോ?"—

ഞാൻ:—"ഒന്നുമല്ല; നിങ്ങളെപ്പോലുള്ളവരെ ഒക്കെ കാണാൻ തന്നെ."

അന്നുമുതൽ തുടങ്ങിയതാണു് നാരായണന്റെ സൗഹാർദ്ദം. അയാൾ ഈഴവൻ, ഞാൻ ഒരു കത്തോലിക്കാമിഷ്യനറി, എന്നിരുന്നാലും ഞങ്ങൾ മലയാളഭാഷക്കാരല്ലേ. മാവേലിക്കരക്കാരനും, എറണാകുളത്തുകാരനും തെക്കേത്തും, വടക്കേത്തും അയൽപക്കക്കാരെപ്പോലെ എളുപ്പം സുഹൃത്തുക്കളാകും ദൂരനാട്ടിൽ

താമസിക്കുമ്പോൾ. എങ്കിലും അന്നത്തെ സംഭാഷണം കഴിഞ്ഞ് പിരിഞ്ഞതിൽപിന്നെ ഒരു വർഷമായിട്ടും ഇന്നാദ്യമായിട്ടാണ് നാരായണൻ എന്നെ വന്നു സന്ദർശിക്കുന്നതു്. കണ്ടപ്പോൾതന്നെ ഞാൻ ആളെ അറിഞ്ഞു.

"ഓഹോ! നാരായണനല്ലേ? എന്താ ഇങ്ങോട്ടുവരാൻ? ഇങ്ങു കയറു; വരാന്തയിലേക്കു കയറിവരാം."

നാരായണൻ വായപൊത്തി അമന്ദസ്വരത്തിൽ:–

"വേണ്ട, ഇവിടെനിന്നോളാം"

ഞാൻ:—"മുററത്തു മഞ്ഞും, തണുപ്പുമുണ്ടല്ലോ. ഇങ്ങു കയറി നില്ക്കണം."

നാരാരായണനു ഒരു പരുങ്ങൽ. ഒടുവിൽ കുനിഞ്ഞുനിന്നുകൊണ്ട് ചെരിപ്പിൽ പ്രവൎത്തനം തുടങ്ങി. കാൎയ്യം മനസ്സിലാകാതെ ഞാൻ വീണ്ടും ചോദിച്ചു.—

"ഇങ്ങോട്ടുകയറാൻ എന്താണമാന്തം? എന്താണ് ചെയ്യുന്നതു്.?

"ഒന്നുമല്ല; ചെരുപ്പഴിക്കുകയാ."

"അതെന്തിനു്?"

"അങ്ങോട്ടുകയറാൻ."

"ഹേയ്", വേണ്ടാ—ചെരിപ്പഴിക്കേണ്ട. ഈ വരാന്തയ്ക്കു് അത്ര തീണ്ടലുമൊന്നുമില്ല. ചെരുപ്പഴിക്കാതെ കയറാം.—പോരെങ്കിൽ ആണിയുമില്ലേ കാലിൽ???— പണ്ടു് മുൾപ്പടപ്പിൽ യഹോവയുടെ സാന്നിദ്ധ്യം ദൎശിച്ച മോസസ് പാദരക്ഷകൾ മാററാൻ ബദ്ധപ്പെട്ട സംഭവം ഞാൻ അനുസ്മരിച്ചുപോയി. എന്റെ ഈഴവചങ്ങാതിയുടെ ശുദ്ധഗതി കണ്ടപ്പോൾ.

എന്റെ നിർബന്ധം നിമിത്തം അയാൾ ചെരിപ്പഴിക്കയുണ്ടായില്ല; വരാന്തയിലേക്കും കയറിയില്ല. മുററത്തു നിന്നുകൊണ്ടുതന്നെ ആഗമനോദ്ദേശ്യം വളരെ വിനയത്തോടുകൂടി എന്നെ ധരിപ്പിച്ചു. അന്നേയ്ക്കു 5-ാംപക്കം മൂത്തമകൻ അച്യുതന്റെ കല്യാണമാണ്. അന്നു് ഞാനും ചെല്ലണം; സദ്യയുണ്ണണം;—കല്യാണം ക്ഷണിക്കാൻ വന്നതാണ് താൻ....

ഞാൻ ഒരു സന്യാസി വൈദികനാണെന്നും, കല്യാണങ്ങളിലൊന്നും പങ്കെടുക്കാറില്ലെന്നും, സ്വന്തം വീട്ടിൽ നടത്തപ്പെടുന്നതിനുപോലും പോകയില്ലെന്നും മററും ഞാൻ വിവരിച്ചപ്പോൾ വലിയ ഇച്ഛാഭംഗത്തോടുകൂടി നാരായണൻ അഭ്യൎത്ഥിച്ചു. മറെറാതെങ്കിലും ദിവസം ഞാൻ വീട്ടിൽ ചെല്ലണമെന്നു്.

"കൊള്ളാം വളരെ നല്ലതു്. കല്യാണമെല്ലാം മോടിയായി അങ്ങു നടന്നു കഴിയട്ടെ. പിന്നീടൊരിക്കൽ സൌകൎയ്യംപോലെ വരാം; വന്നു് വീടും, വീട്ടുകാരെയുമെല്ലാം കാണാം. എനിക്കും ആഗ്രഹം തന്നെയാണു്. "—ഇതുകേട്ടു് നാരായണൻ സംതൃപ്തനായി പോകയും ചെയ്തു. കല്യാണദിവസം വൈകുന്നേരം എന്തോ സാധനം ഒരു തളികയിൽ വച്ചുമൂടി, നാരായണൻ എനിക്കു കൊടുത്തയച്ചു. പലഹാരം തന്നെ എന്നു ഞാൻ കരുതി. എന്റെ വേലക്കാരൻ അതുവാങ്ങി തുറന്നു നോക്കിയപ്പോൾ അയാൾ വിസ്മയിച്ചുപോയി. ഒരു മുഴുവൻ കോഴി-മുറപ്രകാരം റോസ്റ്റ്ചെയ്യപ്പെട്ടതു്.

.... .... ....

രണ്ടാഴ്ചകൾ കഴിഞ്ഞു് ഒരു നിർദ്ദിഷ്ടദിവസം വൈകുന്നേരം ഞാൻ ആ ഭവനം സന്ദർശിച്ചു. വീട്ടിലെ ഇളയകുട്ടി ദിവാകരനാണ് എന്നെ വന്നുകൊണ്ടുപോയതു്

"എന്തുണ്ടു ദിവാകരാ, വീട്ടിൽ വിശേഷം?"........ ഞാൻ ചോദിച്ചു.

"വീട്ടിൽ എല്ലാരും ഉണ്ടു്; മണവാട്ടിച്ചേടത്തിയേയും കൊണ്ടുവന്നിട്ടുണ്ടു ചേട്ടൻ."

രണ്ടു സാധനങ്ങൾ ഞാൻ കൈയിൽ കരുതി, അങ്ങോട്ടു പോകുന്നതിനുമുമ്പ്—നല്ല സുഗന്ധമുള്ള ഒരു റോസാപ്പൂവും, ഒരു കാർഡ്സൈസ് തിരുഹൃദയപടവും. ഇക്കഴിഞ്ഞ ജനുവരിയിൽ എറണാകുളത്തു് ആശ്രമത്തിൽ ചെന്നപ്പോൾ കിട്ടിയ പടങ്ങളിൽ ഒന്നായിരുന്നു അതു്. ഈശോയുടേയും മാതാവിന്റേയും തിരുഹൃദയങ്ങൾ രണ്ടും ചേൎത്തടിച്ച ഒരു പടം ചെന്നപ്പോൾ തന്നെ റോസാപ്പൂ ഞാൻ നവവധുവിനു സമ്മാനിച്ചു.

"നിന്റെ ഗുണഗണങ്ങളുടെ സൌരഭ്യം ഈ പൂവിന്റേതുപോലെ ഇവിടെ പരത്തി വാഴുക"............ എന്നു ഞാൻ ആശംസിച്ചപ്പോൾ അവൾ ചിരിച്ചു തലകുലുക്കി, രണ്ടു കൈയും നീട്ടിക്കുനിഞ്ഞു് ആദരപൂർവം അതു വാങ്ങി:

വീട്ടിനുള്ളിൽ പ്രവേശിച്ചപ്പോൾ ശ്രീരാമന്റേയും സീതയുടേയും കൂടിയുള്ള ഒരു വലിയ പസ്റ്റ്പ്രതിരൂപം ചില്ലിട്ടു ഫ്രേമിട്ട് പൂജ്യമായി വച്ചിരിക്കുന്നതാണ് പ്രധാനമായിക്കണ്ടതു്. അതിന്റെ മുമ്പിൽ ഒരു വ

ലിയ നിലവിളക്കും. കമ്യൂണിസ്റ്റുകാരനും മതഭക്തിയുണ്ടല്ലോ എന്നു ഞാൻ സമാശ്വസിച്ചു. വീട്ടും പരിസരങ്ങളും ചുററിക്കണ്ടശേഷം വീട്ടുംഗങ്ങളെ എല്ലാം വിളിച്ചുനിർത്തി ഞാൻ കൊണ്ടുചെന്ന പടം കാണിച്ചു.

"നിങ്ങൾക്കെല്ലാവക്കും കൂടിയുള്ള ഒരു പ്രത്യേക സമ്മാനമാണിപ്പടം"—കൌതുകത്തോടുകൂടി എല്ലാവരും പടത്തെ ഉററുനോക്കുന്നുണ്ടായിരുന്നു.

"കാണുക, ക്രിസ്ത്യാനികളുടെ ഏററവും വലിയ രണ്ടാളുകളാണിവർ. ഒന്നു ക്രിസ്തു; മററതു് അമ്മ രണ്ടുപേരും നമ്മളെത്തന്നെ നോക്കുന്നു. എന്തൊരു ദയയുള്ള നോട്ടം, എന്തു സ്നേഹം! നിങ്ങൾക്കു ദേവന്മാർ 33 കോടിയുണ്ടല്ലോ. അവക്കാക്കെങ്കിലുമുണ്ടോ ഇമ്മാതിരി ദയയും സ്നേഹവും? ഏതായാലും ഈ പടം നിങ്ങൾക്കു തരാം. അതിനെ നിങ്ങൾ പ്രത്യേക ബഹുമാനത്തോടുകൂടി പ്രതിഷ്ഠിച്ചു പൂജിക്കണം. നിശ്ചയമായും സർവ്വവിധ ശ്രേയസ്സും മംഗളവുമുണ്ടാകും."

നാരായണൻ പ്രകടമായ വികാരത്തോടുകൂടി അതു കയ്യിൽ വാങ്ങി നെററിയിൽ തൊടുവിച്ചു പറയുകയാണു്: "ശ്രീരാമദേവനെപ്പോലെ തന്നെ കരുതി പൂജിച്ചുകൊള്ളാം."

"അങ്ങനെയല്ല"; ഞാൻ പറഞ്ഞു: "ക്രിസ്തുവിൻെറ ഒപ്പം കരുതപ്പെടാൻ രാമനവകാശമില്ല. അയാൾ ദേവനൊന്നുമല്ല. പണ്ടത്തെ ചില മഹർഷിമാരാണു് രാമനേയും കൃഷ്ണനേയുമൊക്കെ ദേവന്മാരാക്കി ഉയർത്തിയതു്."—ഇതിൽ അവക്കു വിശ്വാസം ജനിക്കാൻ കൂടുതൽ വിശദീകരണം വേണ്ടിയിരുന്നു. ഞാൻ തുടൎന്നു: "എൻെറ അഭിപ്രായത്തിൽ വിമ്മിഷ്ടം തോന്നരുതു്. ചരിത്രം നന്നായി മനസ്സിലാക്കിയവർ തന്നിട്ടുള്ള അഭിപ്രായമാണതു്. ജ്ഞാനികളും പണ്ഡിതന്മാരുമായ അനവധി മഹർഷിമാർ ഹിമാലയത്തിൽ തപസ്സു ചെയ്തിട്ടുണ്ടു്. അവരിൽ ഒരു പ്രമുഖൻ സമാധികഴിഞ്ഞുണന്നപ്പോൾ തീരുമാനിച്ചു ഒരു മഹാകാവ്യം ചമയ്ക്കണമെന്നു്. ഇന്ത്യാക്കാക്കു സദാചാരം ഉപദേശിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. ഇതു സാധിക്കാൻ കഥാരൂപമായിരിക്കും നല്ലതെന്നു് അദ്ദേഹം വിശ്വസിച്ചു. അതിൻെറ ഫലമായിട്ടാണു് ഇന്ത്യയിൽ പണ്ടെങ്ങാണ്ടു ജീവിച്ചിരുന്ന രാമരാജാവിനേയും സീതാറാണിയേയും കഥാപാത്രങ്ങളാക്കിക്കൊണ്ടുള്ള രാമായണം നിർമ്മിച്ചതു്. ശ്രീകൃഷ്ണൻെറ കാര്യവും അങ്ങനെ തന്നെ. അവരൊക്കെ വെറും കെട്ടുകഥാപുരുഷന്മാർ മാത്രവുമായിരിക്കാം. അങ്ങനെയാണു് പലരുടേയും ധാരണ. അവർ യഥാർത്ഥത്തിൽ ജീവിച്ചിരുന്നു എന്നു വെച്ചോളൂ. എങ്കിൽ തന്നെ, അവർ ദേവന്മാരുമല്ല, അവതാരങ്ങളുമല്ല. സമർത്ഥന്മാരായ ആ മഹർഷിമാരുടെ അതിരും അളവും കടന്ന വർണ്ണനാവൈഭവം ഒക്കെമാത്രമാണു് അവരെ അത്രത്തോളമാക്കിത്തീർത്തതു്. നമ്മുടെ ഗാന്ധിജിയേപ്പററി എന്താൻ ആ മഹർഷിമാർ കേട്ടിരുന്നെങ്കിൽ, നിശ്ചയമായും രാമകൃഷ്ണന്മാരേക്കാൾ വലിയ ഒരു ദൈവമാക്കി മഹാത്മജിയെ ഉയർത്തി സദാചാരകഥകൾ ചമച്ചേനെ. മരിച്ചു മണ്ണടിഞ്ഞവരെ എത്ര ഉയർത്തി വർണ്ണിച്ചാലും പുകഴ്ത്തിയാലും ദേവന്മാരാകയില്ല. അവരെ പൂജിക്കുന്നതും നിഷ്ഫലം."

"അപ്പോൾ ക്രിസ്തുദേവനോ?" ഇടയ്ക്കു ദിവാകരൻെറ ഒരു ചോദ്യം.

ഞാൻ: "അതു കാര്യം വേറെ. ക്രിസ്തു സത്യമായിട്ടും അവതരിച്ച ദൈവം. ഈ വസ്തുത ചരിത്രംകൊണ്ടും യുക്തികൊണ്ടും തെളിഞ്ഞിട്ടുണ്ടു്. വെറും കവിതയിലും കെട്ടുകഥയിലും കൂടിയല്ല, ശരിയായ ചരിത്രത്തിൽ കൂടിയാണു് ക്രിസ്തു ലോകം മുഴുവനിലും—ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും—വാഴുന്നതു്. സുവിശേഷപുസ്തകമാണു് ആ ചരിത്രം. ദിവാകരനും മററും പള്ളിക്കൂടത്തിൽ പഠിക്കുന്നവരല്ലേ. നീ അതു വായിച്ചു പഠിക്കണം."

ദിവാകരൻ: "ഓ, ക്രിസ്തുവിൻെറ ചരിത്രമൊക്കെ എനിക്കു നന്നായിട്ടറിയാം. ഞങ്ങളുടെ പാഠത്തിലുണ്ടല്ലോ ക്രിസ്തുവിൻെറ പിറവിയെപ്പററി."

ഞാൻ: പിറവിയെപ്പററി അറിഞ്ഞതുമാത്രം പോരാ, ദിവാകരാ, എല്ലാം പഠിച്ചറിയണം. യേശുവെ ശത്രുക്കൾ കുരിശിൽ തൂക്കിക്കൊന്നു; കല്ലറയിൽ അടച്ചു മൂടി; എന്നിട്ടോ? മരിച്ച ക്രിസ്തു ഇതാ വീണ്ടും ശരീരത്തോടുകൂടി ഉയത്തെഴുന്നേററു പുറത്തു വന്നിരിക്കുന്നു. രാമനൊ കൃഷ്ണനോ സാധിക്കാഞ്ഞതു ക്രിസ്തുവിനു സാധിച്ചു. ഈ ഒരു തെളിവു മതിയല്ലോ അദ്ദേഹം ദൈവമാണെന്നു കാണിക്കാൻ."

ക്രിസ്തുനാഥന്റെ അത്ഭുതങ്ങളേയും ദർശനങ്ങളേയും മററും പററി സ്വല്പം പറഞ്ഞു മനസ്സിലാക്കിയതോടുകൂടി ആ പേരിൽ അവരുടെ ആദരവു വർദ്ധിച്ചു. ഞാൻ തുടർന്നു: "ഈ ഞങ്ങളുടെ ക്രിസ്തു നിങ്ങളുടേതുമാണ്. ഇയാളാണ് സാക്ഷാൽ "പരമേശ്വരൻ". നിങ്ങളുടെ ദേവന്മാരുടെയും മൂർത്തികളുടേയുമൊക്കെ വിഗ്രഹങ്ങൾ കണ്ടാൽ പേടിയാകുമല്ലോ. കടുംകോപം, ഉഗ്രത--ഇതാണല്ലോ അവരുടെ വിശേഷത. മനുഷ്യരെ പേടിപ്പിക്കയാണ് അവരുടെ വേല. ക്രിസ്തുദേവന്റെ മുഖവും ഭാവവും നോക്കു. എന്തു ശാന്തത! എന്തു സ്നേഹം! എത്ര വ്യത്യാസം. ആ ഹൃദയം നോക്കുക; അതു ജ്വലിക്കുന്നതു കണ്ടോ? എല്ലാ മനുഷ്യരോടുമുള്ള സ്നേഹവാത്സല്യങ്ങൾ പുറത്തോട്ടു വഴിയുന്നതാണ് ആ ഹൃദയത്തിൽ കാണുന്നതു്. മാതാവിന്റേതും അങ്ങനെതന്നെ. നിങ്ങൾക്കെല്ലാ അനുഗ്രഹങ്ങളും വരങ്ങളും വേണമെങ്കിൽ ഇവരെ ഈ വീട്ടിൽ പ്രത്യേകം പ്രതിഷ്ഠിച്ചു പൂജിച്ചുകൊള്ളുക."

നാരായണൻ: "നിത്യവും വിളക്കുവെച്ചു പൂജിച്ചുകൊള്ളാം."

ഞാൻ: ഒരുകാര്യം പറഞ്ഞേക്കാം. നിങ്ങൾ എല്ലാം കമ്മ്യൂണിസ്റ്റുപാർട്ടിക്കാരല്ലേ—കമ്മ്യൂണിസം ക്രിസ്തുവിന്റെ ബദ്ധശത്രുവാണ്. ക്രിസ്തു അതിനും എതിരാണ്. ക്രിസ്തുവിനെ പൂജിക്കുന്നവർക്കു കമ്മ്യൂണിസം പാടില്ല.

നാരായണനു ഇക്കാര്യം ബോദ്ധ്യമായില്ല. "കമ്മ്യൂണിസം ശത്രുവോ? അതു പാവപ്പെട്ടവന്റെ പാർട്ടിയല്ലേ? അതു ക്രിസ്തുവിനെതിരാണോ? മനസ്സിലായില്ലല്ലോ."

കമ്മ്യൂണിസ്റ്റു വിക്രിയകൾ, ക്രിസ്തുമതത്തിനെതിരായ നശീകരണനടപടികൾ എന്നിവയെപ്പററി ഞാൻ വിശദീകരിക്കേണ്ടിവന്നു. പള്ളികൾ തീവെച്ചതും ക്രിസ്തുവിന്റെ ശിലാരൂപങ്ങൾ പലയിടങ്ങളിൽ തകർത്തതും മററും മററും.

ഒടുവിൽ നാരായണൻ ചോദിച്ചു: "ഇത്രനല്ല ക്രിസ്തുദേവനോടെന്താ കമ്മ്യൂണിസ്റ്റുകാർക്കിത്ര കലി?"

ഞാൻ: "അതിന്റെ കാരണം അവരോടുതന്നെ ചോദിക്കണം. ക്രിസ്തു നന്മയും ദയയും മാത്രമാണ്. ഒരിക്കലും ആരെയും ദ്രോഹിച്ചിട്ടില്ല. ശത്രുക്കളേപ്പോലും സ്നേഹിക്കണമെന്നു പഠിപ്പിച്ച ദിവ്യമൂർത്തി."

അച്ചുതൻ: "അപ്പോൾ അദ്ദേഹത്തെ ദ്വേഷിക്കുന്നവരാണല്ലോ ദുഷ്ടന്മാർ."

നാരായണൻ: ഈ നാട്ടിൽ ഇപ്പറഞ്ഞ ദുഷ്ടത ഒന്നും നടക്കാതിരിക്കട്ടെ. ഇതുവരെ ഒന്നും ഇവിടെ അങ്ങനെ സംഭവിച്ചിട്ടില്ലല്ലോ.

ഞാൻ: കമ്മ്യൂണിസം ശരിയായി വളർന്നിട്ടില്ല ഇവിടെ. വളർന്നു ശക്തിപ്പെട്ടാൽ മററു രാജ്യങ്ങളിൽ സംഭവിച്ചതൊക്കെ ഇന്നാട്ടിലും സംഭവിക്കും. അതു തീർച്ച.

നാരായണൻ: "എടാ അച്ചുതാ, ഈ അച്ചനറിവുണ്ടടാ. അദ്ദേഹം പറഞ്ഞതൊക്കെ നേരാ. നമുക്കീ കമ്മ്യൂണിസം വേണ്ടടാ. ആട്ടെ ഇവിടന്നു പറഞ്ഞതുപോലെ ഞങ്ങൾക്കും കോൺഗ്രസ്സ് മതി. ക്രിസ്തുവിന്റെ ശത്രുവായ ഒരു പാർട്ടി ഏതായാലും ഞങ്ങൾക്കുവേണ്ടാ."

നാരായണനും കുടുംബത്തിനും നന്മകൾ ആശംസിച്ചുകൊണ്ടു ഞാൻ പോരുകയും ചെയ്തു.

.... .... .... .... ....

ഉക്കഴിഞ്ഞ പാർലമെന്റു തെരഞ്ഞെടുപ്പിൽ ഇവിടെയും വാശിയേറിയ മത്സരം ഉണ്ടായി. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രചരണങ്ങളും ജാഥകളും മുറയ്ക്കു നടന്നു. എന്നാൽ അരിവാൾ പോസ്റ്ററിനുപകരം ഇത്തവണ അനവധി കോൺഗ്രസ്സ് പോസ്റ്ററുകളാണ് നാരായണന്റെ കടയുടെ ഭിത്തിയിൽ നിരന്നു കണ്ടതു്. കാന്തല്ലൂർക്കാരേവരും അതുകണ്ടത്ഭുതപ്പെടുകയായിരുന്നു.

---

"ഈശോ സഹിച്ച പീഡകളെല്ലാം സഹതാപംവഴി മറിയവും അനുഭവിച്ചു. കണ്ണുനീർ ചിന്തിക്കൊണ്ടവൾ കുരിശിൻചുവട്ടിൽ നിന്നു. പുത്രന്റെ ഓരോപീഡയും അവളുടെ ഹൃദയത്തെ അതിനിശിതമായി പിളർക്കുന്ന ഓരോ വാളായിരുന്നു." മറിയാനുകരണം.

# ഭഗീത

(വികാരോജ്വലമായ ഒരു സംഭവ കഥ) തുടർച്ച

Miss Jenette Isaac M. Sc.

## ഒരു ക്രിസ്ത്യാനി

1890 ജനുവരി 9–ാം തീയതി സമാഗതമായി. ഭഗീതയുടെ ജീവിതത്തിലെ ഏററവും പ്രാധാന്യമർഹി ക്കുന്ന ദിവസമായിരുന്നു അതു്. ആഹ്ളാദപൂരിതമായ ഹൃദയത്തോടുകൂടിയാണ് ഭഗീത അന്നു ഉറക്കം ഉണർ ന്നതു്. അന്നാണ് ഭഗീതക്ക് ജ്ഞാനസ്നാനം നല്ലവാൻ നിശ്ചയിച്ചിരുന്നതു്. ഭഗീത മാത്രമല്ല, മഠത്തിലെ അംഗങ്ങൾ എല്ലാവരും അന്നത്തെ ആ ദിവസത്തെ സ്വീകരിക്കുവാനായി ഒരുങ്ങി. ചാപ്പലും വരാന്തയും, സ്വീകരണമുറിയും തോരണങ്ങളാലും പുഷ്പങ്ങളാലും അലങ്കരിച്ചു. അന്നത്തെ ദിവസം അവിടെ ഏതോ മഹാസംഭവം നടക്കുവാൻ പോകുന്നെന്നു് അവിടത്തെ അന്തരീക്ഷം വിളിച്ചറിയിച്ചു. മഠത്തിലെ സിസ്റ്റേഴ്സ് വളരെ ജോലിത്തിരക്കോടുകൂടി അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു. കാഴ്ചമുറിയിലെ മണി ഇടവിടാതെ അടിയ്ക്കുന്നു.

ഭഗീതയെ ഒരു കന്യാസ്ത്രീ വേണ്ടവിധത്തി ലെല്ലാം ഒരുക്കി. "ഞാൻ ഇന്നു് ദൈവത്തിൻെറ പുത്രി ആകുവാൻ പോകുകയാണ്." അവൾ മുട്ടുകുത്തി ക്കൊണ്ടു പറഞ്ഞു. അവൾക്കു് ആ വിചാരം മാത്രമേ ഉള്ളു, ചാപ്പലിലെ മണി അടിച്ചു. മദർ ഭഗീതയെ മദ്ബഹായിലേയ്ക്കു് ആനയിച്ചു. അവളുടെ മാതാപി താക്കളുടെ സ്ഥാനമാണ് മദർ ഏറെറടുത്തതു്. തല തൊട്ടമ്മയുടെ സ്ഥാനം സൊറാൻസോയിലെ പ്രഭ്വി സന്തോഷസമേതം സ്വീകരിച്ചു. ഭഗീതയുടെ തലതൊട്ടമ്മ ആകുക എന്നുള്ളതു് ഒരു വലിയ ബഹുമതിയായി അവർ കരുതി.

അത്യുന്നത കർദ്ദിനാൾ തിരുമേനി മററ അച്ചന്മാരോടുകൂടി ഈ മഹൽകൃത്യത്തിനായി ആഗതരായി. അവൾ തിരുമേനിയുടെ മുൻപിൽ മുട്ടുകുത്തി. അദ്ദേഹം അവളോടു് പല ചോദ്യങ്ങളും ചോദിച്ചു. അതി നെല്ലാം അവൾ ശരിയായ ഉത്തരം നൽകി. അവ സാനമായി ഒരു വെള്ള വസ്ത്രം നൽകി, അതു് എന്നും കറ കൂടാതെ സൂക്ഷിക്കണം എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം അവൾക്കു് ജ്ഞാനസ്നാനം നൽകി. ആ സമയം നേരിയ സ്വരത്തിൽ ആലപിച്ചിരുന്ന ഗാനം ഏവരേയും വികാരാധീനരാക്കി. ഭഗീതയുടെ നയന ങ്ങളിൽനിന്നും സന്തോഷാശ്രുക്കൾ ധാരധാരയായി പ്രവഹിക്കുവാൻ തുടങ്ങി. അവിടെ കൂടിയിരുന്നവർ എല്ലാം സന്തോഷാശ്രുക്കൾ പൊഴിച്ചു. അവർക്കു് ആ ക്കും ഭഗീതയുടെ അന്നത്തെ ആ രൂപം മറക്കുവാൻ സാധിക്കയില്ല. അവളുടെ കറുത്ത മുഖം വെള്ള വസ്ത്ര ത്തിൻെറ ഇടയ്ക്കു് കൂടുതൽ ശോഭിച്ചു.

അടുത്തതായി കർദ്ദിനാൾ ദിവ്യബലി അർപ്പിക്കുവാൻ ആരംഭിച്ചു. മദർ ഭഗീതയുടെ സമീപേതന്നെ മുട്ടുകുത്തി. ഈശോയെ ആദ്യമായി അവളുടെ ഹൃദയ ത്തിൽ സ്വീകരിക്കുവാൻ അവളെ ഒരുക്കി. അവൾ സ്വർഗ്ഗത്തിൽ ഇരിക്കുന്നതായിട്ടാണ് അവൾക്കു തോന്നി യതു്. ആ മഹത്തായ നിമിഷം സമാഗതമായി. "എൻെറ ഈശോയേ! വേഗം എൻെറ ഹൃദയത്തിൽ എഴുന്നള്ളി വരേണമേ. ഞാൻ അങ്ങയെ സ്വീകരിക്കു വാൻ യോഗ്യയല്ല." ഭഗീതയുടെ ഹൃദയത്തിൽനിന്നും വന്ന പ്രാർത്ഥനയായിരുന്നു അതു്. പിതാവു് വി. കർബാന എഴുന്നള്ളിച്ചുയർത്തിയപ്പോൾ ഭഗീതയുടെ ദൃഷ്ടി വി. ഓസ്തിയിൽത്തന്നെ പതിഞ്ഞു. നല്ലവനായ കർത്താവിൻെറ കാരുണ്യത്തെ അവൾ ഓർത്തു.

രാജാധിരാജനായ ഈശോ ഇതാ ഭഗീതയുടെ ഹൃദയത്തിൽ എഴുന്നള്ളി വന്നു കഴിഞ്ഞു. അവൾ സ്വർഗ്ഗീയ സന്തോഷത്താൽ സ്വയം വിസ്മൃതയായി. ഇനിമേൽ അവൾ അല്ല ജീവിക്കുന്നതു്. പിന്നെയോ ക്രിസ്തു അവളിൽ ജീവിക്കുന്നു.

ഇതിനുശേഷം വന്ദ്യതിരുമേനി ദൈവത്തിൻെറ കാരുണ്യാതിരേകത്തെക്കുറിച്ചു് വളരെ ശ്രദ്ധേയമായ

ഒരു പ്രസംഗം ചെയ്തു. എത്ര വലിയ കരുതലോടുകൂടിയാണ് ദൈവം ഓരോ ആത്മാക്കളേയും സംരക്ഷിച്ചു പോരുന്നതെന്നും എന്നാൽ സത്യമതത്തിൻെറ വെളിച്ചം ഏററിട്ടില്ലാത്ത രാജ്യങ്ങളിൽ ദൈവരാജ്യം പ്രസംഗിക്കുവാൻ നാം കഴിവതും ശ്രമിക്കണമെന്നും അതിനായി മിഷ്യനറിമാരെ വേണ്ടവിധത്തിൽ സഹായിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഈ സമയമെല്ലാം ഭഗീത പ്രാർത്ഥനയിൽ ലയിച്ചിരിക്കയായിരുന്നു. അവൾ എന്തായിരിക്കും സ്നേഹനാഥനോട് ആവശ്യപ്പെട്ടതു്. അവളുടെ പ്രിയപ്പെട്ട മാതാപിതാക്കളും സഹോദരീസഹോദരന്മാരും നല്ല ദൈവത്തെ അറിയുവാനും സ്നേഹിക്കുവാനും അവസാനം സ്വർഗ്ഗത്തിൽ വെച്ച് അവരെ കണ്ടുമുട്ടുവാനും സാധിക്കണമെ എന്ന് അവൾ ഈശോ നാഥനോട് പ്രാർത്ഥിച്ചു. "എൻെറ നാഥാ, ഞാൻ ഇനിയും എന്നും എൻെറ ഈശോയുടേതായിരിക്കും. ഈ പരിശുദ്ധമായ സ്ഥലത്തുവെച്ചുതന്നെ ഞാൻ എൻെറ ജീവിതം അവസാനിപ്പിക്കട്ടെ." അവൾ ഒരു പ്രതിജ്ഞയും എടുത്തു.

അങ്ങിനെ അന്നത്തെ ചടങ്ങുകൾ എല്ലാം മംഗളകരമായി പര്യവസാനിച്ചു. ഭഗീത പുറത്തേയ്ക്കു വന്നപ്പോൾ എല്ലാവരും അവളുടെ ചുററം കൂടി, എല്ലാവർക്കും അവളെ ഒന്നു കാണണം; അവളുടെ പ്രാർത്ഥന ഒന്നു യാചിക്കണം. എന്നാൽ ഇവരിൽ ഏററവും കൂടുതലായി ആനന്ദിച്ചതു് മി. ഇലുമിനെറോ സെചേനിത്തയായിരുന്നു. അദ്ദേഹത്തിൻെറ ആഗ്രഹം സാധിച്ചു. ഒരു പിതാവിൻെറ സ്നേഹത്തോടുകൂടി അദ്ദേഹം അവളുടെ നെററിത്തടത്തിൽ ചുംബിച്ചു.

"എൻെറ പ്രിയപ്പെട്ട ഭഗീത. നിൻെറ ഭാവിയെ ഓർത്തൊന്നും നീ വിഷമിക്കരുതു്. ഞാൻ എന്നും നിനക്ക് ഒരു പിതാവായിരിക്കും. എൻെറ പെൺമക്കൾ നിൻെറ സഹോദരിമാരും എൻെറ ഭാര്യ നിൻെറ അമ്മയുമായിരിക്കും. ഞാൻ മരിക്കുമ്പോൾ എൻെറ സ്വത്തിൻെറ ഒരു അവകാശം നിനക്കും ഉണ്ടായിരിക്കും. ഒരു പ്രകാരത്തിൽ ഞാൻ നിൻെറ ആദ്ധ്യാത്മിക പിതാവും കൂടിയാണ്. ഞാൻ നിനക്കു വേണ്ടി ശ്രമിച്ചില്ലായിരുന്നുവെങ്കിൽ........", ഇതു മുഴുവൻ പൂർത്തിയാക്കുവാൻ ജനക്കൂട്ടം അദ്ദേഹത്തെ സമ്മതിച്ചില്ല. പലരും അവളെ അനുമോദിച്ച് വളരെ നേരം സംസാരിച്ചു. ഇതിനെല്ലാം മറുപടിയായ അവൾ സുസ്മേരവദനയായി നിന്നതേ ഉള്ളൂ. ഒടുവിൽ ബഹുമാനപ്പെട്ട മദർ വന്ന് അവളെ, ജിജ്ഞാസഭരിതരായ ആ ജനങ്ങളിൽ നിന്നും രക്ഷപ്പെടുത്തി.

അന്നു വൈകുന്നേരം മഠത്തിൽ ഭഗീതയെ അനുമോദിച്ചു ഒരു വിരുന്നുസൽക്കാരവും ഉണ്ടായിരുന്നു. വെനീസ് നഗരത്തിലെ പല പ്രശസ്താതിഥികളും ഇതിൽ പങ്കെടുത്തു. അവളുടെ മുഖത്ത് സദാ നിഴലിച്ചിരുന്ന ശോകഛായ പരിപൂർണ്ണമായി നീങ്ങി. അവൾ കുറച്ചുമാത്രമേ സംസാരിച്ചുള്ളുവെങ്കിലും, അവളുടെ പ്രവൃത്തികളിലും വാക്കുകളിലും എല്ലാം നിർമ്മലമായ ഒരു സന്തോഷം കളിയാടിയിരുന്നു. സ്വർഗ്ഗീയമായ ഒരു ദിവ്യപ്രകാശം അവളുടെ മുഖത്തു് പ്രശോഭിച്ചു.

അങ്ങിനെ വളരെ പ്രാധാന്യമർഹിക്കുന്ന ആ ദിവസം കടന്നുപോയി. ഭഗീത ജ്ഞാനസ്നാനാനന്തരം സ്വീകരിച്ച നാമം ജോസഫൈൻ എന്നായിരുന്നു.

## അവളുടെ ഭാവി

ഭഗീതയുടെ ജ്ഞാനസ്നാനം കഴിഞ്ഞിട്ട് വർഷം ഒന്ന് അതിവേഗം കടന്നുപോയി. ആ 365 ദിവസങ്ങളും അവൾക്ക് സമാധാനപ്രദവും സന്തോഷപ്രദവുമായ ദിവസങ്ങളായിരുന്നു. 1891–ാം മാണ്ട് ഡിസംബർ മാസത്തിൽ ഒരു ദിവസം മദർ ജനറൽ ഭഗീതയെ അരികെ വിളിച്ച് അവളുടെ ഭാവിയെപ്പററി ചിലതെല്ലാം ചോദിച്ചു. "നീ ഇവിടെ വന്നിട്ട് ഒരു വർഷം തികയുന്നു. എൻെറ കുഞ്ഞേ, എന്തു ചെയ്യുവാനാണ് നീ തീരുമാനിക്കുന്നതു്. നീ മി. സെചേനിയുടെ ക്ഷണം സ്വീകരിച്ച് അദ്ദേഹത്തിൻെറ കൂടെ പോകുന്നോ- നിൻെറ ആഗ്രഹമെന്താണെന്ന് വ്യക്തമായി പറയൂ."

ഇതു കേട്ടപ്പോൾ ഭഗീത പൊട്ടിക്കരഞ്ഞുപോയി. അവൾ മദർ ജനറലിനെ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു:—"അമ്മേ, ഞാൻ ഒരിക്കലും ഇവിടെനിന്ന് പോകുകയില്ല. മി. സെചേനി, എന്നെ ഒരു പുത്രിയെപ്പോലെ സ്നേഹിക്കുന്നുണ്ടെന്ന് എനിക്കറിയാം. പക്ഷേ അത്രയും അംഗങ്ങളുള്ള ഒരു കുടുംബത്തിൽ ഞാൻ കൂടെ ചെല്ലുന്നതു് അത്ര ഉചിതമല്ല. കൂടാതെ ഞാൻ ഒരു പാവപ്പെട്ട നീഗ്രോ ആയിരിക്കുന്നിടത്തോളം പല വിധത്തിലുള്ള അപകടങ്ങളെ അഭിമുഖീകരിക്കേണ്ടി വരും. എന്നെ ഇവിടെ മദറിൻെറ കൂടെ താമസിപ്പി

# കർമ്മേലാരാമത്തിൽ

പി എ. ജോസഫ്, കാർമ്മൽ അപ്പസ്തോലിക്ക് സ്കൂൾ, എറണാകുളം.

മനുഷ്യരക്ഷയ്ക്കു വേണ്ടിയാണ് ക്രിസ്തുനാഥൻ മനുഷ്യനായി അവതരിച്ചതു്; പാടുപീഡകൾ സഹിച്ചതു്; കുരിശുമരണം വരിച്ചതു്. എന്നാൽ അവിടുത്തെ മരണത്തോടുകൂടി മനുഷ്യരക്ഷ പരിപൂർണ്ണമായി സാധിച്ചിരുന്നില്ല. അവിടുത്തെ ദൗത്യം ലോകത്തിൽ തുടന്നു നടത്തുന്നവരാണ് വൈദികർ. എല്ലാ ആളുകളേയും വൈദികരാകുവാൻ ദൈവം അനുവദിക്കുന്നില്ല.



ലേഖകൻ

ചില വിശേഷ വരങ്ങൾ നൽകി കുറച്ചുപേരെ അതിനായി വിളിക്കും. ദൈവത്തിന്റെ വൈദികപദവിയിലേക്കുള്ള ഈ ആഹ്വാനമാണ് ദൈവവിളി. 'ദൈവ വിളി' എന്നു പറഞ്ഞാൽ ദൈവം നേരിട്ടു വിളിക്കുന്നു എന്നു് അതിനർത്ഥമില്ല. ഇതു പ്രത്യക്ഷപ്പെടുന്നതു് പല വിധത്തിലാണ്. ഒരു പ്രസംഗം കേട്ടുകൊണ്ടിരിക്കുമ്പോൾ ഒരു വൈദികനാകുവാനുള്ള ആഗ്രഹം പലരിലും അങ്കുരിക്കാറുണ്ട്. ഇതു് ദൈവവിളിയുടെ ആരംഭമാകാം. മററു ചിലരിൽ നല്ല പുസ്തകങ്ങൾ വായിച്ചുകൊണ്ടിരിക്കുമ്പോഴായിരിക്കും ഈ ആഗ്രഹം ഉണ്ടാകാറുള്ളതു്. ഇതെല്ലാം ദൈവവിളിയായി കരുതി വിശേഷാനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ടു് അതിനു തയ്യാറാകുക. ദൈവം ഒരു വൈദികനാകുവാനുള്ള അനുഗ്രഹം പലക്കും നൽകുന്നുണ്ട്. സ്നേഹത്തിന്റെ മൂർത്തീകരണമായ ക്രിസ്തുവിന്റെ വിശേഷാനുഗ്രഹത്താൽവൈദികനാകുവാനായി കർമ്മലസഭയിൽ ചേന്ന ഈ എഴുത്തുകാരന്റെ ജീവിത നിരീക്ഷണം ഈ ലേഖനത്തിൽ തുടന്നു ദർശിക്കുവാൻ സാധിക്കുന്നതാണ്.

1961 ജൂൺ 19-ാം തീയതി എന്റെ ജീവിതത്തിലെ ഏററവും ആനന്ദസന്ദായകമായ ഒരു ദിനമായിരുന്നു. അന്നു് ഞാൻ ആദ്യമായി ഒരു ആശ്രമത്തിനുള്ളിൽ പ്രവേശിച്ചു. അപ്പോൾ സ്നേഹനാഥൻ എ

---

ച്ചാൽ മതി. ഞാൻ ഇവിടെ എന്നാൽ കഴിയുന്ന ജോലികളെല്ലാം ചെയ്തുകൊള്ളാം."

മദർ ജനറൽ ആത്മീയമായി അവളുടെ അമ്മയായിക്കഴിഞ്ഞിരുന്നു. അവർ അവളെ അത്യധികമായി സ്നേഹിക്കുകയും ചെയ്തിരുന്നു. മദർ ഭഗീതയെ സ്വാന്തന വാക്കുകളാൽ ആശ്വസിപ്പിച്ചു. അധികാരികളോടെല്ലാം ആലോചിച്ച് അവളെ ആ മഠത്തിൽ താമസിപ്പിക്കുവാൻ വേണ്ട പരിശ്രമങ്ങളെല്ലാം ചെയ്തുകൊള്ളാമെന്നു് മദർ വാഗ്ദാനം ചെയ്തു.

വർഷം ഒന്നും കൂടെ കടന്നുപോയി. സമാധാനത്തോടും സന്തോഷത്തോടും കൂടി ജീവിച്ചുവന്ന ഭഗീതയെ, അവളുടെ ഭാവിജീവിതത്തെപ്പററിയുള്ള പ്രശ്നം വീണ്ടും അലട്ടി. അവൾ ഒരിക്കലും ആ മഠം വിട്ടു പോകുകയില്ലെന്നു്, അവളുടെ ജ്ഞാനസ്നാനദിവസം പ്രതിജ്ഞചെയ്തിരുന്നു. അവൾക്കു് ആ പ്രതിജ്ഞാഭംഗം കൂടാതെ കാക്കാം. എന്നാൽ ഉപവിയുടെ സഭ എങ്ങിനെയാണ് അവളെ അവിടെ എന്നന്നേയ്ക്കുമായി നിൽക്കുവാൻ അനുവദിക്കുന്നതു്.

എപ്പോഴും ആന്തരികമായി ഒരു സ്വരം ശ്രവിച്ചിരുന്നു. കപ്പേളയിൽ ദിവ്യനാഥന്റെ സന്നിധിയിൽ ആയിരിക്കുമ്പോഴാണ് ശക്തിയായി ഈ സ്വരം അവൾ ശ്രവിച്ചിരുന്നതു്. "നീ ഒരിക്കലും ഈ സ്ഥലം വിട്ടു പോകരുതു്. നീ എന്റെ മണവാട്ടി ആകും." ഭഗീത സന്തോഷത്തോടുകൂടി ഇങ്ങനെ മറുപടി പറയും. "അതെ നാഥാ, ഞാൻ എന്നും അങ്ങയുടെ കുഞ്ഞു മണവാട്ടി ആയിരിക്കും."

ന്നോടിപ്രകാരം പറയുന്നതായി എനിക്കു തോന്നി. "മകനെ, നീ ശരിയായ മാർഗ്ഗം തിരഞ്ഞെടുത്തിരിക്കുന്നു" എന്നെപ്പോലെ വൈദികരാകുവാൻ ആഗ്രഹിച്ചു വന്ന ധാരാളം വിദ്യാർത്ഥികൾ പ്രസ്തുത ആശ്രമത്തിൽ ഉണ്ടായിരുന്നു. ഞാൻ അവരുടെ കൂടെ ജീവിതം ആരംഭിച്ചു.

ഞങ്ങളുടെ ജീവിതം ഈശോയ്ക്കും മറിയത്തിനും ഏററം പ്രിയംകരമാക്കിത്തീർക്കുവാൻ ഞങ്ങൾ അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നു. ഞങ്ങൾ ആശ്രമത്തിൽ പ്രവേശിച്ചതുമുതൽ പ്രാർത്ഥനാപരമായി വിപ്ളവാത്മകമായ അഭിവൃദ്ധി ഞങ്ങൾക്കുണ്ടായി. ഓരോ ദിവസവും ദിവ്യകാരുണ്യനാഥനെ സ്വീകരിക്കുമ്പോൾ ഞങ്ങൾ അനുഭവിക്കുന്ന ആനന്ദം വാക്കുകളിൽ ഒതുങ്ങാത്തതാണ്. ദിവ്യബലി കാണുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യുമ്പോൾ എന്റെ സഹോദരന്മാരുടെ ഭക്തി എന്നെയും ഭക്തിനിർഭരനാക്കിത്തീർക്കുന്നു. ഓരോ കൊച്ചു മാലാഖയെപ്പോലെ എന്റെ സഹോദരന്മാർ നിൽക്കുന്ന കാഴ്ച എന്നെ എങ്ങനെ അവരെപ്പോലെ ആക്കാതിരിക്കും? ഭക്തിയിൽ നിർല്ലീനരായിരിക്കുന്ന സഹോദരന്മാരെ കണ്ടു നിൽക്കുവാൻ എല്ലാവർക്കും കൗതുകം ജനിക്കും.

ഒരു വിശുദ്ധനാകുവാനുള്ള മാർഗ്ഗം അവനവന്റെ നിസ്സാരങ്ങളായിട്ടുള്ള കർത്തവ്യങ്ങൾപോലും ശരിയായി അനുഷ്ഠിക്കുകയാണ്. വി. ജോൺ ബർക്കുമാൻസ് ഈ വിധമാണ് വിശുദ്ധപദം അലങ്കരിച്ചതു്. അദ്ദേഹം സ്നേഹിതരുമൊന്നിച്ചു കളിച്ചുകൊണ്ടിരുന്നപ്പോൾ സ്നേഹിതന്മാർ ചോദിച്ചു, "നീ ഇപ്പോൾ മരിക്കുവാൻ പോകുന്നു എന്നറിഞ്ഞാൽ എന്തുചെയ്യും", "ഞാൻ ഈ കളി തുടർന്നു കൊണ്ടുപോകും" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഇതുപോലെ ഏവർക്കും തങ്ങളുടെ കർത്തവ്യങ്ങൾ ശരിയായി നിർവഹിച്ച് വിശുദ്ധന്മാരായിത്തീരുവാൻ സാധിക്കും. ഇപ്രകാരമുള്ള കർത്തവ്യാനുഷ്ഠാനം ഞങ്ങളിൽ എത്രമാത്രം ഫലവത്തായിട്ടുണ്ടെന്നു പറഞ്ഞറിയിക്കുക പ്രയാസമാണ്. ഓരോ ദിവസവും കുറച്ചു സമയത്തേയ്ക്കുള്ള 'ഗാർഡനിങ്ങ്' ഞങ്ങൾ എത്ര ഭംഗിയായി നിർവഹിക്കുന്നുവെന്നു പറഞ്ഞാൽ വിശ്വാസയോഗ്യമല്ലെന്നു കരുതിയേക്കാം. എന്നാൽ നേരിട്ടു കാണുമ്പോൾ ഏവർക്കും മനസ്സിലാക്കുവാൻ സാധിക്കും ഇതെല്ലാം യാഥാർത്ഥ്യങ്ങൾ മാത്രമാണെന്ന്.

അനുസരണം, അതു് ഒരു ബാലനുണ്ടായിരിക്കേണ്ട വിശിഷ്ടഗുണങ്ങളിൽ ഒന്നാണ്. ഞങ്ങൾ ഞങ്ങളുടെ അധികാരികൾക്കു് പരിപൂർണ്ണമായി കീഴ്‌വഴങ്ങുന്നു. സഭയ്ക്കും ദൈവത്തിനും എതിരല്ലാത്ത എന്തും അനുസരിക്കുവാൻ ഞങ്ങൾ തയ്യാറാകുന്നു. എന്തെങ്കിലും ഞങ്ങൾ മുഖേന സാധിച്ചു കിട്ടുവാൻ അധികാരികൾ ആവശ്യപ്പെട്ടാൽ അതു് കഴിയുന്നതും വേഗം സാധിച്ചു കൊടുക്കുന്നതിൽ ഞങ്ങൾ അതീവ ശ്രദ്ധാലുക്കളാണ്.

ഞങ്ങളുടെ പരസ്പരമുള്ള പെരുമാററം നിഷ്കളങ്കമായ സ്നേഹത്തിൽ അധിഷ്ഠിതമാണ്. ഏകോദരസഹോദരന്മാരായി ഞങ്ങൾ ജീവിതം കഴിക്കുന്നു. 'സ്നേഹം' എന്ന രണ്ടക്ഷരമാണ് ഞങ്ങളെ നയിക്കുന്നതു്. ഞങ്ങളുടെ അധികാരികളോടു് ഞങ്ങൾക്കുള്ള സ്നേഹം സീമാതീതമാണ്. ഞങ്ങളുടെ റെക്ടറച്ചൻ അടുത്തേക്കു വരികയാണെങ്കിൽ "എനിക്കാദ്യം അദ്ദേഹത്തിന്റെ സമീപത്തു് എത്തിച്ചേരണം" എന്ന വിചാരത്തോടെ എല്ലാവരും അദ്ദേഹത്തെ ലക്ഷ്യമാക്കി ഓടും. ഈ കാര്യം, ആരേയാണ് ആനന്ദതുന്ദിലരും, വിചാരനിമഗ്നരും, സ്നേഹസൗശീലരും, ആകർഷിതരും ആക്കിത്തീർക്കാത്തതു്.

ഞങ്ങളിൽ ആർക്കെങ്കിലും സുഖക്കേടുണ്ടായാൽ മറെറല്ലാ സഹോദരന്മാരും ദുഃഖനിമഗ്നരാകുന്നു. എല്ലാവരും രോഗിയായ സഹോദരനുവേണ്ടി പ്രാർത്ഥിക്കുന്നു; ആ സഹോദരനുവേണ്ടി എന്തു ത്യാഗവും ചെയ്യുവാൻ സന്നദ്ധരാകുന്നു. റെക്ടറച്ചൻ ആ സഹോദരനുവേണ്ടി ആകുലചിത്തനാകുന്നു. ഓരോ നിമിഷവും ആ സഹോദരന്റെ അടുത്തുവന്നു രോഗവിവരം ആരായുന്നു. രോഗിക്കു് രോഗപീഡയെന്നതിനേക്കാൾ റെക്ടറച്ചനു് മാനസികക്ലേശം ഉണ്ടാകുന്നു. തീരെ നിസ്സാരമായ ഒരു തലവേദന വന്നാൽമതി, ഇതു തന്നെയാണനുഭവം. ഈ വിധം ഞങ്ങൾക്കുവേണ്ടി റെക്ടറച്ചൻ അനുഭവിക്കുന്ന കഷ്ടതകളെന്തുമാത്രമെന്നു് പറഞ്ഞറിയിക്കുക പ്രയാസമാണ്. ഞങ്ങളുടെ ഭക്ഷണകാര്യങ്ങളിൽ റെക്ടറച്ചന്റെ സൂക്ഷ്മമായ ശ്രദ്ധപതിഞ്ഞിട്ടുണ്ട്. എല്ലാവർക്കും പ്രിയംകരങ്ങളായ ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിൽ അദ്ദേഹം അതീവതല്പരനാണ്.

ഇപ്രകാരം ഒരു വർഷം മാത്രം പ്രായമായ കർമ്മലമക്കളായ ഞങ്ങൾക്കു് ഈ കർമ്മലീത്താ ഒന്നാം സഭ

# ഞങ്ങളുടെ നവ വൈദികൻ

## ഒരു സ്നേഹ സ്മരണ

(ഒരു ചെറുപുഷ്പ സഖ്യതാംഗം)

കർമ്മലീത്താ വൈദികരാൽ ചെറുപുഷ്പത്തിന്റെ മദ്ധ്യസ്ഥതയിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ചെറുപുഷ്പ ഭക്തസഖ്യതയിലെ ഒരു സജീവ പ്രവർത്തകനായിരുന്ന ബ്രദർ സ്റ്റീഫൻ. കുട്ടികളിൽ പ്രേഷിത ചൈതന്യം വളർത്തുവാനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ സഖ്യതയിൽനിന്നു് പലരും ദൈവവിളി ശ്രവിച്ചു് നമ്മുടെ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ വേലചെയ്യാൻ തയ്യാറായി പോയിട്ടുണ്ടു്. അവരിൽ ഒരാളാണു് ഈ മാർച്ചു് 17-ാം തീയതി വൈദിക പദവിയിലേയ്ക്കു് ഉയർത്തപ്പെട്ടിരിക്കുന്ന മേൽ പറഞ്ഞ സഹോദരൻ.

അദ്ദേഹം 1937 സെപ്റ്റമ്പർ 3-ാം തീയതിയാണു് ഭൂജാതനായതു്. ബാല്യത്തിൽത്തന്നെ, മാതാപിതാക്കന്മാർ പാങ്ങോട്ടുള്ള കർമ്മലീത്താ വൈദികരുടെ പക്കൽ വേദോപദേശം പഠിക്കുന്നതിനായി സ്റ്റീഫനെ അയച്ചിരുന്നു. അങ്ങനെ ദൈവത്തെക്കുറിച്ചും, കത്തോലിക്കാ സഭയെക്കുറിച്ചും കൂടുതലറിവു് ലഭിച്ചതോടുകൂടി, വി. കൊച്ചുത്രേസ്യായുടെ ഭക്തസഖ്യതയിൽ സ്റ്റീഫനും ഒരംഗമായിത്തീർന്നു. അന്നു് റവ. ഫാ. ബർണ്ണഡീൻ ഒ.സി.ഡി. യായിരുന്നു കുട്ടികളെ നയിച്ചിരുന്നതു്. അദ്ദേഹത്തിന്റെ പൈതൃകവും സ്നേഹസമ്പന്നവുമായ ഉപദേശങ്ങളുടെയും ശിക്ഷണത്തിന്റെയും ഫലമായി ഞങ്ങളെല്ലാവരും നന്നായി വേദോപദേശം പഠിച്ചു. കുസൃതിത്തരത്തിലും ഉത്സാഹത്തിളപ്പിലും മുൻപന്തിയിലായിരുന്ന സ്റ്റീഫൻ ഭാവിയിൽ ഒരു വൈദികനാകുമെന്നു് കുട്ടികളായിരുന്ന ഞങ്ങളാരും വിചാരിച്ചതേയില്ല. പക്ഷേ കാലത്തിന്റെ തികവിൽ ദൈവം അദ്ദേഹത്തെ തന്റെ വിളവുററ വയലിലേക്കു ക്ഷണിച്ചു. വളരെ ചെറുപ്പത്തിൽ തന്നെ ഹൈസ്കൂൾ വിദ്യാഭ്യാസവും വേദോപ

---

യെക്കുറിച്ചുണ്ടായ അഭിപ്രായം സധാരണക്കാരുടെതിൽ നിന്നും വളരെ ഭിന്നമായിട്ടുള്ള ഒന്നാണു്. 'ഒന്നാംസഭ' എന്നു കേൾക്കുമ്പോൾ ഞെട്ടുന്നവരാണു് പലരും. 'തപസ്സുകൊണ്ടു് ക്ലേശഭൂയിഷ്ഠം' എന്നാണു് അവർ ഇതിനെ വ്യാഖ്യാനിക്കുന്നതു്. ഞാൻ ഈ സഭയിൽ ചേരുവാൻ ഒരുങ്ങിയപ്പോൾ എന്റെ സ്നേഹിതന്മാരും, ബന്ധുക്കളും ഈ വസ്തുത എന്റെ ശ്രദ്ധയിൽ പെടുത്താതിരുന്നില്ല. ആദ്യം ഞാൻ നടുങ്ങിപ്പോയി. എന്നാൽ ധൈര്യമവലംബിച്ചു് ഇവിടെ വന്നുചേർന്നു. അതിനുശേഷമുള്ള എന്റെ ഈ ഒരു വർഷത്തെ ജീവിതം ഈ ഭയത്തെ എന്നിൽ നിന്നും നിശ്ശേഷം ദൂരീകരിച്ചിരിക്കുന്നു. ലോകബന്ധങ്ങളിൽ നിന്നും ഞങ്ങൾ വിമുക്തരായി; സ്നേഹനാഥനുമായി ബന്ധിക്കപ്പെട്ടു. ആനന്ദസംപുഷ്ടമായ ഒരു ജീവിതമാണു് ഞങ്ങൾ നയിച്ചതു്; നയിക്കുന്നതു്. ഞങ്ങളുടെ ഈ ആനന്ദത്തിൽ ഭാഗഭാക്കുകളാകുവാൻ എല്ലാ ബാലന്മാരേയും ദൈവം അനുവദിച്ചിരുന്നുവെങ്കിൽ! ലോകത്തിൽ നിന്നും വേർപ്പെട്ടു് പ്രാർത്ഥന വഴി ദൈവവുമായി യോജിക്കുകയെന്നതു് എത്ര അഭികാമ്യമായൊരു പ്രവൃത്തിയാണു്. എല്ലാ ദിവസവും സ്നേഹനാഥനെ സ്വീകരിക്കുവാൻ സാധിക്കുന്നു. പരിശുദ്ധ കന്യകമറിയത്തിനുപോലും ലഭിക്കാത്ത ഒരു വിശിഷ്ടാനുഗ്രഹം! ഇങ്ങനെ ആനന്ദനിർലീനരായി ജീവിതം കഴിക്കുവാൻ ആഗ്രഹിക്കാത്തവർ ആരെങ്കിലുമുണ്ടോ? ഇല്ലെന്നു ഞാൻ വിശ്വസിക്കുന്നു. പ്രേഷിതചൈതന്യമുള്ള പ്രിയ യുവ സ്നേഹിതരെ, മിശിഹാനാഥന്റെ ഈ വിധമുള്ള ആനന്ദജീവിതത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, സ്നേഹനാഥനുവേണ്ടി ജീവിതം അർപ്പിക്കുവാൻ തയ്യാറാണെങ്കിൽ പരിശുദ്ധമറിയത്തിന്റെ സഹായമപേക്ഷിച്ചു് ആഗതരാകുവിൻ. അങ്ങനെ മിശിഹായുടെ മുന്തിരിത്തോപ്പിലെ വേലക്കാരായിരിക്കുവാൻ ആഗ്രഹിക്കുന്നവരെ ദൈവം അനുഗ്രഹിക്കട്ടെ. ലോകസുഖഭോഗാശക്തിയിൽ മുഴുകിയിരിക്കുന്ന യുവസ്നേഹിതരെ, യഥാർത്ഥസമാധാനം കർമ്മലസഭയിൽ കണ്ടെത്താം. അങ്ങനെ നമുക്കേവർക്കും നമ്മുടെ വിലയേറിയ ജീവിതം സ്നേഹനാഥനു സമർപ്പിക്കാം.



ദേശപഠനവും പൂർത്തിയാക്കി അദ്ദേഹം സെമ്മിനാരിയിലേക്കുപോയി. ഞങ്ങൾ ഇന്നും ഓർമ്മിക്കുന്ന ഒരു സുദിനമാണത്. കുട്ടികളെല്ലാവരും വാർഷികധ്യാനത്തിനായി ബെൻസിഗർ മന്ദിരത്തിൽ കൂടിയിരിക്കുകയാണ്. പെട്ടെന്ന് ഞങ്ങളുടെ ബർണഡീനച്ചൻ മേശയുടെ അടുക്കലേക്കു നീങ്ങിച്ചെല്ലുന്നത് ഞങ്ങൾകണ്ടു. ഞങ്ങൾക്കുതോന്നി, ഏതോ കുസൃതിത്തരം കാണിച്ചവരെ ഉപദേശിക്കാനോ മറേറാ ആയിരിക്കും ആ പോക്ക് എന്ന്. പക്ഷേ അച്ചൻ വളരെ സന്തോഷഭാവമാണ് പ്രദർശിപ്പിച്ചത്. ഞങ്ങൾക്ക് കാര്യം മനസ്സിലായില്ല. ഉടനെ അദ്ദേഹം പറയുകയാണ്, "നിങ്ങളുടെ സ്നേഹിതൻ സ്റ്റീഫൻ വൈദികപട്ടത്തിനു പോകുകയാണ്" എന്ന്. എന്തൊരാനന്ദമായിരുന്നു. ഞങ്ങളെല്ലാവരുംകൂടി അദ്ദേഹത്തെ അഭിനന്ദിച്ചു. അങ്ങനെ നീണ്ട ഒൻപതു സംവത്സരങ്ങൾക്കുമുമ്പ്, 15-ാംമത്തെ വയസ്സിൽ അദ്ദേഹം ഞങ്ങളിൽ നിന്നു വേർപിരിഞ്ഞതാണ്.

ഇതാ വീണ്ടും അദ്ദേഹം നമ്മുടെ അടുക്കലേക്ക് വന്നിരിക്കുന്നു, പഴയ ഒരു സഹപാഠി എന്ന നിലയിൽ തന്റെ സ്നേഹിതന്മാരെ കാണുന്നതിനും അവരുമായി സന്തോഷിക്കുന്നതിനും. പക്ഷേ ഇന്നദ്ദേഹം ഒരു വൈദികനാണ്—ദൈവത്തിന്റെ പുരോഹിതൻ. ദൈവം തന്റെ പ്രത്യേകാനുഗ്രഹങ്ങൾ അദ്ദേഹത്തിന്റെ മേൽ വർഷിച്ചിരിക്കുകയാണ്. നമുക്ക് ദൈവത്തിനു നന്ദി പറയാം. ഇനിയും തന്റെ വിളവുററവയലിലേക്ക് നമ്മുടെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യാവഴി അനേകം കുഞ്ഞുമിഷനറിമാരെ അവിടുന്നു വിളിക്കുമെന്നു നമുക്കു പ്രത്യാശിക്കാം. അതോടുകൂടി നമുക്കു നമ്മുടെ സഹോദരനെ അഭിനന്ദിക്കാം. നമ്മുടെ ഭക്തസഖ്യത്തിൽനിന്ന് അതിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ തന്നെ ഒരു നവ വൈദികനെ കിട്ടിയതിൽ നമുക്ക് സന്തോഷിക്കാം. നമ്മുടെ യുവസഹോദരനായ നവ വൈദികനു വേണ്ടി നമുക്ക് ഹൃദയപൂർവ്വം പ്രാർത്ഥിക്കാം.

---

## ക്രിസ്തുഭഗവാൻ

(ഇടപ്പഴിഞ്ഞി കൊച്ചുനാരായണപിള്ള)

പാപംചെയ്ത ജനങ്ങളെ ക്ഷണതരം രക്ഷി
ച്ചവർക്കുള്ളൊരുൾ—
ത്താപം നീക്കി മുദാ മഹത്വമിയലും സ്വർഗ്ഗത്തി—
ലെത്തിക്കുവാൻ
ആകുംമട്ടു ശ്രമിച്ച ക്രിസ്തുഭഗവാൻ ഹസ്തങ്ങൾ
രണ്ടും വിട—
ർത്താഹാ! നമ്മെയനുഗ്രഹിപ്പു നിതരാം
കാരുണ്യവാരാന്നിധി.

---

* കാർമ്മൽ ഹിൽ ആശ്രമത്തിന്റെ പരിസരങ്ങളിൽ പുതുതായി നിർമ്മിച്ച 'കുരിശടി'യിലെ മിശിഹായുടെ പ്രതിമകൾ കണ്ടിട്ട് ഒരു ഹൈന്ദവ കവി രചിച്ച ഒരു ശ്ലോകമാണിത്.

# കൊയ്ത്തിനു മുമ്പ്

(പി. സി. തോമസ്, കാർമ്മൽ അപ്പസ്തോലിക്ക് സ്കൂൾ, എറണാകുളം)



(ലേഖകൻ)

ഏകദേശം രണ്ടായിരം സംവത്സരം മുമ്പ് "എന്റെ ആടുകളെ എനിക്കായി നീ മേയിക്കുക" (St. John XXI—15, 16, 17) എന്ന് സത്യദൈവവും സത്യമനുഷ്യനും ആയ ഈശോ മിശിഹാ, വി. പത്രോസിനോടു പറഞ്ഞുകൊണ്ട് അദ്ദേഹത്തെ പരമാധികാരിയാക്കി തിരുസ്സഭ സ്ഥാപിച്ചു. മാത്രമല്ല, "നിങ്ങൾ പോയി സകല ജാതികളേയും പഠിപ്പിച്ച് അവക്ക് പിതാവിന്റേയും, പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും നാമത്തിൽ മാമ്മോദീസാ നൽകുവിൻ" (St. Mathew XXVIII—19, 20) എന്ന് അരുളിച്ചെയ്തുകൊണ്ട് അപ്പസ്തോലന്മാരേയും ലോകാവസാനംവരെയുള്ള അവരുടെ പിൻഗാമികളെയും തന്റെ സഭ വിസ്തൃതമാക്കുവാൻ തന്റെ പ്രതിനിധികളായി നിയമിച്ചു. എന്നാൽ ഈ പിൻഗാമികളെ തിരഞ്ഞെടുക്കുന്നത് ദൈവമായ മിശിഹാ തന്നെയാണ്. അങ്ങനെ തന്റെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിൽ മിശിഹാ അനുവർത്തിക്കുന്ന മാർഗ്ഗമാണ് ദൈവവിളി. ശരിയായ അർത്ഥത്തിൽ ദൈവാരാധന നടത്തുന്നതിനും രക്ഷാകരവേലയിൽ ക്രിസ്തുവിനോടൊത്തു പ്രവർത്തിക്കുന്നതിനും അതോടൊപ്പം സ്വയം മിശിഹായുമായി ഐക്യപ്പെടുന്നതിനും ആവശ്യമായ ദൈവത്തിന്റെ തെരഞ്ഞെടുപ്പ്, അഥവാ ആഹ്വാനമാണ് ദൈവവിളി.

ഭൂമിയിൽ ക്രിസ്തുവിന്റെ പ്രതിനിധിയായ വൈദികൻ ആത്മാക്കൾക്ക് പുത്രവത്സലനായ പിതാവും, അഭ്യുദയകാംക്ഷിയായ ഉപദേശകനും, വിശ്വസ്തനായ സംരക്ഷകനും, ശരിയായ മാർഗ്ഗദർശിയും, അനുകമ്പാദ്രിതനായ ഭിഷഗ്വരനും, ശിഷ്യവത്സലനായ ഗുരുവും നീതിനിഷ്ഠനായ ന്യായാധിപതിയുമാണ്. അതിനാൽ ഈ സ്ഥാനങ്ങൾക്ക് ശരിയായ അർഹതയുള്ളവരെ മാത്രമെ ദൈവം തിരഞ്ഞെടുക്കുകയുള്ളൂ.

ദിവ്യപ്രേരണയാൽ തനിക്ക് ദൈവവിളിയുണ്ടെന്ന് ഒരുവന് ബോദ്ധ്യപ്പെടുന്നത് ചിലപ്പോൾ സൽഗ്രന്ഥപരായണം മൂലമോ, അല്ലെങ്കിൽ ഒരു പ്രസംഗശ്രവണത്താലോ, അല്ലെങ്കിൽ വൈദികരുമായുള്ള സമ്പർക്കത്താലോ ആകാം. ഇങ്ങനെ ദൈവവിളി ബോദ്ധ്യപ്പെടുന്ന കുട്ടികൾ ദിവസവും ദിവ്യപൂജയിൽ സംബന്ധിക്കുകയും അൾത്താര ശുശ്രൂഷയിൽ താല്പര്യം പ്രദർശിപ്പിക്കുകയും ചെയ്യും. അടുക്കലടുക്കൽ കുമ്പസാരം, കുർബ്ബാന എന്നീ കൂദാശകൾ സ്വീകരിക്കും. മാത്രമല്ല; വൈദികരുമായി അവർ അടുത്ത സമ്പർക്കം പുലർത്തും. അവരുടെ ആവശ്യങ്ങളിൽ അവരെ സഹായിക്കുവാൻ അതീവശ്രദ്ധാലുക്കളുമായിരിക്കും.

മേൽ പ്രസ്താവിച്ച ദൈവവിളിയുടെ ബാഹ്യലക്ഷണങ്ങൾ പ്രകടമാക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നല്കണമെന്ന് കാനൻ നിയമം അനുശാസിക്കുന്നു. ഈ അവസരത്തിൽ കാതലായ മൂന്നുലക്ഷണങ്ങൾ അവന് ഉണ്ടാകേണ്ടിയിരിക്കുന്നു. അവ, ദൈവാരാധന നടത്തുന്നതിലും ആത്മാക്കളുടെ രക്ഷയിലുമുള്ള ഉദ്ദേശശുദ്ധി, ശാരീരികവും മാനസികവും ആത്മികവുമായ പര്യാപ്തത; സഭയുടെ തെരഞ്ഞെടുപ്പ് ഇവയാകുന്നു.

ദൈവവിളി ഒരു അപൂർവ്വഭാഗ്യമാണ്. ഇത് സിദ്ധിക്കുന്ന കുട്ടികളെ ശരിയായി പരിശീലിപ്പിക്കുവാൻ പെററി സെമ്മിനാരികളും മററും ഉപയോഗപ്പെടുന്നു. ഈ ഭാഗ്യം ലഭിച്ചവർ തങ്ങളുടെ സഹോദരങ്ങൾക്കും ഇത് ലഭിക്കുവാൻ ശ്രമിക്കേണ്ടതു് സഹോദരസ്നേഹം അനുശാസിക്കുന്ന ഒരു കടമയാണ്. അതിനാൽ ദൈവവിളിയുള്ള കുട്ടികളെ പരിശീലിപ്പിക്കുന്ന അപ്പസ്തോ

ലിക സ്കൂളുകളിലെ അവരുടെ ജീവിതം എത്രത്തോളം ആനന്ദകരവും ഉപയോഗപ്രദവുമാണെന്ന് എൻെറ അനുഭവത്തിൽ നിന്നും പറയുന്നതു് ഉത്തമമായിരിക്കും. എനിക്ക് കർമ്മലീത്താ ഒന്നാംസഭയിലേക്ക് ദൈവവിളിയുണ്ടാകുന്നതിനും അങ്ങനെ പ്രസ്തുത സഭയുടെ അപ്പസ്തോലിക സ്കൂളിൽ പരിശീലനം ലഭിക്കുവാനും ഭാഗ്യം സിദ്ധിച്ചു. ഈ സ്കൂളിലെ എൻെറ സഹോദരങ്ങളുടെയും എൻെറയും സാമൂഹ്യവും ആത്മീകവും വിദ്യാഭ്യാസപരവുമായ ജീവിതം എന്തെന്ന് നോക്കാം.

പല മാതാപിതക്കന്മാരുടെ മക്കളായ ഞങ്ങൾ ഇവിടെ വന്ന് ഒരേകുടുംബത്തിലെ അംഗങ്ങളേക്കാളും സ്നേഹത്തോടും സൗഹാർദ്ദത്തോടും ജീവിക്കുന്നതു് എപ്രകാരമെന്ന് പറഞ്ഞറിയിക്കുക വിഷമമാണ്. സാമൂഹമായി ജീവിക്കുന്നതിൽ നിന്നും പലതും നേടുവാൻ സാധിക്കും. ത്യാഗം, സഹനം, സ്നേഹം മുതലായ വിശിഷ്ടഗുണങ്ങൾ അഭ്യസിക്കുന്നതിനു കിട്ടുന്ന അവസരങ്ങൾ ഒന്നും തന്നെ നഷ്ടമാകുന്നില്ല. ഞങ്ങളുടെ ക്രമപാലനവും അച്ചടക്കവും കണ്ടാൽ ആർക്കും അത്ഭുതമാണുണ്ടാവുക.

ആത്മീയകാര്യങ്ങളിൽ എല്ലാവർക്കും പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. തങ്ങളുടെ ആത്മഗുരുവിനെ ഓരോരുത്തനും തിരഞ്ഞെടുക്കുകയും തൻെറ ആത്മസ്ഥിതി സൗകര്യമുള്ളപ്പോഴൊക്കെ അദ്ദേഹത്തിനു വെളിപ്പെടുത്തുകയും പോരായ്മകൾ പരിഹരിക്കുകയും ചെയ്യുന്നു. തങ്ങൾക്ക് പ്രത്യേക സ്വർഗ്ഗീയ മദ്ധ്യസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതിനും അവരോട് പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നതിനും സൗകര്യമുണ്ട്.

വൈദികരുടെ ജീവിതം ഒരു നിരന്തര പഠനമാണല്ലോ. ഇതു് ശരിയായി മനസ്സിലാക്കിയ വൈദികവിദ്യാർത്ഥികളായ ഞങ്ങൾ പഠനകാര്യങ്ങളിൽ അതീവശ്രദ്ധ ചെലുത്തുകയും ചെയ്യുന്നു. എന്നാൽ ദിവസം മുഴുവനും പഠനവുമല്ല. അങ്ങനെയായാൽ മനസ്സ് ബലഹീനമാകും. ഇടയ്ക്കിടക്കുള്ള ഉല്ലാസസമയങ്ങൾ നല്ലപോലെ ഉല്ലസിക്കുവാനുള്ളതാണ്. എന്നാൽ ആഹ്ലാദങ്ങളും പൊട്ടിച്ചിരികളും ഒരിയ്ക്കലും ക്രമം വിട്ടുപോകാറില്ല. "Work while you work; And play while you play" എന്ന തത്വം ശരിക്ക് മനസ്സിലാക്കി പഠന സമയങ്ങളിൽ നല്ലപോലെ പഠിക്കുകയും ഉല്ലാസ സമയങ്ങളിൽ നല്ലപോലെ ഉല്ലസിച്ച് വീണ്ടും പഠിക്കുവാൻ വേണ്ട മനോബലവും തലച്ചോറിന് ആവശ്യമായ വിശ്രമവും നേടുന്നു.

മേൽ പ്രസ്താവിച്ച സംഗതികളൊക്കെയും ശരിയായി വായിച്ചു മനസ്സിലാക്കിയ പ്രിയസോദരാ, നിങ്ങൾക്കും ദൈവവിളിയുണ്ടെന്ന് തോന്നുന്നുവോ? എങ്കിൽ താമസിയാതെ നിങ്ങളുടെ ആത്മഗുരുവിനോടാലോചിക്കുക. അദ്ദേഹത്തിൻെറ ഉപദേശപ്രകാരം അധികാരികളെ സമീപിച്ച് നിങ്ങളുടെ ആഗ്രഹം വ്യക്തമാക്കുക. തീർച്ചയായും ദൈവം അതനുവദിക്കും.

---

## ഈ ലക്കത്തിൽ


| | | വശം |
|---|---|---|
| 1. | വീണ്ടും ആ ചോദ്യചിഹ്നം ... ... ... | 33 |
| 2. | തുറന്ന പുസ്തകം (വിശുദ്ധവാര ചിന്തകൾ) ഫാദർ ലൂക്കോസ് ഒ. സി. ഡി. ... | 36 |
| 3. | വിശുദ്ധകളുടെ പേരുകൾ (തുടർച്ച) ഫാദർ ഫിലിപ്പ് ഒ. സി. ഡി. .. .. | 41 |
| 4. | Give Me to drink (Sr. V—, Carmelite) ... ... | 43 |
| 5. | ദൈവവിളിയുടെ ലക്ഷണങ്ങൾ (ഫാ. എലിസേവൂസ്, ഒ. സി. ഡി.) ... ... | 45 |
| 6. | സെലി മാർട്ടിൻ (ഫാദർ ഫിലിപ്പ്, ഒ. സി. ഡി.) ... ... | 49 |
| 7. | മാപ്പു നൽകപ്പെട്ട കള്ളൻ (ഏ. എസ്. തോമസ്, മാരാരിക്കുളം) .. ... | 52 |
| 8. | തിരുഹൃദയ പ്രതിഷ്ഠ; ഈഴവക്കമ്മ്യൂണിസ്ററു ഭവനത്തിൽ (ഫാ. വില്യം, ഒ. സി. ഡി., കാന്തല്ലൂർ മിഷ്യനറി) ... | 55 |
| 9. | ഭഗീത ഒരു ക്രിസ്ത്യാനി (Miss Jenette Isaac M. Sc.) ... | 57 |
| 10. | കർമ്മലാരാമത്തിൽ (ബാലപംക്തി) (പി. ഏ. ജോസഫ് കാർമ്മൽ അപ്പസ്തോലിക്ക സ്കൂൾ, എറണാകുളം) ... | 59 |
| 11. | ഞങ്ങളുടെ നവ വൈദികൻ (ഒരു സ്നേഹസ്മരണ) ചെറുപുഷ്പസഖ്യതാംഗം) ... | 61 |
| 12. | ക്രിസ്തുഭഗവാൻ (കവിത) ഇടപ്പഴിഞ്ഞി കൊച്ചുനാരായണപിള്ള ... ... | 62 |
| 13. | കൊയ്ത്തിനു മുമ്പ് (വി. സി. തോമസ്, കാർമ്മൽ അപ്പസ്തോലിക്ക സ്കൂൾ, എറണാകുളം) | 63 |

## Statement about ownership and other particulars about newspaper CARMEL to be published in the first issue every year after the last day of February

Form IV (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | ... | Trivandrum |
| 2. | Periodicity of its publication | ... | Quarterly: January, April, July, October. |
| 3. | Printer's Name | .. | Rev. Br. Fidelis, O. C. D. |
| | Nationality | ... | Indian |
| | Address | ... | St. Joseph's Press, Trivandrum 1 |
| 4. | Publisher's Name | ... | Rev. Br. Fidelis, O. C. D. |
| | Nationality | ... | Indian |
| | Address | ... | St. Joseph's Press, Trivandrum 1 |
| 5. | Editor's Name | ... | Rev. Fr. Eliseus, O. C. D. |
| | Nationality | ... | Indian |
| | Address | ... | Carmel Hill Monastery, Trivandrum 1 |
| 6. | Name and addresses of individuals who own the newspaper and partners or shareholders holding more than one per cent of the total capital. | .. | "Carmel" is owned by a Religious and charitable Society called The Discalced Carmelite Fathers of the Malabar Province with head quarters at Carmel Hill Monastery, Trivandrum 1. |

I, Br. Fidelis, O. C. D. hereby declare that the particulars given above are true to the best of my knowledge and belief.

Dated 22—1—1962.

Sd. Publisher.

---


## കൎമ്മലീത്താ ഒന്നാം സഭയുടെ മലബാർ പ്രോവിൻസിൽ

# യോഗാൎത്ഥികളായി ചേരുവിൻ

കൎമ്മലീത്താ ഒന്നാം സഭയുടെ നിയമങ്ങളനുസരിച്ച് സൎവ്വപ്രധാനമായി പ്രാൎത്ഥനയുടേയും പരിത്യാഗത്തിൻേറയും ജീവിതം നയിച്ചുകൊണ്ട് സ്വയം വിശുദ്ധീകരിക്കുന്നതിനും, രണ്ടാമതായി ധ്യാനപ്രസംഗങ്ങൾ, ആദ്ധ്യാത്മിക നിയന്ത്രണം, തൂലികാ പ്രേഷിതത്വം, ഇതര ആദ്ധ്യാത്മിക മതസേവനങ്ങൾ മുതലായവ വഴി ആത്മാക്കളുടെ വിശുദ്ധീകരണാൎത്ഥം ജോലിചെയ്യുന്നതിനും ആഗ്രഹിക്കുന്ന S. S. L. C. പരീക്ഷയ്ക്കു പഠിക്കുന്നവരും, അതോ അതിൽ കൂടിയതോ ആയ പരീക്ഷകൾ പാസ്സായിട്ടുള്ളവരും, നിയോഗശുദ്ധി, ഉദാരമനസ്കത, സൽസ്വഭാവം, ത്യാഗസന്നദ്ധത, ആരോഗ്യം ഇത്യാദി ഗുണങ്ങളുള്ളവരുമായ യുവാക്കന്മാർ താഴെക്കാണുന്ന മേൽവിലാസത്തിൽ ഉടനെ സഭാപ്രവേശനത്തിനപേക്ഷിക്കുക.

viii, ix എന്നീ സ്റ്റാന്റാർഡുകളിൽ പഠിക്കുന്നവൎക്കും അപേക്ഷിക്കാവുന്നതാണ്.

Rev. Fr. Director, Carmel Mandir,
St. Teresa's Monastery,
Banerji Road, Ernakulam-1.

or

Very Rev. Fr. Provincial,
Carmel Hill Monastery,
Trivandrum-1.

Lic. No. 581 CARMEL Telephone No. 2286


# തിരുവസ്ത്രീയത്തിൻെറ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിന് വിവിധതരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസന് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസന് 94 ന. പ. ചെറിയ തട്ടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസന് 94 ന. പ. വലിയ തട്ടും നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ള ഉത്തരീയം ഡസന് 1 ക. 12 ന. പ. കറുപ്പ്, ചുവപ്പ് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണ് സാധാരണയായി ഉത്തരീയത്തിനു ഉപയോഗിച്ചിരിക്കുന്നതു്. പത്തു ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്നവർക്ക് ആകർഷണീയമായ കമ്മീഷൻ.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum-1.

മനോഹരങ്ങളായ ക്രിസ്തുമസ് കാർഡുകൾ, പടങ്ങൾ, കൊന്തകൾ, കലണ്ടറുകൾ, കാശുരുപങ്ങൾ, ലോക്കററ്സ് മുതലായ ഭക്തസാധനങ്ങൾക്കും ഇംഗ്ലീഷിലും മലയാളത്തിലുമുള്ള നല്ലനല്ല പുസ്തകങ്ങൾ (കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ)ക്കും ഞങ്ങളെ സമീപിക്കുക.

വിലവിവരപ്പട്ടിക ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കും.

കച്ചവടക്കാർക്കും മൊത്തമായി വാങ്ങുന്നവർക്കും നല്ല കമ്മീഷൻ.

**കാർമ്മൽ ബുക്ക് സ്റ്റാൾ**

തിരുവനന്തപുരം—1.

# കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശങ്ങൾ:— അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിനു മുൻകൂർ 1 രൂ. 50 ന. പ.

കത്തിടപാടുകൾക്കുള്ള മേൽവിലാസം:

വരിപ്പണം സംബന്ധിച്ച്:- മാനേജർ, "കാർമ്മൽ", സെൻ്റ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-1

ലേഖനങ്ങൾ സംബന്ധിച്ച്:— പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-1



*Imprimi potest:*
V. Rev. Fr. Thaddaeus, O. C. D.
Vice Provincial.

*Nihil obstat:*
Censors: Rev. Fr. Pius, O. C. D.
,, Rev. Fr. Vincent, O. C. D.

Edited by Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors for the Proprietors: Discalced Carmelite Fathers of the Province of Malabar.